6. Shri K. T. George
7. Shri R. Gopalakrishnan Nair
8. Shri N. Gamaliel
9. Shri K. M. Mani.
10. Shri E. John Jacob
11. Shri Joseph Chazhikatt
12. Shri T. A. Majid
13. Shri Pan lal..m P. R. Madhavan Pillai
14. Shri E. Chand asekharan Nair
15. Shri K. T. Jacob
16. Shri M. M. Thomas
17. Shri G. Gopinathan Pillai
18. Shri C. S. Neelakantan Nair

Mr. Speaker: The Report is presented.

THE KERALA GAMING AMENDMENT Bill, 1969.

Chief Minister **(Shri E. M, Sankaran Namboodiripad):** I move that the Kerala Gaming (Amendment) Bill, 1969 as reported by the Select Committee be recommitted to the Select Committee under Rule 77 (1) (b) of the Rules of Procedure and Conduct of Business in the Kerala Legislative Assembly, with powers to scrutinise the provisions of the original Act.

Mr. Speaker : We resume discussion on the motion for consideration of the Kerala Panchayati Raj Bill.

ശ്രീ. ജെ. എ. ചാക്കോ : സർ, പഞ്ചായത്തുരാജ് ബില്ലിന്റെ, ആദ്യത്തെ ബില്ലിൽ വനിതകൾക്ക് പ്രത്യേകം റപ്രസെന്റേഷൻ കൊടുത്തിരുന്നു. സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയിൽ വന്നപ്പോൾ ആ ക്ലൂപാർശ എടുത്തു കളയുകയാണ് ചെയ്തത്. ഇന്നത്തെ സാമൂഹ്യനിലയിൽ വനിതകൾക്ക് പ്രത്യേകം റപ്രസെന്റേഷൻ ആവശ്യമില്ലെന്നും ഏതു മണ്ഡലത്തിൽനിന്നും ജയിച്ചു വരുവാൻ സാധ്യതയുണ്ടെന്നും കണ്ടിട്ടാണ് സെലക്റ്റ് കമ്മിറ്റി അതു വേണ്ടെന്നു വച്ചിട്ടുള്ളത്. പക്ഷെ വനിതകൾക്ക് പ്രത്യേകമായ മണ്ഡലങ്ങൾ വേർതിരിച്ചു വയ്ക്കുന്നതു നന്നായിരിക്കുമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

അതുപോലെ തന്നെ പഞ്ചായത്തു പ്രസിഡണ്ടന്മാരും മുനിസിപ്പൽ കോർപ്പറേഷൻ മെയർമാന്മാരുമൊക്കെ ജില്ലാ കൗൺസിലിൽ പ്രതിനിധീകരിക്കണമെന്നുള്ള ഒറിജിനൽ ബില്ലിലെ തത്വം ഇപ്പോൾ വിഭാവന ചെയ്തിരിക്കുന്ന ബില്ലിൽ എടുത്തു കളഞ്ഞിരിക്കുകയാണ്. അതു വീണ്ടും കൊണ്ടുവരണമെന്നുള്ള അഭിപ്രായം എനിക്കുണ്ട്. മുനിസിപ്പാലിറ്റിയേയും ജില്ലാ കൗൺസിലിനേയും ഇപ്പോഴത്തെ ജില്ലാ കൗൺസിലിൽ നിന്നും മാറ്റി നിറുത്തണമെന്നുള്ള അഭിപ്രായത്തോടു യോജിക്കുവാൻ നിവൃത്തിയില്ല. ഈ ബിൽ കൊണ്ടു നാം ഉദ്ദേശിച്ചിരിക്കുന്നതു ജില്ലാതലത്തിൽ ഓരോ രേണ സമിതി രൂപീകരിക്കുക എന്നുള്ള നിലയിലാണ്. ഇതിന്റെ ആദ്യത്തെ പേരു പഞ്ചായത്തുരാജ് ബിൽ എന്നായിരുന്നതു 'കേരളാ ലോക്കൽ ഗവണ്മെന്റ് ആക്റ്റ്' എന്നു മാറ്റാനുള്ള പ്രധാന കാരണം അതാണ്. ഇന്നു ഗവണ്മെന്റ് മുഴുവനായിട്ടോ, അല്ലെങ്കിൽ മുക്കാലായിട്ടോ ജോലി നോക്കിക്കൊണ്ടിരുന്നതു അതിനുള്ള ചുമതലയും അധികാരവും ജില്ലാതലത്തിൽ പകർന്നു കൊടുത്തു വിപ്ലവകരമായ പരിവർത്തനം ഈ നിയമം മൂലം കൊണ്ടുവരാൻ പോകുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

അപ്പോഴും ഓരോ ജില്ലയിലും ഒന്നോ അതിലധികമോ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പ്രത്യേകമായ സ്വതന്ത്രമായ നിലപാട് സ്വീകരിക്കുന്നതു തീർച്ചയായിട്ടും ശരിയായിരിക്കുകയില്ല. ഇന്നത്തെ മുനിസിപ്പാലിറ്റിയും കോർപ്പറേഷനുമൊക്കെ ജില്ലാ കൗൺസിലുകളെ വീക്ഷിക്കുന്നതു് കുറേക്കൂടി വലിയ കോർപ്പറേഷൻ അല്ലെങ്കിൽ കുറെക്കൂടി വലിയ മുനിസിപ്പാലിറ്റി എന്നുള്ള രീതിയിലായിരിക്കും. ആ രീതിയിൽ മാത്രമേ അവക്ക് മനസ്സിൽ ചിന്തിക്കുവാൻ കഴിയുകയുള്ളു. അതുകൊണ്ടാണു് ജില്ലാ കൗൺസിലിൽ ഉൾപ്പെടുത്തുന്നതിനെ എതിർക്കുന്നതു്. ജില്ലാ കൗൺസിലുകളിലേക്ക് സംസ്ഥാന ഗവണ്മെൻറു പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള തുക അനുവദിച്ചു കൊടുക്കുകയും ജില്ലാ കൗൺസിൽ മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും അതിന്റെ വിഹിതമനുസരിച്ചുള്ള തുക അലോട്ടു ചെയ്യുകഴിഞ്ഞാൽ മുനിസിപ്പാലിറ്റികളും കോർപ്പറേഷനും മയപ്പെടുന്ന രീതിയിലുള്ള എന്തെങ്കിലും തകരാർ ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇന്നു മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും എന്തെല്ലാം ആനുകൂല്യം ഗവണ്മെൻറിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്നുണ്ടോ ആ ആനുകൂല്യങ്ങളും ഓരോ ജില്ലാ കൗൺസിലിൽ നിന്നും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കൊടുത്തിരുന്നാൽ തീർച്ചയായിട്ടും അവക്ക് മയപ്പെടേണ്ട കാര്യമില്ല. ജില്ലാ ഒട്ടാകെയുള്ള ഭരണസമിതി എന്നുള്ള നിലയിൽ ജില്ലാ കൗൺസിലുകളെ വീക്ഷിക്കേണ്ടതു് ആവശ്യമാണു്. ജില്ലാ കൗൺസിൽ മുനിസിപ്പാലിറ്റിയെക്കാളും അൽപ്പംകൂടി അധികാരമുള്ള എന്തോ കൗൺസിലാണു്, അല്ലെങ്കിൽ കോർപ്പറേഷനെക്കാളും അൽപ്പം കൂടി അധികാരമുള്ള ഒരു സമിതിയാണു് എന്നുള്ള ചിന്താഗതിക്കു് ഇടനൽകാതെ മുനിസിപ്പാലിറ്റിയേയും കോർപ്പറേഷനേയും യോജിപ്പിച്ചുകൊണ്ടുള്ളതായിരിക്കണം ഈ ആക്ടു് എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. ഈ ബില്ലിന്റെ സ്കോപ്പു് എന്തെന്നു അവഗാഢമായി പഠിക്കുകയും അതിനെസംബന്ധിച്ചു വിലയിരുത്തുകയും ചെയ്തശേഷം മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഇന്നു എടുത്തിരിക്കുന്ന നിലപാടു മാറ്റുകയും ലോക്കൽ ഗവണ്മെൻറു് ആക്ടിൽ ഉൾപ്പെടുന്നതിനു് അവർ സ്വമേധയാ മുമ്പോട്ടു വരുകയും ചെയ്യണമെന്നു അഭ്യർത്ഥിക്കുകയാണു്. ഇന്നു മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഈ ബിൽ എതിർക്കുവാനുള്ള ഒരു കാരണം ഈ ബില്ലിനു് പേർ കൊടുത്തിരുന്നതു് കേരളാ പഞ്ചായത്തിരാജ് ബിൽ എന്നായിരുന്നു, അപ്പോൾ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും താഴെയുള്ള ഘടകമായ പഞ്ചായത്തുകളെ താഴത്തെ ലവലിൽ നിന്നും ഉയർത്തുന്നതിനും, അതുവച്ചുകൊണ്ടുള്ള സേവനംമാത്രം നടത്തുന്നതിനും അങ്ങനെ അവരുടെ നില ഉയർത്തുന്നതിനുമായിട്ടുള്ള പരിപാടിയായിരിക്കും എന്ന ചിന്താഗതി വന്നിട്ടുള്ളതുകൊണ്ടാണു്. അതുപോലെയുള്ള പ്രവർത്തനം മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ള നടപടികളാണു് ഈ ബില്ലിൽ വിഭാവനം ചെയ്തിരിക്കുന്നതെന്നുള്ള അടിസ്ഥാനത്തിലാണു് എതിർപ്പു പ്രകടിപ്പിച്ചിട്ടുള്ളതു്. ഇന്നു ആ ബില്ലിന്റെ പേരുമാറി, അതിന്റെ അലകുംപിടിയും മാറി. കേരളാ ലോക്കൽ ഗവണ്മെൻറു് ആക്ടു് എന്നുള്ളതായിരിക്കും ഈ നിയമത്തിന്റെ പേരെന്നും അതിന്റെ ഘടകങ്ങളും ജില്ലാ കൗൺസിൽ ആയിരിക്കണമെന്നും സെലക്ടു് കമ്മിറ്റി റിപ്പോർട്ട ചെയ്തിട്ടുണ്ടു്. ശ്രീ. ദേസ്സിക്കുട്ടി പൂണ്ടിക്കാണിച്ചതുപോലെയുള്ള ആരോപണങ്ങളും ഞാൻ പറയുന്നില്ല. ഈ പേർ ബ്രിട്ടീഷു് കൗണ്ടി കൗൺസിലിന്റെ അനുകരണമാണെന്നുപറഞ്ഞാൽ അതു് എത്രമാത്രം അനുചിതമാണെന്നുള്ളതു അവഗാഢമായി പഠിച്ചുവെന്നു ഞാൻ അവകാശപ്പെടുന്നില്ല. പക്ഷേ അത്തരം പ്രവർത്തനങ്ങളുടെ ഒരു ഏകദേശ രൂപമെങ്കിലും ഈ ജില്ലാ കൗൺസിലിന്റെ രൂപീകരണം കൊണ്ടു ഉണ്ടാക്കണമെന്നു് സെലക്ടു് കമ്മിറ്റി ആഗ്രഹിക്കുന്നുണ്ടു്. ഞാൻ പറഞ്ഞുവരുന്നതു് പഞ്ചായത്തിരാജ് ബിൽ എന്ന അടിസ്ഥാനത്തിലാണു് കോർപ്പറേഷനും മുനി

LIBRARY ARCHIVES Kerala Legislative Assembly

സിപ്പാലിറ്റികളും എതിർപ്പു പ്രകടിപ്പിക്കുന്നതെങ്കിൽ ഇന്നു അതല്ല ഇവിടെ വിഭാവനം ചെയ്തിരിക്കുന്നതെന്നും അതിന്റെ കെട്ടുംമട്ടും മാറിയിട്ടുണ്ടെന്നും ഓരോ ജില്ലയും പരിപൂർണ്ണ ലോക്കൽ ഗവണ്മെന്റു് ആയിട്ടുണ്ടെന്നും ഉള്ളതു പരിഗണിച്ചു മുനിസിപ്പാലിറ്റികളും കോർപ്പറേഷനും സ്വഭാവികമായും ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടേ മതിയാകൂവെന്നുള്ള കാര്യം സാമാജികന്മാർ അവശ്യമായി ചിന്തിക്കേണ്ടതാണു്. ഇതിനെതിരായിട്ടു പറയുന്ന ഒരു കാരണം ഇന്നു മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഉള്ള ആനുകൂല്യങ്ങൾ ഈ പുതിയ നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തിയാൽ അവ നഷ്ടമാകും എന്നുള്ളതാണു്. ഞാൻ പറയുന്നതു ജില്ലാ കൗൺസിലിന്റെ വളർമാനമാഗ്രഹത്തിന്റെ ഒരു മാർഗ്ഗം, സംസ്ഥാന ഗവണ്മെന്റു് കൊടുക്കുന്ന വിഹിതമാണു്; അങ്ങനെയുള്ള വിഹിതത്തിൽ നിന്നും കോർപ്പറേഷനു മുനിസിപ്പാലിറ്റികൾക്കും അവക്കു പ്രൊപ്പോർഷണേറ്റായിട്ടുള്ള വീതം കൊടുക്കുന്നതിനുള്ള ഒരു വകുപ്പും ഈ ബില്ലിൽ ഉണ്ടായിരിക്കണമെന്നുള്ളതാണു്. അതുൾപ്പെടുത്തിയാൽ ഈ പറയുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ കഴിയും. ഈ ബില്ലിൽ വിഭാവനംചെയ്തിരിക്കുന്ന തരത്തിൽ മാറ്റങ്ങൾ വരുത്തുവാൻ മുനിസിപ്പാലിറ്റീസ് ആക്റ്റിലും വേണ്ട ഭേദഗതികളും വരുത്തേണ്ടിവരും; കാർപ്പറേഷൻ ആക്റ്റിലും വേണ്ട ഭേദഗതികളും വരുത്തേണ്ടിവരും. ഇതിനോടു് അനുബന്ധമായി പല ആക്റ്റുകളിലും ഭേദഗതി വരുത്തേണ്ടിവരും. എങ്കിൽമാത്രമേ ഈ ബിൽ പ്രകാരമുള്ള നല്ല പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുവാൻ കഴിയുകയുള്ളൂ. മുനിസിപ്പാലിറ്റീസ് ആക്റ്റും കാർപ്പറേഷൻ ആക്റ്റും അവഗാഢമായി പഠിച്ചു ആവശ്യമായ ഭേദഗതികളും ഈ ബില്ലിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല എന്ന ഒരു പ്രതീതി ഉണ്ടായിട്ടുണ്ടു്. ആ പ്രതീതി മാറ്റിക്കൊണ്ടു മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഇതിൽ ഉൾപ്പെട്ടു. അവയെല്ലാം ലോക്കൽ ഗവണ്മെന്റിൽ ഉൾപ്പെട്ടുവെന്നുള്ള നിലയിൽ നിയമനിർമ്മാണം ഉണ്ടാക്കുകയാണെങ്കിൽ തീർച്ചയായിട്ടും അധികാരവികേന്ദ്രീകരണം അതിന്റെ ശരിയായ രൂപത്തിൽ ഉണ്ടാകുന്നതാണു്. മറ്റൊന്നു് അങ്ങനെയുള്ള മുനിസിപ്പാലിറ്റികളും കോർപ്പറേഷനും ഉൾപ്പെടുത്തിക്കൊണ്ടുള്ള നിയമനിർമ്മാണം ഉണ്ടാക്കുമ്പോൾ മുനിസിപ്പൽ ചെയർമാന്മാരുടേയും കോർപ്പറേഷൻ മേയർമാരുടേയും കൗൺസ്സിറ്റുവൻസിയുണ്ടാക്കിയിട്ടു അതിന്റെ പ്രതിനിധ്യം ജില്ലാ കൗൺസിൽ ഉൾപ്പെടുത്തുന്നതു പ്രയോജനകരമായിരിക്കും. അതു ഒറിജിനൽ ബില്ലിൽ വിഭാവനം ചെയ്തിരുന്നു. അതുപോലെതന്നെ പഞ്ചായത്തു പ്രസിഡണ്ടിന്റേയും മെമ്പർമാരുടേയും കൗൺസ്സിറ്റുവൻസിയുണ്ടാക്കി അവക്കുള്ള റപ്രസന്റേഷൻകൂടി ജില്ലാ കൗൺസിലിനു കൊടുക്കുന്നതു പ്രയോജനകരമായിരിക്കും. അവരുടെ അഭിപ്രായംകൂടി കേൾക്കുന്നതു എപ്പോഴും നന്നായിരിക്കും.

ഈ ബിൽ ശരിയായ രൂപത്തിൽ നടപ്പിൽ വരികയാണെങ്കിൽ പല മന്ത്രിമാരുടേയും തസ്തിക ഇല്ലാതെ പോകുമെന്നും പല മന്ത്രിമാരേയും കാവു ചെയ്യേണ്ടിവരുമെന്നുമുള്ള അഭിപ്രായം ശ്രീ. രാഘവൻനായർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. റവന്യൂ മന്ത്രിയുടെ റവന്യൂ വകുപ്പും ജില്ലാ കൗൺസിലിനു വിട്ടുകൊടുക്കുകയാണെങ്കിൽ റവന്യൂ മന്ത്രിയുടെ ആവശ്യം ഉണ്ടാകുകയില്ല എന്നാണെന്നു പറയുകയുണ്ടായി. ഒരു പരിധിവരെ അതെല്ലാം ശരിയാണു്, ഈ ബിൽ വ്യാപകമായ രീതിയിൽ നമ്മുടെ സംസ്ഥാനത്തു നടപ്പിലാക്കുകയാണെങ്കിൽ ഇന്നത്തെ സമ്പ്രദായം അനുസരിച്ചുള്ള പതിനൊന്നോ പന്ത്രണ്ടോ മന്ത്രിമാർക്കുപകരം മൂന്നോ നാലോ മന്ത്രിമാർ ധാരാളം മതിയാകുമെന്നുള്ള കാര്യം വിസ്മരിക്കുവാൻ കഴിയുകയില്ല. ധാരാളം മന്ത്രിമാർ ഉണ്ടായിരിക്കുകയും അവർ എക്കാലവും അധികാരത്തിൽ തുടരുകയും ചെയ്യുമെന്നുള്ളതാണു് ബഹുമാനപ്പെട്ട രാഘവൻനായരുടേയും അദ്ദേഹത്തിന്റെ പാർട്ടിയുടേയും അഭിപ്രായമെങ്കിൽ അതിനുള്ളതല്ല തീർച്ചയായിട്ടും ഈ ബിൽ.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയല്ലെന്നു ഞാൻ കരുതുന്നു. എന്നിരുന്നാലും ഈ ബിൽ ഇതുവരെയും ഇഴഞ്ഞിഴഞ്ഞുനീങ്ങിയ കാലഘട്ടം നോക്കുമ്പോൾ എവിടെയോ എന്തോ ചീഞ്ഞുനാറുന്നുണ്ട്, വളരെ എതിർപ്പുണ്ടെന്നുള്ള സംശയം എനിക്കു തോന്നിപ്പോകുകയാണ്. സർ, ഇന്നു നമ്മുടെ രാജ്യത്തു മന്ത്രിമാരുടെ പദവിയിലുള്ളവർ കുറഞ്ഞാലും അധികാരത്തിൽ വളരെയധികം വികേന്ദ്രീകരണമുണ്ടാകും. മന്ത്രിമാരിൽ പലരേയും കുറവു ചെയ്യേണ്ടിവരും. തസ്തികകളും പലതും കുറവു ചെയ്യേണ്ടിവരും.

വളരെയധികം സാമ്പത്തിക കഴിവൊന്നുമില്ലാത്ത നമ്മുടെ സംസ്ഥാനത്തിൽ ആവശ്യത്തിലധികം മന്ത്രിമാരെ പോറ്റേണ്ട ആവശ്യവുമില്ല. അധികാര വികേന്ദ്രീകരണം വേണമെന്നു പറയുമ്പോൾ മന്ത്രിമാരുടെ തസ്തിക കുറഞ്ഞുപോയി അവരുടെ അധികാരം കുറഞ്ഞുപോയി മന്ത്രിമാരുടെ പല വകുപ്പുകളും ഇല്ലാതെ പോയി എന്നൊക്കെ പറയുന്നതു ഖേദകരമാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

മറ്റൊരു കാര്യം ബഹു. ശ്രീ. രാഘവൻനായർ ചൂണ്ടിക്കാണിച്ചതു ഈ ആക്ട് നടപ്പിലായാൽ വളരെയധികം ചെലവുണ്ടാകുമെന്നുള്ളതാണ്. അതുകൊണ്ടു വിശദമായി ചെയ്തിട്ടുള്ളതു ജില്ലാ കൗൺസിലുകൾ നടപ്പിലായി കഴിഞ്ഞാൽ അതിനു ബന്ധപ്പെട്ടുള്ള ഡിസ്ട്രിക്റ്റ് സർവ്വീസ് ഉണ്ടാക്കേണ്ടിവരും. അപ്പോഴും നമ്മുടെ സംസ്ഥാന സർവ്വീസ് നിലനിൽക്കുകയും ചെയ്യും. അങ്ങനെയാണ് അധികച്ചെലവുണ്ടാകുന്നതു്. എന്തിനുവേണ്ടിയാണ് ഈ ഉദ്യോഗസ്ഥന്മാർ? പഴയ ബ്രിട്ടീഷ് ബ്യൂറോക്രസിയുടെ സന്തതികളായ ഉദ്യോഗസ്ഥന്മാർ അവരുടെ പട്ടിക്കൂട്ടിൽ നിറുത്തിയിട്ട ആവശ്യമുണ്ടോ? അവരെയൊക്കെ ഈ രാജ്യത്തെ ജില്ലാ കൗൺസിലിലെ ഉദ്യോഗസ്ഥന്മാരായി മാറുന്നതിനു കഴിയണം. അങ്ങനെ അവരിലേക്ക് അധികാരം പകർന്നുകൊടുത്തുകൊണ്ടു ജില്ലാതലത്തിൽ അവർക്കു സേവന സൗകര്യം കൊടുത്താൽ അതുമാത്രമുള്ള അധികച്ചെലവുണ്ടാകുകയില്ല. അല്പം അധികച്ചെലവുണ്ടായാൽപോലും ജനങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾ എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നതിനും എളുപ്പത്തിൽ പരിഹാരം കണ്ടുപിടിക്കുന്നതിനും കഴിയുമെന്നുള്ളതുകൊണ്ടു അതു സാധൂകരിക്കുവാൻ കഴിയും. അതുകൊണ്ടു അധികച്ചെലവിന്റെ പേരിൽ അല്ലെങ്കിൽ അധികച്ചെലവുണ്ടാകും എന്നുള്ള നിഗമനത്തിന്റെപേരിൽ ബില്ലിനെ ഭരണകക്ഷി അംഗങ്ങൾ എതിർക്കുന്നതിൽ ഖേദമുണ്ട്. ഇങ്ങനെയൊരുബിൽ അധികാര വികേന്ദ്രീകരണത്തിന്റെ പേരിൽ കൊണ്ടുവരുമ്പോൾ അതിനെ ഭരണകക്ഷി അംഗങ്ങൾ എതിർക്കുന്നതു സംശയദൃഷ്ടിയോടുകൂടി മാത്രമേ വീക്ഷിക്കുവാൻ കഴിയുകയുള്ളൂ. ഭരണകക്ഷിയിലെ ഒരു ഘടകകക്ഷിക്ക് ഈ ബിൽ നടപ്പാക്കുന്നതിനു അല്പം ബുദ്ധിമുട്ടും പ്രയാസവും ഉണ്ടാകുന്നുണ്ടോ എന്നുള്ള സംശയം എനിക്കു തോന്നാൻ ഇടയായിട്ടുണ്ടെന്നുള്ള കാര്യം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

[Shri. P. Govinda Pillai in the Chair]

സർ, ഉദ്യോഗസ്ഥന്മാരെ ജില്ലാ തലങ്ങളിലേക്ക് പറഞ്ഞയച്ചാൽ അവർ പോകുമോയെന്നുള്ള സംശയം ഒരു ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിക്കുകയുണ്ടായി. ഇന്നു നിലവിലുള്ള പഞ്ചായത്തു ഡയറക്ടറുടെ ഭരണത്തെ സംബന്ധിച്ചു വളരെയധികം ആക്ഷേപകരമായ പ്രസ്താവനകൾ പഞ്ചായത്തു പ്രസിഡണ്ടന്മാരിൽനിന്നും, പഞ്ചായത്തുമായി ബന്ധപ്പെട്ടവരിൽനിന്നും കേൾക്കുന്നുണ്ട്. അധികാര പ്രഭുത്വത്തിന്റെയും, ബ്യൂറോക്രസിയുടെയും സന്തതികളായ ഉദ്യോഗസ്ഥന്മാർ പഞ്ചായത്തുകളുടെ മേലധികാരികളായി വന്നാൽ പഞ്ചായത്തുകളുടെ മാത്രമല്ല ഒരു വികാസത്തിന്റെയും ഭരണം നന്നാകുകയില്ല. ഇന്നത്തെ പഞ്ചായത്തു് ഡയറക്ടറെപ്പറ്റി പറയുന്ന ആരോപണങ്ങൾ കേട്ടാൽ ലജ്ജിച്ചുപോകും. ജനങ്ങളിലേക്കു് ഭോഗികമായി

LIBRARY ARCHIVES Kerala Legislative Assembly

അധികാരവികേന്ദ്രീകരണം നടത്തുന്ന പഞ്ചായത്തുകളിൽ ഇന്നു് മാനുഷികപരമായതോ, നീതിയുക്തമായതോ ആയ ഭരണം നടത്താതെ സ്വന്തം കുത്തകാവകാശമെന്നുള്ള നിലയിലാണു് ഇന്നത്തെ പഞ്ചായത്തു് ഡയറക്ടർ ഭരണം നടത്തുന്നതു്. അങ്ങനെ ഭരണം നടത്തുന്ന ഉദ്യോഗസ്ഥന്മാക്കു് താഴോട്ടുപോകുന്നതിനു് പ്രയാസം കാണും. ഇത്തരത്തിലുള്ള ഉദ്യോഗസ്ഥന്മാരെ ചെവിക്കു് പിടിച്ചിറക്കാനും, അന്ധ സരിപ്പിക്കാനും, കഴിവുള്ള ഒരു നിയമമാണു് ഇതു്. അതുകൊണ്ടു് ഈ നിയമം പാസ്സാക്കുന്നതിൽ മേല്പറഞ്ഞ രീതിയിലുള്ള ഉദ്യോഗസ്ഥന്മാക്കു് അല്പം പ്രയാസമുണ്ടാകും.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ഇപ്പോഴത്തെ പഞ്ചായത്തു ഡയറക്ടർ എന്തു ചെയ്യുവന്നാണു് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് ?

ശ്രീ. ജെ. എ. ചാക്കോ: അദ്ദേഹത്തെപ്പറ്റി വളരെയധികം ഉദാഹരണങ്ങൾ പറയുവാനുണ്ടു്. ശ്രീ. കുഞ്ഞുകൃഷ്ണപിള്ളയ്ക്കും അതെല്ലാം അറിയാവുന്നതാണു്. എന്നിട്ടും അദ്ദേഹം എന്നെക്കൊണ്ടു അതെല്ലാം എടുത്തു പറയിപ്പിക്കുന്നതിനുവേണ്ടി മാത്രമാണു് ചോദ്യം ചോദിച്ചതു്. ഞാൻ ഇപ്പോൾ അതിനെപ്പറ്റി ഒന്നുംതന്നെ പറയണമെന്നു് വിചാരിക്കുന്നില്ല. കാരണം, എന്തിനാണു് ഞാൻ അതെല്ലാം പറയുന്നതു് ? ഞാൻ അതെല്ലാം ഇപ്പോൾ പറയാൻ തുടങ്ങിയാൽ എന്റെ പ്രസംഗം ഈ ബില്ലിന്റെ സ്കോപ്പിൽ നിന്നും മാറിപ്പോയിയെന്നു വരും.

ഞാൻ പറഞ്ഞുകൊണ്ടുവന്നതു് ജില്ലാതലങ്ങളിലേയ്ക്കു് പ്രവർത്തനം നടത്തുന്നതിനുവേണ്ടി ഉദ്യോഗസ്ഥന്മാരെ പറഞ്ഞയയ്ക്കുമ്പോൾ അവക്കു് പ്രയാസമുണ്ടാകുമെന്നുള്ളതിനെപ്പറ്റിയാണു്. സൗകര്യമായി രാവിലെവന്നു് യാതൊരു ബുദ്ധിമുട്ടുമില്ലാതെ സുഖമായി സെക്രട്ടറിയേറ്റിൽ ഇരുന്നു് ജോലി ചെയ്തിട്ടു് വൈകുന്നേരം മടങ്ങിപ്പോകുന്ന ഉദ്യോഗസ്ഥന്മാക്കു് ജില്ലാതലങ്ങളിൽ പോയി ജോലിചെയ്യണമെന്നു് പറയുമ്പോൾ സ്വാഭാവികമായി മനഃപ്രയാസവും എതിർപ്പും ഉണ്ടാകുമെന്നുള്ളതു് വാസ്തവമാണു്. അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ ജനങ്ങളിലേക്കു് അധികാരം പകർന്നുകൊടുക്കുന്ന ഈ ബിൽ പ്രകാരം ഗ്രാമതലങ്ങളിൽപോയി പ്രവർത്തിക്കണമെന്നു് വരുമ്പോൾ മന്ത്രിമാരേയും, എം. എൽ. എ. മാരേയും സ്വാധീനിച്ചെന്നും വരും. പക്ഷെ അതൊന്നും അധികകാലം നീണ്ടുനിൽക്കുകയില്ലെന്നുമാത്രമാണു് എനിക്കു് ഈ അവസരത്തിൽ പറയുവാനുള്ളതു്. ഇന്നല്ലെങ്കിൽ നാളെയെങ്കിലും അവക്കു് ജില്ലാതലങ്ങളിൽ പോയി പ്രവർത്തിച്ചേ മതിയാകൂ. നമ്മുടെ സംസ്ഥാന ലവലിൽ കുന്നുകൂടി ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരെ ഗ്രാമതലങ്ങളിലേക്കു് പറഞ്ഞയച്ചു പ്രവർത്തനം നടത്തുകയാണെങ്കിൽ വലിയ അധികച്ചെലവുണ്ടാകുകയില്ല. ഒരു പക്ഷെ ഇപ്പോഴുള്ളതിൽനിന്നും അല്പംകൂടി ചെലവു കൂടിയെന്നും വരും. അതുമല്ല കൂടി ചെലവു ചെയ്താലും ജനങ്ങൾക്കു് പ്രയോജനപ്രദമായ രീതിയിൽ ജനങ്ങൾ ആശിക്കുന്ന രീതിയിൽ കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കും. സർ, ഇന്നു് നമ്മുടെ സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്കു് അനുഭവപ്പെടുന്ന ഉദ്യോഗസ്ഥമേധാവിത്വത്തിനു്, ഉദ്യോഗസ്ഥന്മാരുടെ കുത്തകയായ പ്രവർത്തനത്തിനു് ഒരു അന്തിമമായ മാറ്റം വരുത്തുന്നതിനു് തീർച്ചയായും ഈ ബില്ലിന്റെ പ്രവർത്തനംകൊണ്ടു സാധിക്കുമെന്നു് ഞാൻ പൂർണ്ണമായും വിശ്വസിക്കുകയാണു്. അതാണു് ഈ ബില്ലുകൊണ്ടുണ്ടാകുന്ന മഹത്തായമായ നേട്ടം. നമ്മുടെ സംസ്ഥാനത്തു് ഒരു പ്രത്യേകതരം പൗരന്മാർ വളർന്നുവരികയാണു്. വൻകിട ഉദ്യോഗസ്ഥന്മാരുടെ അല്ലെങ്കിൽ ഐ. എ. എസ്സു്. ഉദ്യോഗസ്ഥന്മാരുടെ ഒരു പ്രത്യേക സമൂഹം പൗരന്മാർ നമ്മുടെ രാജ്യത്തു് വളർന്നുവരുന്നതിനു് അനുവദിക്കാൻ പാടില്ല. അവർ ഈ രാജ്യത്തെ ജനങ്ങളായി വളരെയധികം അകന്നുകഴിയുകയാണു്, അവർ ജനങ്ങളുമായി ഇഴകിച്ചേരാൻ ആഗ്രഹിക്കുന്നില്ല. ജനങ്ങളുടെ ബുദ്ധിമുട്ടു് എന്താണെന്നു് മനസിലാക്കാൻ അവർ തയ്യാറാകുന്നില്ല. ഈ രാജ്യത്തെ സാധാരണ ജനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ട് എന്താണെന്ന് ഉദ്യോഗസ്ഥന്മാക്കുകൂടി മനസിലാക്കാൻ സാധിച്ചെങ്കിൽ മാത്രമേ ഈ രാജ്യത്തിന് നല്ല ഒരു ഭാവി ഉണ്ടാകുകയുള്ളൂ. അത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ടാകണമെങ്കിൽ, ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങൾക്കും, ചിന്താഗതിക്കും, സ്ഥാനങ്ങൾക്കും മാറ്റം ഉണ്ടാകണം. അവർ ജനങ്ങളുടെ കൈകളിലേക്ക് വന്നുചേരുകയും, അവർ ജനങ്ങളുടെ ദാസന്മാരാണെന്നും, ജനങ്ങളെ കൊട്ടിഘോഷിക്കുന്ന നികുതിക്കൊണ്ടാണ് അവർ ശമ്പളം പറ്റുന്നതെന്നുമുള്ള സത്യം അവർ മനസിലാക്കിയാൽ മാത്രമേ ഈ രാജ്യം നന്നാകുകയുള്ളൂ. ഈ രാജ്യത്തെ ഭരണസമ്പ്രദായത്തേയും, ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനത്തേയും വികേന്ദ്രീകരിക്കുന്നതിനുള്ള ഒരു ഉപാധിയെന്നുള്ള നിലയിൽ ഈ ബിൽ പാസ്സാക്കേണ്ടതു് വളരെ ആവശ്യമാണ്.

ശ്രീ. എം. രാമണ്ണി: ബഹുമാനപ്പെട്ട മെമ്പർ വളരെ ശക്തിയായി പറയുന്ന ഉദ്യോഗസ്ഥന്മാരുടെ ദുഷ്പ്രഭുത്വം അവസാനിപ്പിക്കണമെന്ന്. തിരഞ്ഞെടുക്കപ്പെട്ടവർ ഈ സ്ഥാനങ്ങളിൽ വന്നാലും ഇവിടെയെല്ലാം ദുഷ്പ്രഭുത്വം ഉണ്ടാകുകയില്ലേ?

ശ്രീ. ജെ. ഏ ചാക്കോ: ഇന്ന് നമ്മുടെ സംസ്ഥാനത്തു് തെരഞ്ഞെടുക്കപ്പെട്ടവരുടെ ദുഷ്പ്രഭുത്വം അനുഭവപ്പെടുന്നുവെന്ന് എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. രാമണ്ണി പരോക്ഷമായിട്ടെങ്കിലും സമ്മതിക്കുന്നുണ്ടോ? അങ്ങനെയാണെങ്കിൽ അതു് ഈ രാജ്യത്തെ ജനത സഹിച്ചേ ഒക്കൂ. തിരഞ്ഞെടുത്തു വരുന്നവർക്ക് ഭരിക്കുന്നതിനുള്ള കാലാവധി അഞ്ചുകൊല്ലം ഉണ്ടെങ്കിൽ, ആ അഞ്ചുകൊല്ലവും അവരുടെ ദുഷ്പ്രഭുത്വം ജനങ്ങൾ സഹിച്ചേ മതിയാകൂ. അതു് ഇന്ന് ഈ രാജ്യത്തെ ജനങ്ങൾ സഹിച്ചുകൊണ്ടിരിക്കുകയാണ്. ചിലപ്പോൾ അതു് നാളെയും സഹിക്കേണ്ടിവരും. ജനാധിപത്യത്തിൽ കഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണ് അതു്. പക്ഷെ ഉദ്യോഗസ്ഥന്മാരുടെ കൊള്ളരുതായ്മയും അഴിമതിയും ജനങ്ങൾ സഹിച്ചുകൊള്ളണമെന്നില്ല. ഉദ്യോഗസ്ഥന്മാരെ ചൊൽപ്പടിക്കു് നിറുത്താനുള്ള അധികാരം ജനങ്ങൾക്കുണ്ട്. അക്കാര്യം ഉദ്യോഗസ്ഥന്മാർ ഇന്ന് അംഗീകരിക്കുന്നില്ലെങ്കിലും നാളെ അവരെക്കൊണ്ടു് അംഗീകരിപ്പിക്കുവാൻ പ്രാപ്തിയുള്ള ഒരു ബില്ലാണ് ഇതു്. ഈ ബില്ലിലെ ചില ചില്ലറ കാര്യങ്ങളെ സംബന്ധിച്ചു് ചില ബഹുമാനപ്പെട്ട മെമ്പറന്മാർ എതിർപ്പു പ്രകടിപ്പിക്കുകയുണ്ടായി. മെമ്പറന്മാർ സത്യപ്രതിജ്ഞ ചെയ്യുന്നതിനെപ്പറ്റി ഇതിൽ പറഞ്ഞിരിക്കുന്നതിനോടു് ചിലർ എതിർപ്പു പ്രകടിപ്പിക്കുകയുണ്ടായി. സത്യപ്രതിജ്ഞ ചെയ്യുകയെന്നുള്ള ചടങ്ങു് ഒരു തുണിന്റെ മുമ്പിലായാലും പുറകിലായാലും തരക്കേടില്ല. ഉദ്യോഗസ്ഥന്മാരുടേയോ, ജഡ്ജിമാരുടേയോ മുമ്പിലായിരുന്നാലും തടക്കേടില്ല. ആരുടെ മുമ്പിൽവച്ചു് സത്യപ്രതിജ്ഞ ചെയ്താലും തരക്കേടില്ല. ഇതെല്ലാം നിസാരമായ എതിർപ്പുകളാണ്. ഇത്തരം ബാലിശമായ കാര്യങ്ങളെപ്പറ്റി ഇപ്പോൾ പറയേണ്ട ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. അതെല്ലാംതന്നെ ക്ലാസ് ബൈ ക്ലാസായിട്ടുള്ള ഡിസ്ക്ലഷൻ വരുമ്പോൾ അമെൻഡുമെന്റ് കൊണ്ടുവന്നു് മാറ്റാവുന്നതാണ്.

അടുത്തതായി എനിക്കു് പറയുവാനുള്ളതു് ജില്ലാ കൗൺസിലിനു് സംസ്ഥാന ഗവണ്മെന്റിൽനിന്നും ന്യായമായ വിഹിതം അലോട്ടുചെയ്യണമെന്നുള്ളതിനെ സംബന്ധിച്ചാണ്. ജില്ലാ കൗൺസിലുകൾ അല്പസ്വല്പം ടാക്സ് ഈടാക്കുന്നതിലും എനിക്കു് വിരോധമില്ല. ജില്ലാ കൗൺസിലുകൾ ജനങ്ങളുടെ മേൽ അല്പസ്വല്പം ടാക്സ് ചുമത്തുന്നതിൽ വലിയ അപാകതയൊന്നുമില്ല. ഒരു പക്ഷെ ഗവണ്മെന്റു കൊടുക്കുന്ന വിഹിതംകൊണ്ടു് പ്രവർത്തനം നടത്താൻ കഴിഞ്ഞില്ലെങ്കിൽ, ജില്ലാ കൗൺസിലുകളുടെ ആവശ്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനു് കുറച്ചു ടാക്സ് പിരിക്കാവുന്നതാണ്. പഞ്ചായത്തുകൾ ഇപ്പോൾതന്നെ ചെറിയ ടാക്സുകൾ ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്നുണ്ട്. ജില്ലാ കൗൺസിലുകൾക്കു് കിട്ടുന്ന തുകകൊണ്ടുവേണം പഞ്ചായത്തുകളുടെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും, എല്ലാ പഞ്ചായത്തുകളെയും ഏകീകൃതമായ നിലയിൽ ഉയർത്തിക്കൊണ്ടുവരുന്നതിനും ചെലവാക്കേണ്ടതു്. നമ്മുടെ സംസ്ഥാനത്തുള്ള പല പഞ്ചായത്തുകളും വളരെ താഴ്ന്ന വരുമാനമുള്ള പഞ്ചാ

LIBRARY ARCHIVES Kerala Legislative Assembly

യത്തുകളാണ്. അങ്ങനെയുള്ള പഞ്ചായത്തുകളുടെ വരുമാനംകൊണ്ട് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുത്തുകഴിഞ്ഞാൽ ആ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്കും തുക ചെലവാക്കാൻ സാധിക്കാതെ വരും. എന്നാൽ അതേസമയം മുനിസിപ്പാലിറ്റികളുടെ അടുത്തുവരുന്നതും, അടുത്തകാലത്ത് മുനിസിപ്പലിറ്റികളായി മാറാൻ സാദ്ധ്യതകളുള്ളതുമായ പഞ്ചായത്തുകളുണ്ട്. ഇപ്പോഴുള്ള വ്യത്യസ്തങ്ങളായ ഈ സ്ഥിതിവിശേഷങ്ങൾക്ക് ഒരു പരിഹാരം കാണേണ്ടതുണ്ട്. പഞ്ചായത്തുകളുടെ ഏകീകൃതമായ വളർച്ചയും, പഞ്ചായത്തുകളിൽ വസിക്കുന്ന ഗ്രാമവാസികളുടെ വളർച്ചയും, വികസനത്തിനും ജില്ലാ കൗൺസിലുകൾക്ക് പ്രത്യേകമായി വിഹിതം അലോട്ടു ചെയ്യുന്നതിനുള്ള ഏർപ്പാടും ഈ ബില്ലിനകത്തില്ല. അതുകൂടി വ്യവസ്ഥ ചെയ്യുന്നതു് നന്നായിരിക്കുമെന്നാണ് എനിക്ക് പറയുവാനുള്ളതു്. മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. സംസ്ഥാനഗവണ്മെന്റിന്റെ കീഴിൽ എല്ലാ ജില്ലകളുടെയും ആ ജില്ലകളെയെല്ലാംതന്നെ സ്വയംഭരണസ്ഥാപനങ്ങളാക്കുവാനായി മാറ്റുന്നതിനുള്ള ഒരു നിയമനിർമ്മാണമായി ഇതിനെ കൊണ്ടുവരണമെന്നാണ് എനിക്ക് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുവാനുള്ളതു്.

അധികാരവികേന്ദ്രീകരണം ജില്ലാതലങ്ങളിലേയ്ക്കുകൂടി പകർന്നുകൊടുക്കണം എന്നു ബില്ലുണ്ട്. പഞ്ചായത്തുകളിൽ വില്ലേജാഫീസുകളും പഞ്ചായത്താഫീസുകളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ പഞ്ചായത്തുകളിലും ഏകീകൃതമായ പ്രവർത്തനം ഉണ്ടാകണമെന്നില്ലെങ്കിൽ പിന്നെയും ഭരണപ്രതിസന്ധികൾ അധികമാകും. ഇന്നു പഞ്ചായത്തുകളിലെ ജനങ്ങൾക്കു മറ്റു അധികാരികളിൽനിന്നും അനുഭവിക്കുന്ന കഷ്ടപ്പാടുകളും ദുരിതങ്ങളും ഈ ബിൽ വടപ്പിൽ വന്നാലും, അവസാനിക്കുകയില്ലെന്നു ചില സ്നേഹിതന്മാർ പ്രഖ്യാപിക്കുകയുണ്ടായി. റവന്യൂവകുപ്പു് ജില്ലാകൗൺസിലിന്റെ അധികാരപരിധിയിൽപ്പെടുന്ന സബ്ജക്ടായി മാറ്റുകയാണെങ്കിൽ ആ റവന്യൂവിന്റെ കീഴ്ഘടകങ്ങളായ വില്ലേജുകളെയും പഞ്ചായത്തുകളെയും കൂട്ടി പ്രവർത്തിപ്പിക്കുന്നതിനും ജില്ലാ കൗൺസിലുകൾക്കു കഴിയുന്നതാണ്. അഡ്മിനിസ്ട്രേഷൻ, ലാൻഡ് റവന്യൂ മുതലായവ ജില്ലാ കൗൺസിലിന്റെ ലിസ്റ്റിൽപ്പെട്ട സബ്ജക്ടായി കഴിഞ്ഞാൽ ഏതു് രീതിയിലാണു് പ്രവർത്തനം കൊണ്ടുപോകേണ്ടതെന്നു് ജില്ലാ കൗൺസിലുകൾക്ക് ആലോചിക്കാൻ കഴിയും. വില്ലേജാഫീസുകളും പഞ്ചായത്തുകളുമായി ഘടിപ്പിച്ചു് പ്രവർത്തനം നടത്തുമെന്നും എടുത്തുപറയേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ പറഞ്ഞില്ലെങ്കിലും വലിയ അപാകതയൊന്നുമില്ല. പഞ്ചായത്തുകൾക്ക് ഇന്നത്തെക്കാൾ ഉയർന്ന നിലയിൽ പ്രവർത്തനം നടത്തുന്നതിനു് ആവശ്യമായ ഫണ്ടു് അലോട്ടു ചെയ്യുന്നതിനുള്ള വ്യവസ്ഥകൂടി എഴുതിച്ചേർക്കുന്നതു് നന്നായിരിക്കുമെന്നാണ് എനിക്ക് പറയുവാനുള്ളതു്.

സർ, അതുപോലെ ഒറിജിനൽ ബില്ലിൽ സ്റ്റാറ്റിലിസ്റ്റ്, ജില്ലാപരിഷത്തുലിസ്റ്റ്, കൺകറന്റുലിസ്റ്റ് ഇങ്ങനെ പ്രത്യേകം പ്രത്യേകം കെടുത്തിയിരുന്നു. എന്നാൽ ഇപ്പോൾ കൗൺസിൽ ലിസ്റ്റും കാമൺലിസ്റ്റും എന്നു രണ്ടാക്കിമാറ്റിയിട്ടുണ്ട്. ഈ കാമൺലിസ്റ്റിൽപ്പെട്ട ഒരു വകുപ്പ് പിന്നീട് ഒരു കാലഘട്ടത്തിൽ വേണമെങ്കിൽ സംസ്ഥാനഗവണ്മെന്റിനു് ഒരു നോട്ടിഫിക്കേഷൻകൊണ്ടോ ഒരു ആക്ടുകൊണ്ടോ ജില്ലാകൗൺസിലുകൾക്കു വിട്ടുകൊടുക്കത്തക്കതാണ്. ഇപ്രകാരം കൂടാതെ ആദ്യം ഉണ്ടായിരുന്നപോലെ സംസ്ഥാനഗവണ്മെന്റു മാത്രം കൈകാര്യം ചെയ്യുന്ന കാര്യങ്ങൾ സ്റ്റേറ്റുലിസ്റ്റായി വരുന്നതിൽ എന്തെങ്കിലും അപാകതയുണ്ടെന്നു് എനിക്കു തോന്നുന്നില്ല.

സർ, ഇന്നു് നമ്മുടെ കൗൺസിൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു വകുപ്പിനെ സംബന്ധിച്ചു് എനിക്കു് അഭിപ്രായവ്യത്യാസമുണ്ട്. അതു് സിവിൽ ഡിഫൻസാണു്. ഇവിടെ ഇതു് ജില്ലാകൗൺസിലിനു പിടിച്ചുകൊടുക്കുന്നതു ശരിയായിരിക്കുകയില്ല അതു് സ്റ്റേറ്റുലിസ്റ്റായിട്ടു വരുന്നുണ്ടെങ്കിലും ഒരു വകുപ്പാണെന്നാണു് എന്റെ അഭിപ്രായം. ഏറ്റവും അടിയന്തിരമായ ഒരു സാഹചര്യമുണ്ടാകുന്ന അവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ലാണ് ഈ സിവിൽ ഡിഫൻസ് സംഘടിപ്പിക്കേണ്ടിവരുന്നതു്. ജനാധിപത്യ പ്രക്രിയയിൽ ഏതെങ്കിലും ഒരു സാഹചര്യത്തിൽ സിവിൽ ഡിഫൻസ് സംഘടിപ്പിക്കേണ്ട വരുമ്പോൾ ജില്ലാ പരിഷത്തിനു് അല്ലെങ്കിൽ ജില്ലാ കൗൺസിൽ അതിനു തയ്യാറാകാതിരുന്നു എന്നു വന്നേയ്ക്കാം. അങ്ങനെ ഒരു സാഹചര്യം വരുമ്പോൾ ആ സാഹചര്യത്തിനു് വ്യത്യസ്തമായ ഒരു നിലപാടു് ജില്ലാ കൗൺസിലിനു് സ്വീകരിക്കുന്നതിനു് സൗകര്യം കൊടുക്കുന്നതു് ശരിയായിരിക്കുകയില്ലെന്നുള്ളതുകൊണ്ടു് അതു രസ്റ്ററു ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതു് അത്യാവശ്യമാണെന്നു് എനിക്കു് അഭിപ്രായമുണ്ടു്.

സർ, മറ്റൊന്നു് പോലീസ് അഡ്മിനിസ്ട്രേഷനാണു്. അതു് ഇന്നു് കാമൺ ലിസ്റ്റിലാണു് ഉൾപ്പെടുത്തിയിരിക്കുന്നതു്. അതുപോലെ പ്രിസൺ അഡ്മിനിസ്ട്രേഷനും കാമൺ ലിസ്റ്റിലാണു് ഉൾപ്പെടുത്തിയിരിക്കുന്നതു്. ഇതു് കാമൺ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതു് നല്ല ഒരു കാര്യമാണെന്നു് ഇവിടെ പലരും പറയുകയുണ്ടായി. ഈ അധികാരം ബ്രിട്ടനിലെ കൗണ്ടികൗൺസിലിനു് ഉണ്ടെന്നും അതുപോലുള്ള ഒരു മെക്കാനിസത്തിലാണു് നാം കൊണ്ടുവരുന്നതെന്നും പറയുകയുണ്ടായി. സർ, എനിക്കു പറയാനുള്ളതു്, ബ്രിട്ടണിലെ കൗണ്ടികൗൺസിൽ ലോക്കൽ പോലീസിന്റെ അധികാരം കൈകാര്യം ചെയ്യുന്നുണ്ടാകാം. പക്ഷെ, നമ്മുടെ സംസ്ഥാനത്തെ ജില്ലകളിൽ അങ്ങനെയുള്ള അധികാര വികേന്ദ്രീകരണം കൊണ്ടു് എന്താണു നടക്കാൻപോകുന്നതെന്നു് എടുത്തുപറയേണ്ട ആവശ്യമുണ്ടോ എന്നു് എനിക്കു സംശയമുണ്ടു്. ഇന്നു് സംസ്ഥാനഗവണ്മെന്റു് പോലീസ് അഡ്മിനിസ്ട്രേഷൻ നടത്തിക്കൊണ്ടിരിക്കുകയാണു്. ഈ സംസ്ഥാനഗവണ്മെന്റിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിൽപ്പെട്ട ശ്രീമാൻ ഇ. എം. എസ്. നമ്പൂതിരിപ്പാടാണു് ഇന്നു് പോലീസ് കൈകാര്യം ചെയ്യുന്നതെന്നെ ഓർമ്മ എനിക്കു് നല്ലവണ്ണമുണ്ടു്. സർ, ഇന്നു ഈ രാജ്യത്തു നടക്കുന്നതെന്തുകൊണ്ടെന്നുള്ളതിന്റെ ചരിത്രം ഈ രാജ്യത്തെ ജനങ്ങൾക്കു് നല്ലവണ്ണം അറിയാം. ഇന്നത്തെ ഈ നിയമസഭയിൽ എത്ര അടിയന്തിരപ്രമേയങ്ങളും ഇതു സംബന്ധിച്ചുവന്നു? കാരോ സ്ഥലത്തും നടക്കുന്ന പോലീസ് മർദ്ദനങ്ങളെസംബന്ധിച്ചും പോലീസുകാർക്കു് അവിഹിതമായ രീതിയിൽ രാഷ്ട്രീയപ്രേരണ നൽകികൊണ്ടു് അവർ പറയുന്നതുപോലെ തന്നെ ചെയ്യുക്കുന്നുവെന്നുള്ള ആരോപണങ്ങളും ഈ നിയമസഭയിലും പൊതുനിരത്തുകളിലും പത്രത്തിലും ഇന്നു് എന്നത്തെക്കാളും കേട്ടറിഞ്ഞുകൊണ്ടിരിക്കുകയാണു്. ഇതാണു് ഇന്നു് സംസ്ഥാനത്തിൽപോലും പോലീസ് അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചുള്ള നിലപാടു്. ഇന്നു് രാഷ്ട്രീയപാർട്ടികളും പോലീസിലെ അപരുടെ ഇംഗിതത്തിനു് സഹായകമാംവണ്ണം രീതിയിൽ ആണു് ഉപയോഗിച്ചുവരുന്നതെന്നു് ഭരണകക്ഷിയിലെ ഘടകകക്ഷികൾതന്നെ ആരോപണമുന്നയിച്ചിട്ടുണ്ടെന്നുവരികിൽ, ജില്ലാസമിതിക്കു് പോലീസ് അഡ്മിനിസ്ട്രേഷൻ കൊടുത്താൽ ഈ ഓരോ ജില്ലയും ഓരോ കുട്ടി സാമ്രാജ്യമായി മാറുന്ന ഒരു പരിതഃസ്ഥിതി ഉണ്ടാകുമെന്നതിനു് ഞങ്ങൾക്കുള്ളതു കൊണ്ടാണു് ഞങ്ങളുടെ വിയോജനക്കുറിപ്പിൽ പോലീസ് അഡ്മിനിസ്ട്രേഷൻ യാതൊരുകാരണവശാലും ജില്ലാകൗൺസിലിനു കൊടുക്കരുതെന്നു് വ്യക്തമായി എഴുതിച്ചേർത്തിരിക്കുന്നതു്. സർ, ബ്രിട്ടണിലെ കൗണ്ടികൗൺസിൽ ലോക്കൽ പോലീസിന്റെ അധികാരം കൈകാര്യം ചെയ്യുന്നുണ്ടായിരിക്കാം, എന്നാൽ ഇൻഡ്യക്കു് സ്വാതന്ത്ര്യംകിട്ടി ജനാധിപത്യത്തെസംബന്ധിച്ചു് ചിന്തിക്കാൻ തുടങ്ങിയിട്ടു് എത്രകൊല്ലമായി. ജനാധിപത്യത്തിന്റെ ഉറവിടമെന്നു് നാമൊക്കെ കരുതുന്ന ബ്രിട്ടണിൽ എത്രയൊക്കെ രാഷ്ട്രീയപ്രക്രിയകൾക്കും ചിന്തകൾക്കും ശേഷമാണു് അവിടെ ഇന്നത്തെരീതിയിലുള്ള പ്രവർത്തനം നടപ്പിൽവന്നിട്ടുള്ളതെന്നു് നമുക്കറിയാം. അങ്ങനെ വളരെയധികം പരീക്ഷണങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും നേടിയെടുത്തിട്ടുള്ള ആ പ്രക്രിയ, കൗണ്ടികൗൺസിൽ പോലീസ് അഡ്മിനിസ്ട്രേഷൻ കൈകാര്യം ചെയ്യുന്നുണ്ടെന്നുവരികിൽ തീർച്ചയായും നമ്മുടെ ജനതയ്ക്കു് ആ രീതിയിൽ ചിന്തിച്ചു് പോലീസ് അഡ്മിനിസ്ട്രേഷൻ കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ കഴിയുകയില്ലെന്നുള്ളകാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ബ്രിട്ടണിലെ കൗണ്ടികൗൺസിലിനുള്ള ഈ അധികാരം ഇവിടെത്തെ ജില്ലാ കൗൺസിലിനു വിട്ടു കൊടുക്കുന്നതു ശരിയല്ലെന്ന അഭിപ്രായം വളരെ ബലമായിട്ട് ഞങ്ങൾക്കുണ്ട്.

സർ, അതുപോലെതന്നെ ജയിൽ അഡ്മിനിസ്ട്രേഷന്റെ കാര്യവും. അതു സ്റ്റേറ്റു സബ്ജക്റ്റായിട്ടു വയ്ക്കുകയാണു് ഏറ്റവും നല്ലതു്. ജില്ലാകൗൺസിലിനു് വിട്ടുകൊടുക്കുന്നതു് ശരിയല്ലെന്ന അഭിപ്രായവുമുണ്ട്.

സർ, നിയമസമാധാനത്തെ സംബന്ധിച്ചു പറയുമ്പോൾ നേരത്തെ ഞാൻ പറഞ്ഞതുപോലുള്ള മാറ്റങ്ങൾ വരുത്താൻ തയ്യാറായില്ലെങ്കിൽ നമ്മുടെ സ്റ്റേറ്റിൽ ഒട്ടാകെയും ഒരു രോഗരൂക്ഷിതിലുള്ള പോളിസി നിലനിൽക്കും. പോലീസ് അഡ്മിനിസ്ട്രേഷൻ ജില്ലാ കൗൺസിലുകൾക്കു കൊടുത്തിരുന്നാൽ ഒരുപക്ഷെ നമ്മുടെ സംസ്ഥാനമുൾപ്പെടെ എത്രത്തോളം ജില്ലകളുണ്ടോ അത്രയും പോളിസി, ലാ ആൻറ് അർഡർ പോളിസി ഈ രാജ്യത്തുണ്ടാകുമെന്നുവരാം. അങ്ങനെ ഉള്ള ഒരു സ്ഥിതിവിശേഷം ഈ രാജ്യത്തുണ്ടാകണമെന്നു് ഒരു പക്ഷെ ചില രാഷ്ട്രീയകക്ഷികളും അവരുടെ നേതാക്കന്മാരും ആഗ്രഹിക്കുന്നുണ്ടായിരിക്കാം. അതുകൊണ്ടു് അതിനുള്ള സാഹചര്യം ഒരു കാലത്തും ഉണ്ടാക്കിക്കൊടുക്കാൻ പാടില്ല. അങ്ങനെ വന്നിരുന്നാൽ നാം ആഗ്രഹിക്കുന്ന അധികാരവികേന്ദ്രീകരണത്തിനു പകരം സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പു് ഇൻഡ്യയിൽ നിലവിലിരുന്നമാതിരിയുള്ള നാട്ടുരാജ്യങ്ങളും അല്ലെങ്കിൽ സ്വയംഭരണം നടത്തുകയും നമ്മുടെ രാജ്യത്തു് സ്ഥാപിക്കുന്നതിനു സഹായകമായ ഒരു നടപടിയും ഈ ബില്ലുകൊണ്ടു് നാം ഉണ്ടാക്കുകയായിരിക്കും ചെയ്യുന്നതെന്നു് വളരെ വ്യക്തമായ ഭാഷയിൽ പറയാൻ ഞാനാഗ്രഹിക്കുകയാണു്. സർ, അതുകൊണ്ടു് ഞാൻ പറഞ്ഞ രീതിയിൽ ഈ ബില്ലിൽ ഏറ്റവും പുരോഗമനപരമായ, പ്രയോജനപ്രദമായ ഭേദഗതികൾവരുത്താൻ ഈ നിയമസഭ തയ്യാറാകണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. രാഷ്ട്രീയപരിഗണനകൾക്കു് ഉപരിയായി ജനങ്ങളുടെ പുരോഗതിക്കും രാജ്യത്തിന്റെ നന്മയ്ക്കും ഉപകരിക്കത്തക്കവിധത്തിൽ ഈ നിയമം പാസ്സാക്കുന്നതിനു് തയ്യാറാകണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് എന്റെ സംസാരം ചുരുക്കുന്നു.

<u>ശ്രീ സി. വാസുദേവമേനോൻ:</u> സർ. ഈ ബില്ലിന്റെ ചർച്ചയ്ക്കു് സഹായകമായ രീതിയിൽ ഈ ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റ് ഒരു പ്രസിദ്ധീകരണം മെമ്പർമാർക്കു് വിതരണം ചെയ്തതിൽ, അങ്ങനെ ഒരു പരിശ്രമം അവർ നടത്തിയതിൽ ഞാൻ ആദ്യമായി അവരെ അഭിനന്ദിക്കുകയാണു്.

സർ, ഈ ബില്ലിനെക്കുറിച്ചു സംസാരിക്കുന്നതിനുമുമ്പു് ഇന്നലെ സംസാരിച്ച കോൺഗ്രസ് മെമ്പർ ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയുടെ പ്രസംഗം ഞാൻ ഇവിടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ സാധാരണ ഞങ്ങളുടെ നാട്ടിൽ പറയാറുള്ള ഒരു ചൊല്ലാണു് ഓർമ്മവന്നതു. അതായതു്, പുരപ്പെണ്ണു പുരപ്പുറം അടിക്കും. ഒരുത്തൻ കെട്ടിക്കൊണ്ടുവന്ന പുരപ്പെണ്ണു് അമ്മായി അമ്മയെ തൃപ്തിപ്പെടുത്താൻവേണ്ടി ആദ്യം പുരപ്പുറംവരെ അടിച്ചുവൃത്തിയാക്കും. അതു പോരാതെ പ്രമാണിമാരുടെ തൃപ്തിക്കുവേണ്ടി ഈ അസംബ്ലിയിരുന്നുകൊണ്ടു് എത്രപേരുടെ മുഴം വാർക്കിസിന്റെ കമ്മ്യൂണിസത്തിന്റെയും ഇടയ്ക്കിടയ്ക്കു് പുട്ടിനു തേങ്ങാ ഇടുന്നതുപോലെ എന്തെങ്കിലുമൊക്കെ കോൺഗ്രസ്സുകാർ വിളിച്ചുപറയാറുണ്ടു്. എന്നാൽ ഈ ബില്ലിനെ സംബന്ധിച്ചെങ്കിലും കോൺഗ്രസ്സു് പാർട്ടിയിലെ മെമ്പന്മാർ എന്തെങ്കിലും പറയുമെന്നു് പ്രതീക്ഷിച്ചു് ഞാൻ അവരുടെ പ്രസംഗങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അങ്ങനെ ഒന്നുംതന്നെ ഇവിടെ പറഞ്ഞുകേട്ടില്ല അവരിൽ പലരും, ഈ ബില്ലിലെ വ്യവസ്ഥകൾ പലതും തകിടംമറിക്കാൻ മാർക്സിസ്റ്റുപാർട്ടി ശ്രമിക്കുകയാണെന്ന സ്വരത്തിലാണു് സംസാരിച്ചതു്. അതു പറയുമ്പോൾ ഒരു കാര്യം അവർ വിസ്മരിച്ചുപോയി എന്നുപറയാൻ ഞാനാഗ്രഹിക്കുകയാണു്. പഞ്ചായത്തുരേണസംപ്രദായത്തെ സംബന്ധിച്ചു് എഴുതിവച്ചിട്ടു് ചർഷങ്ങൾ പലതു കഴിഞ്ഞിരിക്കുന്നു. എന്നിട്ടും നമ്മുടെ സ്റ്റേറ്റിൽമാത്രമല്ല നാം സഞ്ചരിച്ചിട്ടുള്ള പ്രദേശ

LIBRARY ARCHIVES Kerala Legislative Assembly

കിച്ചും റസലക്'റുകമ്മിറ്റി ചാർ സഞ്ചരിച്ചിട്ടുള്ള ഒരു സംസ്ഥാനത്തും രണ്ടാധി കാര മടക്കമുള്ള അധികാരം പഞ്ചായത്തുകൾക്ക കൊടുത്തിട്ടില്ല. ഈ വസ്തുത റവന്യൂ റവന്യൂ കമ്മിറ്റിയിലെ ഒരംഗമായ ശ്രീ. ദേവസ്സിക്കുട്ടിക്കും അറിയുന്നതാണ്, കോൺഗ്രസ്സുകാർ ഇന്നും പല സംസ്ഥാനങ്ങളിലും ഭരണം നടത്തുകയല്ലേ; അവിടെയെവിടെയാണ് രണ്ടാധികാരമടക്കമുള്ള ഭരണസംവിധാനം ജില്ലകൗൺസിലുകൾക്കും പഞ്ചായത്തുകൾക്കും കൊടുത്തിട്ടുള്ളത് ഒന്നു പറഞ്ഞുതന്നാൽ തരക്കേടില്ല ഈ ഭരണസ്ഥിതിയിൽനിന്നും വിഭിന്നമായ രീതിയിൽതന്നെ മറ്റു പല സംസ്ഥാനങ്ങളിലെയും പഞ്ചായത്തുഭരണസംവിധാനത്തെ സംബന്ധിച്ചും ലഘുവിവരങ്ങൾ ഞാൻ ശേഖരിച്ചിട്ടുണ്ട്. അവിടെയൊരിടത്തും ഇങ്ങനെ രണ്ടധികാരം പ്രകടമായുണ്ടെന്നുള്ള ഒരു നയം സ്വീകരിച്ചതായി അറിവില്ല. അതുമാത്രവുമല്ല പല സംസ്ഥാനങ്ങളും ഭരിക്കുന്ന കോൺഗ്രസ്സുകാർ ഈ അധികാരങ്ങളെ താഴെക്കൊടുക്കണമെന്ന അഭിപ്രായത്തെപ്പറ്റി യോജിക്കുന്നവർ വളരെ കുറച്ചുമാത്രമേ ഉള്ളുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ വസ്തുത റവന്യൂ റവന്യൂ കമ്മിറ്റിയിലെ അംഗമായ ശ്രീ. ദേവസ്സിക്കുട്ടിക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അധികാരവികേന്ദ്രീകരണം നടത്തുന്നതിനു പ്രവർത്തിച്ചിട്ടുള്ള പഞ്ചനാമക്കല്ല വക്കീൽ അറിവുള്ളതാണ്, ഇവിടെ ഒരു തെരഞ്ഞെടുപ്പു പ്രസംഗത്തിനുവന്ന, അന്തരിച്ചുപോയ പണ്ഡിറ്റ് ജവഹർലാൽനെഹ്റുവിനെക്കൊണ്ട് ഒരു ഒദ്യോഗിക ചടങ്ങിൽ നിലവിളക്കുകത്തിച്ചു പഞ്ചായത്തുരാജ് ഉദ്ഘാടനം ചെയ്യിച്ച വിവരം നമുക്കെല്ലാം അറിവുള്ളതാണ്, ആ ഉൽഘാടനം നടത്തിട്ട് കൊല്ലം ഏഴര കഴിഞ്ഞിരിക്കുന്നു.

അങ്ങനെ നടത്തികഴിഞ്ഞിട്ടും ഇവിടെ പഞ്ചായത്തുരാജ് ഉണ്ടായിട്ടില്ല. കൂടുതൽ അധികാരം ജനങ്ങളിലേക്കു പകരുന്നു എന്നു പറയുന്ന ഇതുപോലൊരു ബില്ലും വന്നിട്ടില്ല. ഇതെല്ലാം കണ്ടതിനുശേഷമാണ് ഇവിടെ വന്നു മാർക്സിസ്റ്റു കമ്യൂണിസ്റ്റുകാർ ഈ ബില്ലിൽ ഭേദഗതികൾ അധികാരം കൊടുക്കുന്നതിനെ തടയാൻ ശ്രമിക്കുന്നു എന്നൊക്കെ പറഞ്ഞു ആക്ഷേപിക്കുന്നത്. ഇതു ജനങ്ങളെ തൃപ്തിപ്പെടുത്താൻ ഉദ്ദേശിച്ചു ഇടക്കിടക്കു പറയുന്നുണ്ട്. അതുകൊണ്ടു വല്ലതും നേടിയിട്ടുണ്ടെങ്കിൽ എന്നിക്കു വിരോധമില്ല. പക്ഷേ സത്യം ഈ രംഗത്തെ സാധാരണ ജനങ്ങൾക്കും അറിയാം. ഇത്രത്തോളം ഒരു ബില്ല് ആദ്യമായിട്ടാണ് ഈ അസംബ്ലിയിൽ വരുന്നത്. ഇതിനുമുമ്പു വന്നിട്ടുള്ള ബില്ലുകളെ സംബന്ധിച്ചു നമുക്കറിയാം ഈ ബില്ലുകൊണ്ടു ജനങ്ങൾക്കു അധികാരം കിട്ടുമെന്നു അങ്ങേയറ്റത്തെ ആഗ്രഹമുള്ള പാർട്ടിയാണ് മാർക്സിസ്റ്റുപാർട്ടി എന്നുള്ളകാര്യത്തിൽ യാതൊരു സംശയവുമില്ല ഒരുകാര്യം എനിക്കു പറയാനുള്ളതു ബ്രിട്ടീഷ് ഭരണകാലത്തും അതുപോലെ നാട്ടുരാജാക്കന്മാരുടെ ഭരണകാലത്തും ഭരണം ജനങ്ങളെ വച്ചുകൊണ്ടിരുന്ന ദുരന്തങ്ങളുടെ ഫലമായി അവർക്കു കടുത്ത വെറുപ്പുണ്ടായിട്ടുണ്ട്. ആ വെറുപ്പുവച്ചുകൊണ്ടു ഇതിലും ഒരടികൂടി ശരിപ്പെടുത്തുക്കളയാമെന്ന വിചാരിച്ചാൽ അതു നടപ്പുണ്ടാവുകയില്ലെന്നു കാര്യം നാം ചിന്തിക്കണം. ഉദാഹരണമായിട്ടു പല കാര്യങ്ങളും ഞാനിപ്പോൾ പറയുന്നില്ല. അതൊക്കെ കഴിയുമെങ്കിൽ ഞാൻ ഇവിടെ അസംബ്ലിയിൽ മെമ്പറായിക്കഴിയുമ്പോൾ ഉടൻതന്നെ എന്റെ പഞ്ചായത്തിലുള്ള റോഡിന്റെ വീതി കൂട്ടണമെന്നും അതു മെറ്റൽ ചെയ്യണമെന്നും പറഞ്ഞുകൊണ്ടു പഞ്ചായത്തിന്റെ രണ്ടുകിലുമുള്ള സ്ഥലം ഗവൺമെന്റിന്റേതാണെന്ന ബോദ്ധ്യത്തോടുകൂടി ഗവൺമെന്റിൽ ഹർജി കൊടുത്താൽ എന്നത് ഇതു രെയുമായിട്ടും ഇതിനെസംബന്ധിച്ചു ഒരു തീരുമാനവും ആയിട്ടില്ല ഇങ്ങനെയുള്ള കാര്യങ്ങളിൽ കാലതാമസമായ വെറുപ്പുകാണും രണ്ടുവർഷമെങ്കിലും കഴിഞ്ഞിട്ടും ഇത്തരത്തിൽ ഒരു കാര്യം നടന്നില്ലെന്നുവരുമ്പോൾ ഈ ഭരണപ്രവർത്തനത്തിനു വെറുപ്പു തോന്നും. അതുപോലെതന്നെ കഴിഞ്ഞ 6 വർഷമായി ഒരു ഇറിഗേഷൻ കനാലിന്റെ പണി തുടങ്ങിയിട്ട്. ഇതിനെ സംബന്ധിച്ചു ചീഫ് എഞ്ചിനീയറുടെയും റവന്യൂ റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്. എന്നിട്ടു അതിൽ ഒരു തീരുമാനവുമായിട്ടില്ല. നിരവധി പ്രാവശ്യം ഇതിനെസംബന്ധിച്ചു നിവേദനം നടത്തിയിട്ടും

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. ഇത്തരത്തിലുള്ള എത്രയോ ഉദാഹരണങ്ങൾ പറയാനുണ്ട്. ഇതെല്ലാം മനസ്സിൽ വച്ചുകൊണ്ട് ഉടൻതന്നെ ഇതൊക്കെ ശരിപ്പെടുത്തി കിട്ടണമെന്ന ആഗ്രഹത്തോടുകൂടിയിരിക്കുമ്പോൾ അവസാനം ഒന്നും നടക്കാതിരിക്കാൻ ഇടയാകരുതെന്നാണ് എന്റെ അഭിപ്രായം. ആ നിലയിൽ ഈ ബില്ലിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളോടും പരിപൂർണ്ണമായിട്ട് ഞാൻ യോജിക്കുകയാണ്. ഇതിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും പ്രായോഗികമായി നടപ്പിക്കാലാൻ സാദ്ധ്യമാണോ എന്നു് ആദ്യമായി ചിന്തിക്കണം.

മറ്റൊന്നു് നമ്മൾ ഇതുകൊണ്ടുദ്ദേശിക്കുന്നതു് അധികാര വികേന്ദ്രീകരണവും ജനാധിപത്യവൽക്കരണവുമാണു്. അധികാരം താഴോട്ടു് വികേന്ദ്രീകരിച്ചുകൊടുത്താൽ പോര അതു് സാധാരണ ജനങ്ങൾക്കു് ഉപയോഗപ്രദമാകുകയും വേണം. ഇതു് സാദ്ധ്യമാണോ എന്നുള്ളതുകൂടി പരിശോധിക്കണം. ഇവിടെ പോലീസിന്റെ അധികാരത്തെപ്പറ്റിതന്നെ പറഞ്ഞു. ഇതുപോലുള്ള അധികാരങ്ങൾകൂടി താഴോട്ടു കൊടുത്താൽ ഇപ്പോഴത്തെ സാധാരണ ജനങ്ങൾക്കു്, കാർഷികത്തൊഴിലാളികൾക്കും കൂടുതൽ ദ്രോഹമുണ്ടാക്കുകയല്ലാതെ ഇതു് ഉപയോഗപ്രദമാകുമോ അതൊട്ടുമുപയോഗിക്കുവാൻ സാധിക്കുമോ എന്നുകൂടി പരിശോധിക്കണം. ഇതു പറയുമ്പോൾ പാലക്കാട്ടു ജില്ലപോലുള്ള സ്ഥലങ്ങളിൽ ഒരു പൊതുയോഗം കൂടണമെങ്കിൽപോലും അവിടത്തെ ഊരിലെ പ്രമാണിമാരോടു് അനുവാദം വാങ്ങണം. അവിടെ ഒരു സ്ഥലത്തു് കർഷകത്തൊഴിലാളികളുടെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗവും വച്ചു. ആ പൊതുയോഗത്തിനു് ഒരു മേശയും കസേരയും തന്ന ആളിന്റെ വീടു് അവിടത്തെ ജന്മിമാർ തീവച്ചു നശിപ്പിച്ച ശ്രീ. ശിവരാമഭാരതിയെപ്പോലെ അവിടെ താമസിക്കുന്ന ആളുകൾക്കു് ഇക്കാര്യം നല്ലതുപോലെ അറിയാം. അതുപോലെതന്നെ ഈ അടുത്ത ദിവസം മുതലമട പഞ്ചായത്തിൽ കാർഷികത്തൊഴിലാളികൾ ഒരു ജാഥ നടത്തിയപ്പോൾ അതു തടയാൻവേണ്ടി വയലിന്റെ കരയിൽ തോക്കുംപിടിച്ചു് അവിടത്തെ പ്രമാണി മാറാകാവൽനിന്ന ഉച്ചക്കുശേഷം ആരെങ്കിലും ഇങ്ങോട്ടുവന്നാൽ ചുട്ടുകളയുമെന്നു പറഞ്ഞു് കാവലിരിപ്പുണ്ടായി. ആ സ്ഥലത്തു് സാധാരണക്കാർക്കു് ഇന്നും സംഘടിക്കാനോ അഭിപ്രായം പറയാൻപോലുമോ സ്വാതന്ത്ര്യം ഇല്ല. പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ ഇങ്ങനെ ധാരാളം നടക്കുന്നുണ്ടു്.

ശ്രീ. വി ചന്ദ്രശേഖരൻനായർ: തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കു് അധികാരം പങ്കുവയ്ക്കുന്നതിനുവേണ്ടിയാണു് ഇപ്പോഴുള്ളതുപോലെ ഡി. എസ്. പി. തുടങ്ങിയുള്ള എല്ലാ റാങ്കുകളുടെയും അധികാരം കെട്ടുപാടിലായിരിക്കും ജനങ്ങൾക്കു കൂടുതൽ സ്വാധീനമിരിക്കുന്നതെന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം.

ശ്രീ. സി വാസുദേവമേനോൻ: എന്നല്ല അഭിപ്രായം. അതിനെക്കുറിച്ചു് ഞാൻ പിന്നീടു പറയാം. പക്ഷത്തായി ഭരണഘടനയിൽകൂടിയാണു് അധികാരത്തിൽ കയറാൻ സാധിച്ചതെന്നു വിശ്വസിക്കുന്ന ആളുകളുണ്ടു്. അങ്ങനെ ആരുടെയെങ്കിലും സൗകര്യവും ഔദാര്യവും ഭരണഘടനയുടെ മാഹാത്മ്യംകൊണ്ടു് വരുന്നവരല്ല ഈ സഭയിൽ ഇരിക്കുന്ന ബഹുഭൂരിപക്ഷം ആളുകളുമെന്നു് നമുക്കറിയാം. ഇതിനുമുമ്പുണ്ടായിട്ടുള്ള കഴിഞ്ഞകാലങ്ങളിൽ നടത്തിയിട്ടുള്ള സമരങ്ങളുടെ നീണ്ടചരിത്രം നമുക്കറിയാം. ഇന്നും ഗ്രാമപ്രദേശങ്ങളിൽ ജന്മിത്വം അവസാനിച്ചിട്ടില്ല. അവരെ സഹായിക്കാൻ കേന്ദ്രപോലീസും ഭരണാധികാരികളുമുണ്ടു്.

ശ്രീ. ആർ എസ് ഉണ്ണി: നിയമനിർമ്മാണം നടത്തിക്കഴിഞ്ഞാൽ ജന്മിനാടുവാഴിത്തമെല്ലാം അവസാനിപ്പിച്ചതിനുശേഷം ഗ്രാമങ്ങളിലെ ആളുകൾക്കു് ഒരു പാത ഉണ്ടാകുന്ന സമയത്തു് അധികാരം പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതുകൊണ്ടു് വല്ല തകരാറും ഉണ്ടോ?

ശ്രീ. സി. വാസുദേവമേനോൻ: ഗ്രാമങ്ങളിലെ ജനങ്ങൾക്കു് ഏൽപ്പിച്ചുകൊടുക്കേണ്ടെന്നുള്ള അഭിപ്രായം ഞാൻ പറഞ്ഞില്ല ഞാൻ സംശയിക്കുന്നതു് ഇന്നു് ഈ ബില്ലു പാസാക്കിയാൽ സാധാരണജനങ്ങൾക്കു് പ്രത്യേകിച്ചു് കർഷകത്തൊഴിലാളികൾക്കു് ഗുണമുണ്ടാകുമോ എന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ബഹുമാനപ്പെട്ട മെമ്പർ പഞ്ചായത്തു പ്രസിഡൻറായ രീതിയിൽ ഇത്രയും അധികാരം ഇന്ന നിലവിലിരിക്കുന്നതുപോലെ ഉദ്യോഗസ്ഥന്മാരുടെ കൈവശം ഇരിക്കുന്നതാണോ കർഷകത്തൊഴിലാളികൾക്കും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും നല്ലതു? അതോ ഇതുപോലുള്ള അധികാരം ജില്ലാ പരിഷത്തിനെ കൊടുക്കണമെന്നാണോ ഉദ്ദേശിക്കുന്നതു?

ശ്രീ. സി. വാസുദേവമേനോൻ: ഞാൻ പറയുന്നതു് പഞ്ചായത്തിനു് അധികാരം കൊടുത്താൽ മതി എന്നു് ജനങ്ങളുടെ കൈയിൽ കിട്ടുമോയെന്നാണു്. ജന്മി നാടുവാഴിത്വ സംപ്രദായം ഇന്നും നിലവിലുണ്ടു്.

ശ്രീ. ആർ. എസ്. ഉണ്ണി: ഈ ബില്ലിൽ എക്സിക്യൂട്ടീവു് അധികാരം പഞ്ചായത്തു പ്രസിഡൻറിനെയാണു വച്ചിരിക്കുന്നതു്. അല്ലാതെ ഉദ്യോഗസ്ഥന്മാർക്കല്ല. എക്സിക്യൂട്ടീവു് അധികാരം ബഹുമാനപ്പെട്ട മെമ്പറെപ്പോലുള്ള പഞ്ചായത്തു പ്രസിഡൻറന്മാർക്കാണു് വച്ചിരിക്കുന്നതു്.

ശ്രീ. സി. വാസുദേവമേനോൻ: പഞ്ചായത്തിൻറെ കാര്യമല്ല ഞാൻ പറയുന്നതു് ജില്ലാ പരിഷത്തിലിൻറെ കാര്യമാണു് പറയുന്നതു്. ഗ്രാമപ്രദേശങ്ങളിലുള്ള സമ്പദ്വ്യവസ്ഥക്കു് യാതൊരു മാറ്റവും വരുത്താത്ത സ്ഥിതിയിൽ തുടരുകൊണ്ടു് ഗുണമാണോ ദോഷമാണോ എന്ന കാര്യം പരിശോധിക്കണമെന്നാണു് എൻറെ അഭിപ്രായം.

ശ്രീ. ജി. ഗോപിനാഥൻപിള്ള: നമ്മുടെ ഈ ബില്ലനുസരിച്ചു് ഇലക്ഷൻ നടത്തുകയാണെങ്കിൽ പ്രവർത്തക അഭിപ്രായപ്രകാരം ജന്മിമാർ മാത്രമേ പാലക്കാട്ടു ജില്ലയിൽനിന്നു് വരികയുള്ളോ?

ശ്രീ. സി. വാസുദേവമേനോൻ: അങ്ങനെയാണെങ്കിൽ പാലക്കാട്ടുനിന്നും തിരഞ്ഞെടുക്കപ്പെട്ടുവരുന്ന പല അംഗങ്ങളും ഇവിടെ ഇരിക്കുകയില്ലല്ലോ?

ശ്രീ. എം. എം. തോമസ്: തിരഞ്ഞെടുപ്പു നടത്തിയാൽ ജന്മിമാരായിരിക്കും അധികാരത്തിൽ പ്രധാനപ്പെട്ട മെമ്പറാകുന്നതെന്നു് ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തിൽ സൂചനകണ്ടു അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പറും ജന്മിമാരുടെ സംരക്ഷണയിലല്ലേ?

ശ്രീ. സി. വാസുദേവമേനോൻ: ഒരിക്കലുമല്ല. ഇന്നത്തെ വ്യവസ്ഥിതിക്കു മാറ്റം വരുത്തുക പല കാര്യങ്ങളും ഇന്നു നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ എം മാണി: ഇന്നുള്ള പഞ്ചായത്താക്ടറിൽ പഞ്ചായത്തു പ്രസിഡൻറിനുള്ള അധികാരത്തേക്കാൾ കൂടുതൽ അധികാരം ലഭിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ തന്നെ പ്രസിഡൻറായിട്ടുള്ള പഞ്ചായത്തു് കൂടുതൽ കാര്യക്ഷമമായും ജനങ്ങൾക്കു് ഉപകാരപ്രദമായും നടത്തിക്കൊണ്ടുപോകുന്നതിനു് ശ്രമിക്കുമോ?

ശ്രീ. സി. വാസുദേവമേനോൻ: എൻറെ പഞ്ചായത്തിൽ ഞാൻ ശ്രമിക്കും. ബഹുമാനപ്പെട്ട മാണി പഞ്ചായത്തു പ്രസിഡൻറായിരുന്നെങ്കിൽ അദ്ദേഹം അവിടത്തെ പുറംപോക്കു ഭൂമി അവിടത്തെ കർഷകത്തൊഴിലാളികൾക്കു നൽകുമോ, അതോ അതിൻറെ തൊട്ടടുത്തുള്ള പ്രമാണിമാർക്കു നൽകുമോ എന്ന കാര്യം കണ്ടുതന്നെ അറിയണം. അതുകൊണ്ടു ഞാൻ പറയുന്നുള്ളു. അത്തരത്തിലുള്ള മാറ്റം വരണമെന്നാണു് എൻറെ അഭിപ്രായം. അല്ലാതെ ഇവിടെ പറഞ്ഞപോലെ ഇതൊരുകൂട്ടം ജനങ്ങൾക്കു കൂട്ടം, ജനങ്ങൾക്കു് ഉപകാരപ്രദമാക്കാൻ സാധിക്കുമെന്ന അഭിപ്രായം ശരിയാണെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ഇ. ചന്ദ്രശേഖരൻനായർ : ഞാൻ മുൻപു പോദിച്ചതിനു് അങ്ങു പറഞ്ഞ ഉത്തരം വ്യക്തമായ കാരണമില്ലാതെയാണു് പോദിക്കുകയാണു്. ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തിൽ ഇന്നു ചെയ്യുന്നതുപോലെ ഉദ്യോഗസ്ഥന്മാരുടെ കൈയിൽത്തന്നെ പോലീസു് അധികാരവും മറ്റു് എക്സിക്യൂട്ടീവു് അധികാരങ്ങളും കൊടുക്കുന്നതാണോ ഈയവസരത്തിൽ കൂടുതൽ നല്ലതു്. അതല്ല ഈ ബില്ലിൽ വിവക്ഷിച്ചിരിക്കുന്നതു പോലെ ജനപ്രതിനിധികൾക്കു കൊടുക്കുന്നതാണോ കൂടുതൽ നല്ലതു് ; എന്താണഭിപ്രായം ?

ശ്രീ. സി. വാസുദേവമേനോൻ : ഇന്നത്തെ സാഹചര്യത്തിൽ ഇതിനുവേണ്ടി വാദിക്കുന്ന ആളുകളെ സംബന്ധിച്ചു് എനിക്കു് ഒരു സംശയമുണ്ടു്. ഈ സ്ഥാനത്തിനുവേണ്ടി പോലീസ്നയത്തെ സംബന്ധിച്ചടത്തോളം പറയുകയാണെങ്കിൽ പണ്ടത്തെപ്പോലെ, കർഷകത്തൊഴിലാളികളുടെ അവരുടെ ആവശ്യങ്ങൾക്കുവേണ്ടി പ്രക്ഷോഭണം കൂട്ടിയാൽ പോലീസു് ഓടിച്ചെന്നു് ഇടപെടുന്നില്ല. ഈ സ്ഥാനത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു പ്രത്യേക സാഹചര്യമുണ്ടു്. ഇപ്പോഴും ഇവിടെ ഇത്ര ശക്തിയായി വാദിക്കുന്നതു് പണ്ടു പ്രമാണിമാർക്കു കിട്ടിയിരുന്ന ആനുകൂല്യം പഞ്ചായത്തു തലത്തിലായെങ്കിൽ അങ്ങനെയെങ്കിലും കിട്ടട്ടെ എന്നുള്ള ഒരു പിന്തിരിപ്പൻ ഗതിയുടെ ഫലമല്ലേ, അതല്ല ഇതിന്റെ പിന്നിലുള്ളതു് എന്നു ഞാൻ സംശയിക്കുകയാണു്.

ശ്രീ. കെ. എം മാണി : ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയുടെ ഉന്നത നേതാവും ഇന്നത്തെ മുഖ്യമന്ത്രിയുമായ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ കൈയിൽനിന്നും പോലീസ് അധികാരം ജനങ്ങളിലേക്കു് പകർന്നുപോകുന്നതിലുള്ള ആശങ്കയല്ലേ മെമ്പറുടെ അഭിപ്രായത്തിൽ പ്രകടമാകുന്നതു് ?

ശ്രീ. സി വാസുദേവമേനോൻ : അധികാരം ജനങ്ങളിലേക്കു് പകർന്നുകൊടുക്കുന്നതിനു് എനിക്കു് ലേശം ആശങ്കയില്ല. പക്ഷേ കർഷകത്തൊഴിലാളികളെയും മറ്റും തീവച്ചുകൊല്ലുകയും മറ്റും ചെയ്യുന്നവരുടെ കൈയിൽ പോലീസിന്റെ അധികാരം പോയാൽ സ്വതേ കുങ്കുപിന്നെ കള്ളും കൂടിച്ചു് ഭ്രാന്തും പിടിച്ചു് ബഹളം കൂട്ടിയാൽ എന്നുള്ള നിലയിലേക്കു് പോകുകയില്ലേ എന്നു ഞാൻ സ്വാഭാവികമായും സംശയിക്കുകയാണു് നമ്മുടെ രാജ്യത്തു് ഇത്തരം ആളുകളുടെ കൈയിൽ പോലീസധികാരം പെന്നു കിട്ടിയാൽ എന്തപകടം സംഭവിക്കുന്നതെന്നു് നാം ആലോചിക്കണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ ഇ ചന്ദ്രശേഖരൻനായർ : പോലീസിന്റെ കാര്യം പോകട്ടെ. ഹരിജനക്ഷേമം വിദ്യാഭ്യാസം തുടങ്ങിയ മറ്റുള്ള കാര്യങ്ങളും ജനങ്ങളെ ബാധിക്കുന്നതാണു്. അതും പഞ്ചായത്തിന്റെ കൈയിൽ കൊടുത്താൽ ബഹുമാനപ്പെട്ട മെമ്പറുടെ വാദം തുടരുകയാണെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ കൈയിൽ നിലനിൽക്കുകയായിരിക്കും നല്ലതു്, അല്ലേ ?

ശ്രീ. സി. വാസുദേവമേനോൻ : രേണത്തെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെമ്പറുടെയും എന്റെയും അഭിപ്രായങ്ങളും വ്യക്തമായും വ്യത്യസ്തമാണെന്നു് ഇപ്പോഴാണു് എനിക്കു് ബോദ്ധ്യമാകുന്നതു്. രേണത്തിന്റെ കാതലായ വശം പോലീസും പട്ടാളവും എല്ലാംതന്നെയാണു്. അല്ലാതെ ഹരിജനക്ഷേമവും വിദ്യാഭ്യാസവുമല്ല. ആ നിലയിൽ പ്രധാനമായും രേണകൂടത്തെ സംബന്ധിച്ചിടത്തോളം അതിന്റെ അധികാരത്തിൽ പ്രധാനപ്പെട്ടതു് പട്ടാളവും പോലീസുമാണു്. മറിച്ചൊരു അഭിപ്രായം ബഹുമാനപ്പെട്ട മെമ്പർക്കു് ഉണ്ടാകുകയില്ല എന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : സ്റ്റേറ്റു് എന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം അനുസരിച്ചു് പോലീസ് സ്റ്റേറ്റാണോ അതോ പുതിയ കോൺസപ്റ്റു് അനുസരിച്ചുള്ള ഡവലപ്പ്മെന്റു് സ്റ്റേറ്റു് ആണോ ?

ശ്രീ. സി. വാസുദേവമേനോൻ : ഇന്നത്തെ സ്റ്റോറ് എന്താണ്? അതൊരു ഡബിൾപ്പർപ്പസ് സ്റ്റോറ് ആകുമോ? ആണെന്നെല്ലാം വാചകമടിച്ച് നടക്കുന്നുണ്ട്. ആ ധാരണയിൽ ബഹുമാനപ്പെട്ട മെമ്പറും പെട്ടിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്.

ശ്രീ ഇ. ചന്ദ്രശേഖരൻനായർ : ഈ സ്റ്റോറിന്റെ കാര്യമല്ല ഞാൻ പറഞ്ഞത്. ഒരു സ്റ്റോറ് എന്നു പറയുന്നത് പ്രധാനമായും പോലീസിനെയും പട്ടാളത്തെയും ഉപയോഗിക്കുന്നതിനുള്ള ഒരു സ്ഥാപനമായിരിക്കുമോ അതോ ജനങ്ങളുടെ സാമ്പത്തിക സാമൂഹ്യവികസനങ്ങൾക്കുള്ള സ്ഥാപനമായിരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ സി. വാസുദേവമേനോൻ : ജനങ്ങളുടെ സാമ്പത്തിക സാമൂഹ്യവികസനങ്ങളെ ഉന്നംവച്ചുകൊണ്ടുള്ള ഒന്നായിരിക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. പക്ഷേ ഇന്നത്തെ സ്റ്റോറ് അങ്ങനെയുള്ളതാണെന്ന അഭിപ്രായം എനിക്കില്ല. ആ നിലയിലാണ് ഈ അധികാരങ്ങൾ പഞ്ചായത്തുകൾക്കു കൊടുത്താൽ ആപത്തുണ്ടാകുമോ എന്നുള്ള ശങ്ക എനിക്കുണ്ടാകാനുള്ള കാരണം.

ശ്രീ. കെ. കെ. അബു: നമ്മളെല്ലാം ആഗ്രഹിക്കുന്നത് അധികാരവികേന്ദ്രീകരണം വേണമെന്നാണ്. സാമ്പത്തിക സമീകരണം വേണമെന്നാണ് ഒരു സ്റ്റോറിന്റെ ഭരണത്തിന്റെ ഒരു ഭാഗമായ പോലീസ് അധികാരമാ മറ്റേതെങ്കിലും അധികാരമോ വികേന്ദ്രീകരിച്ച് ജനപ്രതിനിധികളുടെ കൈയിൽ വരണമെന്നല്ലേ നാം ആഗ്രഹിക്കുന്നത്. അങ്ങനെ വേണ്ട എന്നു പറയുന്നത് അധികാരവികേന്ദ്രീകരണം വേണ്ട എന്നു പറയുന്നതിനു തുല്യമല്ലേ?

ശ്രീ. സി. വാസുദേവമേനോൻ : വികേന്ദ്രീകരണം വരേണ്ട എന്നു ഞാൻ പറഞ്ഞതായിട്ടില്ല. അധികാരം ജനപ്രതിനിധികളുടെ കൈയിൽ വരണമെന്നതാണ് ഞാൻ വാദിക്കുന്നത്. പക്ഷേ അതിനു ചില തടസ്സങ്ങളുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ അതിനുള്ള സാഹചര്യം ധാരാളമുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. കെ. അബു : ഒരു ബില്ലുകൊണ്ടുമാത്രം ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിക്കു ആകമാനം മാറ്റമുണ്ടാക്കാൻ സാദ്ധ്യമല്ല, ഒരു പൊതുയോഗം നടത്തുമ്പോലും നാട്ടിലെ പ്രമാണിമാരുടെ അംഗീകാരം കിട്ടണമെന്നു പറയുന്ന പാലക്കാട് ജില്ലയിലെ ജനപ്രതിനിധികളായി ഇവിടെ വന്നിട്ടുള്ളത് ആരെല്ലാമാണെന്നു നമുക്കറിയാം. ജന്മിമാരുടെ പ്രതിനിധികളൊന്നും വന്നിട്ടില്ല. ആ നിലയിൽ പാലക്കാട് ജില്ലയിലെ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും ജില്ലാ സമിതിയിലുമൊന്നും ജന്മിമാരുടെ പ്രതിനിധികളും വരാനിടയില്ല. ആ സ്ഥിതിക്കു പോലീസ് അധികാരവും വികേന്ദ്രീകരിച്ചാൽ എന്താണ് ആപത്തുള്ളത്?

ശ്രീ. സി വാസുദേവമേനോൻ : എപ്പോഴും അവരുടെ കൈയിൽത്തന്നെ വരണമെന്നില്ല ഉദാഹരണമായി ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽ നിന്നും 1960-ലെ തെരഞ്ഞെടുപ്പിൽ ജയിച്ച് എണ്ണിക്കൊണ്ട് ബഹുമാനപ്പെട്ട മെമ്പർക്ക് ഈ അസംബ്ലിയിൽ വരാൻ സാധിച്ചില്ല എന്നു ഞാൻ ചോദിക്കുകയാണ്.

ശ്രീ. കെ. കെ. അബു : അപ്പോഴും ബഹുമാനപ്പെട്ട മെമ്പർ പറയുന്നതും കോൺഗ്രസ്സുകാർ ഡബ്സൻഡിംഗ് നോട്ട് എഴുതിയിട്ടുള്ളതും ഒരേ കാര്യമാണ്.

ശ്രീ സി. വാസുദേവമേനോൻ : കോൺഗ്രസ്സുകാരും കമ്മ്യൂണിസ്റ്റുകാരും ഒരു കാര്യത്തെ സംബന്ധിച്ചു പറയുന്നത് ചിലപ്പോൾ ഒരേ വാചകമായിരിക്കും. പക്ഷേ ജനങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതുവരെ ഒരു കോൺഗ്രസുകാരൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതും അതൊരു കമ്മ്യൂണിസ്റ്റ്കാരൻ പറയുന്നതും രണ്ടും രണ്ടാണ്": വാചകം ഒന്നാണെങ്കിൽക്കൂടിയും, കോൺഗ്രസ്സുകാർ സംസാരിക്കുന്നതും ജനങ്ങളെ സംബന്ധിച്ചാണ് കമ്മ്യൂണിസ്റ്റുകാർ സംസാരിക്കുന്നതും ജനങ്ങളെ സംബന്ധിച്ചാണ്.

ശ്രീ. കെ. കെ. അബു : ജനങ്ങളെ ഞങ്ങളെന്തിനാണ് കാണുന്നതെന്നുള്ളതല്ല ഇവിടത്തെ പ്രശ്നം. പോലീസ് അധികാരം വികേന്ദ്രീകരിക്കുന്നതിനെ സംബന്ധിച്ച് ഗ്രൂപ്പ് സമ്പ്രദായപ്പെട്ട മെമ്പറും ഒരേ സ്വരത്തിലാണ് സംസാരിക്കുന്നതെന്നതാണ് ഞാൻ പറഞ്ഞത്.

ശ്രീ. സി. വാസുദേവൻ നായർ : ആണോ എന്നതാണ് എനിക്കറിയില്ല. ബഹുമാനപ്പെട്ട മെമ്പർ ബഹുജനങ്ങളെ സംബന്ധിച്ച് സംസാരിക്കുന്നതും ഒട്ടുമുക്കാലും സംസാരിക്കുന്ന ആളുകൾ (ഗ്രൂപ്പിൻ ഗ്രസ്സുകാർ) ബഹുജനങ്ങളെ സംബന്ധിച്ച് സംസാരിക്കുന്നതും രണ്ടു തരത്തിലാണ്. രണ്ടും ഒന്നാണ് എന്നു ഞാൻ പറഞ്ഞാൽ ബഹുമാനപ്പെട്ട മെമ്പർ അംഗീകരിക്കുമോ എന്നു ഞാൻ ചോദിക്കുകയാണ്.

ശ്രീ. കെ. എം. മാണി : സർ, ഒരു ചോദ്യം.

ശ്രീ. വി. വി. രാഘവൻ നമ്പൂതിരി : ഇതൊരു ചോദ്യോത്തരമായിട്ട് മാറ്റം പോയാൽ ശരിയാകില്ലെന്നാണ് അഭിപ്രായം.

ശ്രീ. ടി. എ മജീദ് : മെമ്പർ യീൽഡ് ചെയ്താൽ ചോദിക്കുന്നതിൽ തെറ്റില്ല.

മി. ചെയർമാൻ: എപ്പോഴും ചോദ്യങ്ങളാണ് ചോദിച്ച് ഇതു ചോദ്യോത്തരസമയമാക്കരുത്. ഏതായാലും ശ്രീ മാണി ചോദിക്കട്ടെ. മെമ്പർ സംസാരിക്കുന്നതിനുശേഷം അനുവദിക്കാമെന്നേയുള്ളൂ.

ശ്രീ. കെ. എം. മാണി : ഈ നിയമം പാസ്സാക്കിയാൽ ഉടൻതന്നെ രാജ്യവ്യാപകമായി നടപ്പിലാക്കണമെന്നില്ല. ഈ രാജ്യത്തെ ജനങ്ങളുടെയായ സ്വരൂപിപ്പെടുവിക്കുന്ന എന്നു അവകാശപ്പെടുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാർ പ്രസിഡന്റ് ആയിട്ടുള്ള പഞ്ചായത്തുകളിൽ പരീക്ഷണാർത്ഥം ഈ പോലീസ് അധികാരം പങ്കുവെയ്ക്കുന്നതിനെപ്പറ്റി എന്താണഭിപ്രായം? അതൊന്നു പരീക്ഷിച്ചുകൂടേ?

ശ്രീ. സി. വാസുദേവൻ നായർ : അതിനിപ്പോൾ നിയമം പാസ്സാകണമെന്നില്ല. അതിനു ഇന്നായും സൗകര്യമുള്ളതുകൊണ്ടു പറ്റുന്നതേയുള്ളൂ.

അധികാരവികേന്ദ്രീകരണത്തെപ്പറ്റി സംസാരിച്ചപ്പോൾ കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ബന്ധം എങ്ങനെയാണോ ആ നിലയിലാണ് ജില്ലയും സംസ്ഥാനവും തമ്മിലുള്ള ബന്ധം എന്നു ധ്വനിപ്പിക്കുന്ന സ്വരത്തിൽ പലരും സംസാരിക്കുന്നതു ഞാൻ കേൾക്കുകയുണ്ടായി. ആ അഭിപ്രായത്തോടു എനിക്കു തീരെ യോജിപ്പില്ലെന്നു മാത്രമല്ല ഞാൻ അതിനെ ശക്തിയായി എതിർക്കുകയുമാണ്. കാരണം സംസ്ഥാനങ്ങൾക്കുള്ള അധികാരം വികേന്ദ്രീകരിച്ച് ജനങ്ങൾക്കു കൂടുതൽ ഉപകാരപ്രദമായി വിനിയോഗിക്കുന്നതും സംസ്ഥാനവും കേന്ദ്രവും തമ്മിലുള്ള ബന്ധവും രണ്ടും രണ്ടാണ്. ഒരു പ്രത്യേക ജനവിഭാഗവും ഒരു പ്രത്യേക ഭൂമിശാസ്ത്രപരമായിത്തന്നെ ഒരു പ്രത്യേക രീതിയും ഉൾക്കൊള്ളുന്ന ഒന്നാണ് സ്റ്റേറ്റ്. ആ സ്റ്റേറ്റിനു കൊടുത്തിട്ടുള്ള അധികാരങ്ങൾ കൂടുതൽ ഫലപ്രദമായ രീതിയിൽ, ജനങ്ങൾക്കു ഉപകാരപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതു കേന്ദ്രസംസ്ഥാനബന്ധവുമായി യാതൊരു തരത്തിലും ബന്ധപ്പെട്ടതാണെന്നു പറിച്ചാലും അതു ശരിയായിരിക്കുകയില്ലെന്ന അഭിപ്രായമാണ് എനിക്കുള്ളതു്. അതുകൊണ്ടു് ആ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ പറഞ്ഞിട്ടുള്ള ഫംഗ്ഷൻസിനെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്കു കൂടുതൽ ഉപകാരപ്രദമായ നിലയിൽ വികേന്ദ്രീകരിക്കണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. ജോസഫ് ചാഴിക്കാടൻ: അങ്ങു് ഇവിടെ സംസാരിക്കുന്നതു് ഒരു ജനപ്രതിനിധിയെന്നുള്ള നിലയിലാണോ അതോ മാർക്സിസ്റ്റു പാർട്ടിയുടെ പ്രതിനിധിയെന്നുള്ള നിലയിലാണോ?

ശ്രീ. സി. വാസുദേവമേനോൻ: ഞാൻ മാർക്സിസ്റ്റു പാർട്ടിയുടെ അംഗമായ ഒരു ജനപ്രതിനിധി എന്നുള്ള നിലയിലാണു് സംസാരിക്കുന്നതു്.

ഞാൻ പറഞ്ഞുവരുന്നതു് ഇതിന്റെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും അവ്യക്തമാണെന്നാണു്. ഉദാഹരണമായി അഡ്മിനിസ്ട്രേഷന്റെ കാര്യത്തിൽ ലാൻഡ് റവന്യു എന്താണെന്നുള്ളതു് അവ്യക്തമാണു്. അതിനെപ്പറ്റി വ്യക്തമായി പറയണം. റവന്യു മുഴുവൻ ജില്ലാകൗൺസിലിനു കൈകാര്യം ചെയ്യാൻ സാധിക്കുമോ എന്നും പരിശോധിക്കേണ്ടതാണു്. പ്രത്യേകിച്ചും കാർഷിക പരിഷ്കരണങ്ങളും നടപ്പിലാക്കുന്ന ഈ കാലഘട്ടത്തിൽ ഇതെല്ലാംതന്നെ പഞ്ചായത്തുകളേയോ ജില്ലാസമിതികളേയോ ഏല്പിക്കുന്നതു് ശരിയാണോ എന്നു പരിശോധിക്കണമെന്നാണു് എന്റെ അഭിപ്രായം. ജില്ലാപരിഷത്തിനാവശ്യമായ രീതിയിൽ ലാൻഡ് റവന്യുവിൽ എത്രത്തോളം നിയന്ത്രണം ആവശ്യമാണോ അത്രയും നിയന്ത്രണം മെല്ലുത്തുന്ന രീതിയിലുള്ള അധികാരങ്ങളും വിട്ടുകൊടുക്കണം. ജില്ലാതലത്തിൽ കാര്യക്ഷമമായി നടത്തുന്ന പരിധിവരെ റവന്യു അധികാരം വിട്ടുകൊടുക്കുക. അതിൽ ഏതെല്ലാം വേണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം കൂടുതൽ പരിശോധിച്ചു് ഒരു ധാരണയുണ്ടാക്കണം.

ശ്രീ. ടി. എ. മജീദ്: വില്ലേജാഫീസുകളുടെ പരിപൂർണ്ണമായ നിയന്ത്രണം പഞ്ചായത്തുകൾക്കു് ഏൽപ്പിച്ചുകൊടുക്കുന്നതിൽ വിരോധമുണ്ടോ?

ശ്രീ. സി. വാസുദേവമേനോൻ: ഭരണപരമായ പരിപൂർണ്ണ നിയന്ത്രണം പഞ്ചായത്തുകളുടെ കീഴിലാക്കുന്നതിനെ ഞാൻ നേരത്തെ പറഞ്ഞതുപോലുള്ള തടസ്സങ്ങളുണ്ടാകുമോ എന്നുകൂടി പരിശോധിക്കണം. പ്രത്യേകിച്ചും വില്ലേജുകളുടെ മേലുള്ള എല്ലാ നിയന്ത്രണങ്ങളും പഞ്ചായത്തുകളിൽ കൊണ്ടുവന്നാൽ സ്റ്റേറ്റു് പോലീസിനെ എത്രകണ്ടു് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെന്നുകൂടി ആലോചിക്കണം. സ്റ്റേറ്റു് പോലീസിനെ നടപ്പിലാക്കുന്നതിനു് തടസ്സമില്ലാത്ത രൂപത്തിൽ പഞ്ചായത്തുകൾക്കു് അധികാരം വിട്ടുകൊടുക്കുന്നതിനെ ഞാൻ അനുകൂലിക്കുകയാണു്.

അതുപോലെതന്നെ മറ്റു കാര്യങ്ങളെ സംബന്ധിച്ചു പറയുമ്പോഴും പ്രധാനമായും പല കാര്യങ്ങളെ സംബന്ധിച്ചും ആലോചിക്കുവാനുണ്ടു്. വിദ്യാഭ്യാസത്തിന്റെ കാര്യം പറഞ്ഞാൽ മുൻപു് മലബാർ ഡിസ്ട്രിക്ട് ബോർഡു് ഉണ്ടായിരുന്നപ്പോഴും ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പു് നന്നായിരുന്നു. അതുകൊണ്ടു് വിദ്യാഭ്യാസത്തിന്റെ മുഴുവൻ ചുമതല വിട്ടുകൊടുക്കുന്നതിൽ യാതൊരുപാകതയുമില്ലെന്നാണു് എന്റെ അഭിപ്രായം. ആ നിലയിൽ ജില്ലാകൗൺസിലുകൾക്കു് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മറ്റും ചുമതല വിട്ടുകൊടുക്കുന്നതിൽ വലിയ ദോഷമുണ്ടാവുകയില്ല. ഡിപ്പാർട്ടുമെന്റിനു് സാങ്കേതികമായ കാര്യങ്ങളെ സംബന്ധിച്ച കൺട്രോൾ ഉണ്ടായിരിക്കുമെന്നുള്ളതു്. അത്തരത്തിലുള്ള ഒരു കൺട്രോൾ ഉണ്ടായിരിക്കുന്നതു് നല്ലതാണു്. ഇന്നു് വിദ്യാഭ്യാസം ഒരു മഹാസമുദ്രമെന്നുള്ള നിലയിൽ കിടക്കുകയാണു്. ഒരദ്ധ്യാപകന്റെ പെൻഷൻ അടക്കമുള്ള നിസ്സാരമായ കാര്യങ്ങൾക്കു് ഇവിടെ വരേണ്ടതായ അവസ്ഥയ്ക്കു് മാറ്റമുണ്ടാക്കാൻ അദ്ധ്യാപകരിക്കും. ഒന്നരലക്ഷത്തോളം അദ്ധ്യാപകരുടെ പ്രശ്നങ്ങൾ ഇവിടെ കൈകാര്യം ചെയ്യുന്നതു് വികേന്ദ്രീകരിക്കുന്നതു് നല്ലതാണു്. അതുപോലെ പഞ്ചായത്തുകൾക്കും എൽ പി., യു. പി. സ്കൂളുകൾ നടത്താൻ വിഷമമുണ്ടായിരിക്കയില്ല. അവരെ അതിനുള്ള ചുമതല ഏല്പിച്ചുകൊടുക്കണമെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യത്തിന്റെ കാര്യത്തിലും അതുപോലെതന്നെ.

11 A.M.] ഡിസ്പെൻസറികളുടെ ചുമതല പഞ്ചായത്തുകളെ ഏല്പിക്കാം. പഞ്ചായത്തുകൾക്ക് അതിന്റെ മേൽനോട്ടം വഹിക്കാം. ജില്ലാ ആശുപത്രികളെ സംബന്ധിച്ചിടത്തോളം ജില്ലാ കൗൺസിലുകൾക്ക് അതിന്റെ ചുമതല ഏറ്റെടുക്കുന്നതിൽ തടസ്സം ഉണ്ടാവുകയില്ല. സ്റ്റോറുകൾ അതിസ്ഥാനത്തിൽ നടക്കുന്ന ക്ഷയരോഗാശുപത്രികൾ, മെഡിക്കൽ കോളേജിനോടു് അറ്റാച്ചു് ചെയ്തിട്ടുള്ള ലബോറട്ടറികൾ, തുടങ്ങിയവയെല്ലാം സ്റ്റോറിന്റെ നിയന്ത്രണത്തിലാക്കിയിട്ട് കുറെ ചെറിയ ആശുപത്രികളും ഡിസ്പെൻസറികളുമെല്ലാം ജില്ലാ കൗൺസിലുകളുടേയും പഞ്ചായത്തുകളുടേയും നിയന്ത്രണത്തിലാക്കുന്നതു് കൂടുതൽ ഉപകാരപ്രദമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

ഉദ്യോഗസ്ഥന്മാരുടെ കാര്യത്തെ സംബന്ധിച്ചു് ഇന്നലെ ശ്രീമാൻ ഗോപാലകൃഷ്ണൻ ഇവിടെ സംസാരിച്ച സമയത്തു് പറഞ്ഞിട്ടുള്ള കാര്യങ്ങളും ശരിയായിട്ടുള്ളതാണു് എന്റെ അഭിപ്രായം. അതു പരിശോധിക്കണമെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. കാരണം ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവരെ നിയന്ത്രിക്കാനുള്ള അധികാരം ജില്ലാകൗൺസിലുകൾക്കുണ്ടായിരിക്കണം. ജില്ലാ കൗൺസിലുകൾക്കു് നല്ല ചുമതല ഏല്പിച്ചുകൊടുക്കുന്നു. അങ്ങനെ ചുമതല ഏല്പിച്ചുകൊടുത്തതിനു ശേഷം ആ ചുമതല നിറവേറുന്നതിനു് സൗകര്യപ്രദമായ രീതിയിൽ, ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥന്മാരുടെമേൽ കൺട്രോൾ ഇല്ലെങ്കിൽ ആ ചുമതല ഫലപ്രദമായി നിറവേറുന്നതിനു് സാധിക്കുകയില്ല. അതുകൊണ്ടു് ജില്ലാ കൗൺസിലുകളിലെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ പേരിൽ ശിക്ഷാനടപടികൾ അടക്കം എടുക്കാനുള്ള അധികാരം ജില്ലാകൗൺസിലുകൾക്കു് ഉണ്ടായിരിക്കണം.

അതുപോലെതന്നെ ഒരു പ്രത്യേക കാര്യംകൂടി പറയാനുണ്ടു്. ഏതെങ്കിലും പ്രത്യേക ചുമതല നിർവഹിക്കുന്നതിനുവേണ്ടി വല്ല പ്രത്യേക ഉദ്യോഗസ്ഥന്മാരേയും ജില്ലാകൗൺസിലിനു വിട്ടുകൊടുക്കുകയാണെങ്കിൽ ആ ചുമതല നിർവഹിക്കുന്നതിനുവേണ്ട എല്ലാ അധികാരങ്ങളും, ആ ഉദ്യോഗസ്ഥനെ പൺടോം ചെയ്യുന്നതിനുള്ള എല്ലാ അവകാശവും ജില്ലാകൗൺസിലിനുണ്ടായിരിക്കണം. അതല്ലെങ്കിൽ ചുമതല ഏൽപ്പിക്കലും കാര്യങ്ങളും നടത്താൻ സാധിക്കാത്ത രീതിയിലായിപ്പോകും. അതുകൊണ്ടു് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു അവ്യക്തത നിൽക്കുന്നതു് ശരിയായിരിക്കുകയില്ല എന്നാണു് എനിക്കു പറയുവാനുള്ളതു്.

അതുപോലെതന്നെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം ആനുപാതിക പ്രാതിനിദ്ധ്യത്തിന്റെ കാര്യം ഇവിടെ സംസാരിക്കുകയുണ്ടായി. അതു നടത്താൻ കഴിയുമോ കഴിയുകയില്ല എന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം പല മെമ്പറന്മാരും ഇവിടെ സംസാരിച്ചുകേട്ടു. അതു ശരിയാണോ എന്നുള്ള കാര്യം ഞാൻ പരിശോധിച്ചിട്ടില്ല. അതുകൊണ്ടു് ഞാൻ ആ വിഷയത്തിലേയ്ക്കു് കടക്കുന്നില്ല. അതു തീർച്ചയായും പരിശോധിച്ചു് നടപ്പിലാക്കാൻ കഴിയുന്ന കാര്യമാണെങ്കിൽ നടപ്പിലാക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്.

പട്ടികജാതിക്കാർക്കു കൊടുത്തിട്ടുള്ള സംവരണത്തെ സംബന്ധിച്ചിടത്തോളം ഇതു പാടാണെന്നുള്ള അഭിപ്രായം എനിക്കുണ്ടു്. ഒട്ടുമുക്കതിരഞ്ഞെടുക്കപ്പെടുന്ന മെമ്പറന്മാരിൽ 10 ശതമാനമെങ്കിലും ഷെഡ്യൂൾഡ് കാസ്റ്റിനു് സംവരണം അനുവദിക്കണമെന്നാണു് എന്റെ അഭിപ്രായം. അതുമാത്രമല്ല, പല സ്ഥലങ്ങളിലുമുള്ളതുപോലെ സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ ട്രേഡ് യൂണിയൻ പ്രതിനിധികളും, കർഷകത്തൊഴിലാളികളുടെ പ്രതിനിധികളും ഇവർക്കുകൂടി പ്രാതിനിദ്ധ്യം നൽകാൻ സാധിക്കുമോ എന്നുള്ള കാര്യം പരിശോധിച്ചു് അതു പ്രായോഗികമാണെങ്കിൽ നടപ്പിലാക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, അധികാരങ്ങളെ സംബന്ധിച്ചിടത്തോളമെല്ലാം പറഞ്ഞതിനു ശേഷം, ഇതിന്റെ സാമ്പത്തിക വശത്തെ സംബന്ധിച്ചിടത്തോളം, അതെല്ലാം ഗവണ്മെന്റിൽ നിന്നും ഗ്രാന്റായും ലോണായും അനുവദിക്കുമെന്നു് പഞ്ചായത്തുകൾ കരുതിയിരിക്കുന്നതാണു്. സൗകര്യപ്രദമായ രീതി അതാണു്. ശ്രീ ഉണ്ണികൃഷ്ണപിള്ള പറയുകയുണ്ടായി നികുതി പിരിക്കുന്ന ജോലി ജില്ലാകൗൺസിലിനെ ഏല്പിക്കേണ്ടതില്ലെന്നു്. നികുതി പിരിക്കുന്ന ജോലിയൊന്നുമില്ലാത്ത ഭരണാധികാരം ജില്ലാ കൗൺസിലുകൾക്കു് ഏല്പിച്ചു കൊടുക്കുന്നതു് നല്ലതാണു്. അതിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷേ പണമില്ലാതെ കാര്യങ്ങൾ എങ്ങനെ നടത്തിക്കൊണ്ടുപോകാൻ സാധിക്കും? ഗവണ്മെന്റിൽ നിന്നും ലോണായും ഗ്രാന്റായും കിട്ടുന്ന പണത്തെ ആശ്രയിച്ചു് എത്രനാൾ നിലനിൽക്കാൻ സാധിക്കും? ഗവണ്മെന്റിന്റെ ധനസഹായത്തെ മാത്രം ആശ്രയിച്ചുകൊണ്ടു് ഒരു ഭരണസ്ഥാപനത്തിനു് നിലനിൽക്കാൻ കഴിയുകയില്ല. അതിന്റെ അർത്ഥം അതിനു കൊടുത്തിട്ടുള്ള എല്ലാ അധികാരങ്ങളും എടുത്തു മന്ത്രിസഭയ്ക്കു് തുലമാണെന്നുള്ളതാണു്. പണ്ടു് നിലവിലുണ്ടായിരുന്ന മലബാർ ഡിസ്ട്രിക്ട് ബോർഡു് അവസാനിപ്രയം പാസാക്കിയതു് നിരിച്ചുവിട്ടിട്ടുള്ളതു്. അതിന്റെ പ്രധാന കാരണം ഗവണ്മെന്റിന്റെ സൗജന്യത്തെ മാത്രം ആശ്രയിച്ചുനിന്ന ഒരു സ്ഥാപനമായിത്തീർന്നതുകൊണ്ടാണു്. സാമ്പത്തിക പരാധീനതകളും മൂലമാണു് ആ സ്ഥാപനം പിരിച്ചുവിടണമെന്നു് അവർ ആവശ്യപ്പെട്ടതു് ആ രീതിയിൽ സാമ്പത്തികമായ പരാധീനതകളും ഇവിടെയും ഉണ്ടാക്കിവയ്ക്കുന്നതു് കൊടുത്തിട്ടുള്ള എല്ലാ അധികാരങ്ങളും എടുത്തു കളയുന്നതിനു് തുല്യമായിരിക്കും. അതുകൊണ്ടു് എല്ലാ കാര്യങ്ങൾക്കും, സാമ്പത്തികമായ എല്ലാ കാര്യങ്ങൾക്കും, ഗവണ്മെന്റിനെ ആശ്രയിക്കുക എന്ന സ്ഥിതി വരുത്തിവയ്ക്കുന്നതിൽ പ്രത്യേകിച്ചു് സ്വന്തമായി നികുതി പിരിക്കുന്നതിനുള്ള അധികാരം ജില്ലാകൗൺസിലിനു കൊടുക്കണം. അതു് എത്തെല്ലാമായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം പ്രത്യേകമായി എനിക്കു് ഇപ്പോൾ പറയാൻ കഴിയുകയില്ല. ഒരു വർഗ്ഗസംഘടനകളെല്ലാം പരിശോധിച്ചു് സ്റ്റേറ്റു ഗവണ്മെന്റു് പിരിക്കുന്ന ഏതെല്ലാം നികുതികളാണു് ജില്ലാകൗൺസിലിനു വിട്ടുകൊടുക്കണമെന്നുള്ള കാര്യം തീരുമാനിക്കുകയും അതു പിരിക്കുന്നതിനുള്ള അധികാരം ജില്ലാകൗൺസിലിനു് നൽകുകയും വേണം. അങ്ങനെ ജില്ലാകൗൺസിലിനു് സ്വന്തമായി വരുമാനമുണ്ടാക്കുവാനുള്ള മാർഗ്ഗം ഉണ്ടായിരിക്കണം.

മറ്റൊന്നു്, പഞ്ചായത്തുകളും അതുപോലെതന്നെ ജില്ലാകൗൺസിലുകളെല്ലാം തന്നെ ജനാധിപത്യരീതിയിൽ സംവിധാനം ചെയ്തിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭരണസ്ഥാപനങ്ങളാണു്. ഇതെല്ലാം കഴിഞ്ഞതിനുശേഷം വീണ്ടും അവിടെ ഒരു ഐ. എ. എസ്. ഉദ്യോഗസ്ഥനെ അതിന്റെ നിയന്ത്രണം എന്നു വന്നാൽ പഴയ കപ്പത്ത ഉദ്യോഗസ്ഥ മനോഭാവം വീണ്ടും വന്നുകൂടുമല്ലോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആ ഒരു സ്റ്റേറ്റു് അടിസ്ഥാനത്തിൽത്തന്നെ ഇതിനുവേണ്ടി ജനപ്രതിനിധികളുടെ ഒരു ബോർഡോ, അല്ലെങ്കിൽ ഒരു കമ്മറ്റിയോ ഉണ്ടാക്കുന്നതു് നല്ല അഭിപ്രായമായിരിക്കുമെന്നില്ല എന്ന കാര്യം പരിശോധിക്കുന്നതു് നന്നാണു് അതല്ലെങ്കിൽ മറ്റു എന്തെങ്കിലും രംഗങ്ങളിലും ജനാധിപത്യസംവിധാനം വരുകയും ഇതിന്റെ നിലനില്പിൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥമേധാവിത്വം നിലനിന്നുപോരുകയും ചെയ്യുന്നതു് ജില്ലാകൗൺസിലുകളുടെ ഫലപ്രദമായ പ്രവർത്തനത്തിനു് സഹായമാകുമോ എന്നുള്ള കാര്യം പരിശോധിക്കണമെന്നാണു് എന്റെ അഭിപ്രായം.

പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം അതിന്റെ എക്സിക്യൂട്ടീവു് അധികാരിയാണു് പഞ്ചായത്തു പ്രസിഡന്റു് എന്നു പറയുന്നുണ്ടു്. പക്ഷേ പഞ്ചായത്തു പ്രസിഡന്റിനെ ഒരാളെ കൊണ്ടു് അധികാരം കൊടുക്കുകയും മറുകൈകൊണ്ടു് ആ അധികാരം എടുത്തുകളയുകയും ചെയ്യുന്ന രീതിയാണു് ഈ ഭേദഗതിബില്ലിൽ അവതരിപ്പിച്ചിട്ടുള്ളതെന്നാണു് എനിക്കു് പറയാനുള്ളതു്. ഇതിൽ പ്രസിഡന്റിനെ എക്സിക്യൂട്ടീവു് അതോറിറ്റിയാക്കിയിട്ടുണ്ടെങ്കിലും ഇതിലെ പ്രൊവിഷൻ

LIBRARY ARCHIVES Kerala Legislative Assembly

34അനുസരിച്ച് ആഫീസേഴ്സിനെ കൺട്രോൾ ചെയ്യാനുള്ള അധികാരം സെക്രട്ടറിക്കു കൊടുത്തിട്ടുള്ളതു്. ഇന്നലേവരെ ആ അധികാരം എക്സിക്യൂട്ടീവു് അതേ റിട്ടിയുടെ കയ്യിലായിരുന്നു. ഇപ്പോൾ സെക്രട്ടറി വേറെയും, എക്സിക്യൂട്ടീവു് അതോറിട്ടി പ്രസിഡൻറു തന്നെയും ആ അധികാരം സെക്രട്ടറിയുടെ കയ്യിൽ കൊടുത്തിരിക്കുകയാണു്. ഇതു പഴയതുപോലെ എക്സിക്യൂട്ടീവു് ആഫീസറെ നിയന്ത്രിക്കുന്ന സംപ്രദായം പുതിയ രൂപത്തിൽ ഉണ്ടാക്കൊള്ളിച്ചിരിക്കുന്നതെന്നാണു് എനിക്കു് പറയാനുള്ളതു്. അതുകൊണ്ടു് എക്സിക്യൂട്ടീവു് അധികാരം കൊടുക്കുക എന്നു പറഞ്ഞാൽ അതിലുള്ള ആഫീസറേയും സ്റ്റാഫിനേയും കൺട്രോൾ ചെയ്യാനുള്ള പരിപൂർണ്ണമായ അധികാരം പഞ്ചായത്തു പ്രസിഡൻറിനെ ഏല്പിക്കണമെന്നാണു്.

ഇവിടത്തെ പഞ്ചായത്തുരാജു് സംവിധാനം രണ്ടടിയാറെന്നുള്ള അഭിപ്രായപ്രകടനങ്ങൾ ഇവിടെ നടത്തി. ഈ കാര്യത്തിൽ എനിക്കു് ഒന്നു പറയാനുള്ളതു് ഇതിൻറെ നടപടിക്രമങ്ങളെ സംബന്ധിച്ചല്ല. രേണത്തിൻറെ അടിസ്ഥാന ഘടകം പഞ്ചായത്തായിരിക്കണമെന്നു പൊതുവേ നാം അംഗീകരിച്ചിട്ടുണ്ടു്. പക്ഷേ അടിസ്ഥാന ഘടകം പഞ്ചായത്തായി കഴിഞ്ഞാൽ അതിനു് പ്രവർത്തിക്കാനുള്ള കഴിവുണ്ടോ എന്നുള്ള കാര്യം ചിന്തിക്കേണ്ടതായിട്ടുണ്ടു്. ഇന്നുള്ള പല പഞ്ചായത്തുകളേയും സംബന്ധിച്ചിടത്തോളം അതിലെ ഉദ്യോഗസ്ഥന്മാർക്കു് ശമ്പളം കൊടുക്കാൻ മാത്രമേ കഴിയുന്നുള്ളൂ. ഇലക്ട്രിസിറ്റിക്കു് പണമടക്കുവാനുണ്ടു് ഫ്യൂസു് എടുത്തുകൊണ്ടുപോയ സംഭവങ്ങൾവരെ പല സ്ഥലത്തും ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ശോചനീയമാണു് പല പഞ്ചായത്തുകളുടേയും സ്ഥിതി. അതുകൊണ്ടു് പഞ്ചായത്തുകളെ ഒരു വയബിൾ യൂണിറ്റായി പ്രവർത്തിപ്പിക്കത്തക്ക രീതിയിൽ അതിൻറെ ഇന്നുള്ള പരിധി കൂട്ടിക്കൂടി വിപുലമാക്കുകയോ അതല്ലെങ്കിൽ പഞ്ചായത്തുകളുടേയും ജില്ലാ കൗൺസിലുകളുടേയും ഇടയിലുള്ള പരിധി ചുരുക്കുന്ന രീതിയിൽ ഡവലപ്മെൻറു് ഡിവിഷൻറെ അടിസ്ഥാനത്തിൽ ജില്ലാകൗൺസിലുകളെ സംഘടിപ്പിക്കുകയോ, ഏതാണു് സൗകര്യപ്രദമെന്നുള്ള നിലയിൽ പരിശോധിച്ചു് വേണ്ട നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. രാമുണ്ണി:</u> ഇതിൽ 31 (ഡി) യിൽ സെക്രട്ടറിയുടെ പ്രവർത്തനത്തെ സംബന്ധിച്ചു പറയുന്നുണ്ടു്. സെക്രട്ടറി എക്സിക്യൂട്ടീവു് ബോഡ്യാകുന്ന പ്രശ്നമൊ ഇതിലില്ല.

<u>ശ്രീ. സി. വാസുദേവമേനോൻ:</u> ഞാൻ പഞ്ചായത്തുകളുടെ കാര്യമാണു് പറഞ്ഞതു്

ആ രീതിയിൽ പഞ്ചായത്തുകളെ അടിസ്ഥാനഘടകമായി പ്രവർത്തിപ്പിക്കേണ്ടതിനു യൂണിറ്റായി രൂപാന്തരപ്പെടുത്തണം. വിസ്തീർണ്ണം, ജനസംഖ്യ മുതലായവയെല്ലാം വച്ചുനോക്കുമ്പോൾ അതു് ഒരു അഡ്മിനിസ്ട്രേറ്റീവു് യൂണിറ്റായി പ്രവർത്തിക്കാൻ സാദ്ധ്യമാണോ? ഇന്നു് ഒരു വില്ലേജു് പഞ്ചായത്തിലുള്ള ജനങ്ങളുടെ ദൈനംദിന കാര്യങ്ങളെ സ്പർശിക്കുന്ന എല്ലാ കാര്യങ്ങളിലും ഇടപെട്ടു പ്രവർത്തിക്കാനുള്ള സജ്ജീകരണങ്ങളും ഉണ്ടാക്കിക്കൊടുക്കാൻ ഇന്നു് ഒരു പഞ്ചായത്തിനു സാദ്ധ്യമാണോ? അല്ല. ആ രീതിയിൽ പ്രവർത്തിക്കണമെങ്കിൽ പഞ്ചായത്തുകൾക്കു് വരുമാനമാർഗ്ഗങ്ങളും ഉണ്ടാക്കിക്കൊടുക്കുന്ന രീതിയിൽ മാറ്റംവരുത്തണം. അതു സാദ്ധ്യമാകുമെങ്കിൽ ഇന്നുള്ള പഞ്ചായത്തുകളുടെ രൂപംതന്നെ മാറ്റി കുറച്ചുകൂടി വിപുലീകരിക്കുകയോ അതുമല്ലെങ്കിൽ വേറെ എന്തെങ്കിലും ഏർപ്പാടുകൾ ചെയ്യുകയോ വേണമെന്നാണു് എൻറെ അഭിപ്രായം. പഞ്ചായത്തുകൾക്കു് ഒരു ലക്ഷം ഉറുപ്പിക വീതം ഗ്രാൻറു് കൊടുക്കണമെന്നു പറയാൻ സാധിക്കുകയില്ല. അതായതു് ഒരു ലക്ഷം ഉറുപ്പിക വീതം ഗ്രാൻറു് കൊടുക്കണമെന്നു വേണമെങ്കിൽ പറയാൻ സാധിക്കും. പക്ഷേ അതു് പ്രായോഗികമായി നടപ്പിൽവരുത്താൻ സാദ്ധ്യമല്ല എല്ലാ പഞ്ചായത്തുകൾക്കും ഗ്രാൻറു് കൊടുക്കുന്നതിനു സ്റ്റേറ്റു് ഗവണ്മെൻറിനു് സാധിക്കുകയില്ല. എന്തെങ്കിലും പ്രത്യേകമായി ഒരു ആവശ്യം വരുന്ന സമയത്തു് നാം കേന്ദ്രഗവണ്മെൻറിൻറെമുമ്പിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഡിമാൻറ്" വയ്ക്കും. അതുകൊണ്ട് ഗ്രാൻറ് കൊടുക്കുന്നതാണോ പ്രായോഗികം അതല്ല ഫലപ്രദമായി പ്രവർത്തിക്കുന്ന യൂണിറ്റുകൾക്കായി ശുപാർശപ്പെടുത്തുന്നതാണോ പ്രായോഗികമെന്നുള്ള കാര്യം ചിന്തിക്കണമെന്നാണ് എൻറെ അഭിപ്രായം.

സർ, ഈ സന്ദർഭത്തിൽ മറൊരു പ്രധാന കാര്യം കൂടി ഓർമ്മിപ്പിക്കാനുണ്ട്. ഡിസംബർ മാസത്തിൽത്തന്നെ പഞ്ചായത്തുതിരഞ്ഞെടുപ്പ് നടന്നാൽ ജനുവരിയോടുകൂടി പഞ്ചായത്തുകളെല്ലാം നിലവിൽവരും. വളരെവേഗത്തിൽ തിരഞ്ഞെടുപ്പ് നടത്തണമെന്നതന്നെയാണ് എൻറെയും അഭിപ്രായം. അങ്ങനെയാണെങ്കിൽ ഒന്നുകിൽ അടിയന്തിരമായി ഈ നിയമം പാസ്സാക്കിയെടുക്കണം. അതല്ലെങ്കിൽ പഞ്ചായത്തു ആക്ടിൽ വരുത്തേണ്ട ഭേദഗതികളെങ്കിലും ഉടനെ പാസ്സാക്കിയെടുക്കണം. അല്ലെങ്കിൽ വോട്ടർമാർക്ക് ഒന്നും വിശദീകരിച്ചു പറഞ്ഞുകൊടുക്കാൻ സാധിക്കുകയില്ല. ആ രീതിയിലുള്ള ഒരു തിരഞ്ഞെടുപ്പ് നടത്തുന്നതു ശരിയാവുകയില്ലെന്നാണ് എൻറെ അഭിപ്രായം.

ഇന്നു പഞ്ചായത്തുകൾക്കുള്ള വരുമാനം വളരെ തുച്ഛമാണ്. അക്കാര്യം എല്ലാവർക്കുമറിയാം. അതു വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളെടുക്കണമെന്നാണ് അടുത്തതായി പറയാനുള്ളതു് അതിനു പ്രധാനമായി ഇന്നു് എക്സൈസ് ഡിപ്പാർട്ടുമെൻറ് പിരിക്കുന്ന ചെത്തിനുള്ള വൃക്ഷക്കരം അവർക്കു വിട്ടുകൊടുക്കണം. അതുപോലെതന്നെ ഗവണ്മെൻറു് പിരിക്കുന്ന വ്യവസായ്കേഷൻ സെസ്സിൻറെ നല്ല ഒരു ഭാഗം പഞ്ചായത്തുകൾക്കു് കൊടുക്കണം. കൂടാതെ മോട്ടോർ വെഹിക്കിൾ ടാക്സിൻറെ നല്ല ഒരു ഭാഗവും രജിസ്ട്രേഷൻ ഫീസിൻറെ നല്ലൊരു ഭാഗവും പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കണം. ഇതിനുവേണ്ട പ്രായോഗിക നടപടികളും സ്വീകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടും മറ്റു കാര്യങ്ങളും ഇതിൻറെ വകുപ്പു ചർച്ച നടക്കുന്ന അവസരത്തിൽ പറയാമെന്നു വിചാരിച്ചുംകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ ജി. ഗോപിനാഥൻപിള്ള: സർ, ഇന്നു് നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന സെലക്ററ് കമ്മിറ്റി റിപ്പോർട്ട ചെയ്യപ്രകാരമുള്ള ഈ ബിൽ യാതൊരു വ്യത്യാസവുംകൂടാതെ അംഗീകരിക്കണമെന്നാണ എൻറെ അഭിപ്രായം. ജനാധിപത്യ വ്യവസ്ഥിതിയെക്കുറിച്ചു് പല വ്യാഖ്യാനങ്ങളും ഇവിടെ നടക്കുകയുണ്ടായി. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളിലേയ്ക്കു് അധികാരം കൈമാറം ചെയ്യുന്നതുകൊണ്ടു് യാതൊരു അപാകതയും വരാൻപോകുന്നില്ലെന്നാണ് എൻറെ വിശ്വാസം. പണ്ടു് ബ്രിട്ടീഷ് ഭരണകാലത്തു് ഇൻഡ്യാക്കാർക്കു് ഭരണഭാരം ഏറ്റെടുക്കാൻ സാധിക്കുകയില്ലെന്നു് ബ്രിട്ടീഷുകാർ പറഞ്ഞിരുന്നു എന്നിട്ടു് ഇപ്പോൾ ഇൻഡ്യാക്കാർ ഇൻഡ്യ ഭരിക്കുന്നില്ലേ? അതുപോലെ പഞ്ചായത്തുകളും ഭരിക്കും. ചില മെമ്പർമാരുടെ വിദ്യാഭ്യാസകാര്യത്തിൽ കുറവുണ്ടായിരിക്കുന്നതുകൊണ്ടു് ജനപ്രതിനിധികളായിരിക്കുന്ന നമ്മളെക്കൂടി ജനപ്രതിനിധിസഭകളിലേയ്ക്കു് അധികാരം പകർന്നുകൊടുക്കുന്നതിനു് എന്തോ വൈമനസ്യം ഉള്ളതുപോലെതോന്നുന്നു. എം. എൽ ഏ ആയിക്കഴിഞ്ഞാൽ പിന്നെ സകല കാര്യവും എം. എൽ. ഏ. യുടെ കൈയിൽത്തന്നെ ഇരിക്കണം; അതിൽ ആരും കൈകടത്തരുതു് എന്നുള്ള ധാരണയിൽക്കൂടിയാണു് ഇത്തരത്തിലുള്ള ഒരു ധാരണ വരുന്നതു് വാസ്തവത്തിൽ എം. എൽ. എ. ആകാതിരിക്കുകയാണു് നല്ലതു്. ഇന്നു അധികാരവികേന്ദ്രീകരണം നടപ്പാക്കണമെന്നു് പറയുകയും ചില വകുപ്പുകളെസംബന്ധിച്ചു് അധികാരകേന്ദ്രീകരണം വേണമെന്നും പറയുമ്പോൾ ഇതിനകത്തു് എന്തൊക്കെയോ പാകപ്പിഴകൾ വന്നിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല ബഹുമാനപ്പെട്ട വാസുദേവമേനോൻ പറയുകയുണ്ടായി, ലാ ആൻഡ് ഓർഡറും റവന്യൂ അഡ്മിനിസ്ട്രേഷനും ഒഴിച്ചു് ബാക്കിയുള്ളതെല്ലാം വിട്ടുകൊടുക്കണമെന്നു് അങ്ങനെയാണെങ്കിൽ പഞ്ചായത്തുകൾക്കു് യാതൊരു വരുമാനവും ഉണ്ടായിരിക്കുകയില്ല വൃക്ഷക്കരവും മറ്റും കൂടണമെന്നു പറയുമ്പോൾ അതിലും അഡ്മിനിസ്ട്രേഷൻറെ അംശങ്ങൾ വരുന്നുണ്ടെന്നുള്ളതു് എൻറെ ബഹുമാന്യസുഹൃത്തുക്കൾ മനസ്സിലാക്കണം. റവന്യൂ അഡ്മിനിസ്ട്രേഷൻ മാറ്റി ലാ ആൻഡ് ഓർഡർ വിട്ടുകൊടു

LIBRARY ARCHIVES Kerala Legislative Assembly

ത്താലും സ്റ്റോറ് ഗവണ്മെൻറിന്റെ അധികാരങ്ങളൊന്നും കുറയുന്നില്ല. നമ്മുടെ രാജ്യത്തുള്ള ആളുകളെപ്പറ്റിയും ഇന്ന് എല്ല കാര്യങ്ങളും ശ്രദ്ധിക്കേണ്ടി വരുകയാണ്. എത്ര നിസ്സാരപ്പെട്ട കാര്യങ്ങളായാലും സെക്രട്ടേറിയറ്റ് ലവലിലും മാറും വന്നാലേ നടക്കുകയുള്ളൂ. ആ സ്ഥിതി മാറിയേ തീരൂ. അതുകൊണ്ട് പഞ്ചായത്തുകൾക്ക് ഈ ബില്ലിൽ പറയുന്ന അധികാരങ്ങൾ വിട്ടുകൊടുക്കണം. അങ്ങനെ വരുമ്പോൾ ചില ആഫീസർമാരെയും ഉദ്യോഗസ്ഥന്മാരെയും നിയമിക്കേണ്ടതായിവരും. ഇങ്ങനെ ജനങ്ങൾക്ക് അധികാരം പകുത്തുകൊടുക്കുന്നതുകൊണ്ട് സ്റ്റേറ്റ് ഗവണ്മെൻറിന്റെ അധികാരം കുറയുകയുമില്ല. എന്നാൽ എല്ലാ കാര്യത്തിലും മന്ത്രിമാരും എം.എൽ.എമാരും സെക്രട്ടേറിയേറ്റുമൊക്കെ തലയിടുന്ന കാര്യം കുറയുകയും ചെയ്യും. അതുപോലെതന്നെ എല്ലാ കാര്യങ്ങൾക്കും സെക്രട്ടേറിയറ്റിലേക്ക് വരേണ്ട ഗതികേട് ഇല്ലാതാകുകയും ചെയ്യും. സാധാരണക്കാരന്റെ എല്ലാ പ്രശ്നങ്ങളും പഞ്ചായത്തുലവലിലും ജില്ലാപരിഷത്തു് ലെവലിലും സാധിച്ചെടുക്കുന്ന പരിതഃസ്ഥിതി സംജാതമായേ തീരൂ. അതിനു് ഏറ്റവും പറ്റിയ ബില്ലാണ് ഇതു്. അതുകൊണ്ടു് ഇതിൽ വലിയ മാറ്റമൊന്നും വരുത്തേണ്ട ആവശ്യമില്ല. എം.എൽ.എ. മാർ എക്സ് ഒഫിഷ്യോ മെമ്പർമാരായി വരണമെന്ന ഒരു വ്യവസ്ഥയും ഈ ബില്ലിലുണ്ടു്. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയശഃശരീരനായ ശ്രീ. അഹമ്മദ്കുരിക്കൾ പേട്ടറെ അവർകൾ ചെയർമാനായി സെലക്ട് കമ്മിറ്റിയിൽ ചർച്ചചെയ്തതിനുശേഷം എല്ലാ മെമ്പർമാരുടെയും അഭിപ്രായങ്ങളും ആരാഞ്ഞുകൊണ്ടു് ഒരു ബിൽ രാജപ്പെടുത്തിയപോലും ഇല്ലാതെ ഇതു പാസ്സാക്കിയെടുക്കണമെന്നാണു് ആഗ്രഹിച്ചിട്ടുള്ളതു്. ഇതിൽ സാങ്കേതികമായ കാര്യങ്ങളും മാത്രം ഉൾപ്പെടുത്തിക്കൊണ്ടു് ഇപ്രകാരം പാസ്സാക്കിയെടുക്കണമെന്നു് ഞാൻ സഭയോടു് അഭ്യർത്ഥിക്കുകയാണു്.

ടാക്സിന്റെ റേറ്റ് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. മൂന്നിലൊന്നു പഞ്ചായത്തുകളുകിലും മുനിസിപ്പാലിറ്റികളേക്കാൾ ആദായമുള്ളവയായിരിക്കും. പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും ഒരേ രീതിയിൽ കൈകാര്യം ചെയ്യുന്നതിനു ഈ ബില്ലിൽ വേണ്ട വ്യവസ്ഥകളും ഉൾക്കൊള്ളിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

അതുപോലെതന്നെ ജില്ലാ കൗൺസിലിലെ ഉദ്യോഗസ്ഥന്മാരുടെ കാര്യമെടുക്കണം. നമ്മുടെ നാട്ടിലുള്ള ആളുകൾ തന്നെയാണു് ഇംഗ്ലണ്ടിലും അമേരിക്കയിലുമൊക്കെ പോയി പഠിച്ചുവരുന്നതു്. ജില്ലാ സമിതികളിലേയ്ക്കു് ജനപ്രതിനിധികളെമാത്രം എടുത്താൽ പോരാ. ഈ ഉദ്യോഗസ്ഥന്മാരെയുംകൂടി നിയമിക്കേണ്ടതാണു്. അവർ നമ്മുടെ നാട്ടിൽ ജനിച്ചുവളർന്ന ആളുകളാണു്. പുറത്തുനിന്നും വന്നവരല്ല.

നമുക്കു് ഇപ്പോൾ പത്തു ശില്പകരം ഉണ്ടു്. നമ്മുടേതു പത്തു ശില്പകർ ലായി വികേന്ദ്രീകരിക്കുകയാണു്. രാഷ്ട്രീയനേതാക്കളിയാണു് അധികാരവികേന്ദ്രീകരണം നടപ്പിലാക്കുന്നതു്. അതിനീതികരം തുടച്ചുമാറുകയാണു് ജില്ലാ പരിഷത്തുകളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനതത്വം.

ഈ സഭയിലെ എല്ലാ അംഗങ്ങളും മനഃസ്ഥിതിയോടുകൂടി ഈ ബില്ലു് ചർച്ചചെയ്തു് പാസ്സാക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. പഞ്ചായത്തു് ഇലക്ഷൻ ഈ ഡിസംബറിൽത്തന്നെ നടത്തേണ്ടതാണു്. അതിനുമുമ്പു് ഈ സെഷനിൽത്തന്നെ ഈ ബിൽ പാസ്സാക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. എ കെ അപ്പു: സർ സെലക്ട് കമ്മിറ്റി ഭേദഗതി ചെയ്ത നിലയിലുള്ള ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണു്. ഈ ബില്ലു് ഈ നിയമസഭയിൽ ആദ്യമായി അവതരിപ്പിച്ചപ്പോൾ പലർക്കുമധികം സന്തോഷം പ്രകടിപ്പിക്കാത്ത വ്യക്തിയാണു് ഞാൻ. പണ്ടത്തെ മലബാർ ഡിസ്ട്രിക്ട് ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ രീതിയിൽത്തന്നെയാണെന്നാണ് അന്ന ഞാൻ പറഞ്ഞിരുന്നത്". പക്ഷേ ഭേദഗതി ചെയ്ത നിലയിൽ ഈ ബില്ലിൽ വളരെവളരെ നല്ല കാര്യങ്ങളം ഉൾക്കൊണ്ടിട്ടുണ്ട്". ശരിക്കും വികേന്ദ്രീകരണത്തിനുള്ള എല്ലാ കാൽവയ്പുകളും ഇതിൽ നടത്തിയിട്ടുണ്ട്". ആ നിലയ്ക്ക് എല്ലാ പാർട്ടികളും സ്വാഗതം ചെയ്യേണ്ട ഒരു ബില്ലാണ് ഇതെന്ന പറയുന്നതിന് എനിക്ക അശേഷം മടിയില്ല. എങ്കിലും ചില നിർദ്ദേശങ്ങളം മാത്രം ഇവിടെ വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിൽ ഒന്ന് സെലക്ട് കമ്മിറ്റി പേരു മാറ്റിയതിനെ സംബന്ധിച്ചാണ്. പേരു മാറ്റാൻ ഉണ്ടായ പ്രചോദനം എന്താണെന്ന് എനിക്ക മനസ്സിലാകുന്നില്ല. പേരിനു പ്രാധാന്യം കല്പിക്കുന്ന വ്യക്തിയല്ല ഞാൻ എങ്കിലും ഉള്ളപേരു മാറ്റി മറൊരു പേരു സ്വീകരിക്കുവാൻ തക്കതായ യാതൊരു കാരണവും എന്റെ എളിയ ബുദ്ധിയിൽ കാണുന്നില്ല. പഞ്ചായത്തിരാജ് ബിൽ എന്നു പറഞ്ഞാൽ മലയാളികൾക്ക് അതു വളരെ വ്യക്തമാണ്. തദ്ദേശസ്വയംഭരണം എന്നു പറയുന്നതിനേക്കാൾ വളരെവ്യക്തമാണ് പഞ്ചായത്തിരാജ് എന്നു പറയുന്നതു". പേരെന്തായാലും ശരി സംഗതികൾ എന്താണെന്നു നോക്കിയാൽ മതി. ആ നിലയ്ക്ക് വേറെ ചില നിർദ്ദേശങ്ങൾ പറയാനാഗ്രഹിക്കുന്നു. പഞ്ചായത്തുകൾക്ക് ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ ചെലവു വഹിക്കണമെങ്കിൽ തീർച്ചയായിട്ടും വരുമാനം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്". പഞ്ചായത്തു പ്രസിഡണ്ടിനു 100 കയാണ ശമ്പളം നിർദ്ദേശിച്ചിട്ടുള്ളതു". വലിയ ഉത്തരവാദിത്വങ്ങൾ നിവ്വഹിക്കുവാനുള്ളതുകൊണ്ട് 100 കയെന്ന ബില്ലിൽ പറഞ്ഞിട്ടുള്ളതു അപര്യാപ്തമാണ്. 250 രൂപയെങ്കിലും ശമ്പളം കൊടുക്കണം. 5000 രൂപ മുതൽ 10000 രൂപ വരെ വരുമാനമുള്ള പഞ്ചായത്തുകൾ വളരെയുണ്ട്". അവയ്ക്ക് ഈ ശമ്പളം കൊടുത്തു തീർക്കുകതന്നെ പ്രയാസമായിത്തീരും. ഇന്നു മൂന്നു ഗ്രേഡിലുള്ള പഞ്ചായത്തുകൾ ഉണ്ട്". ഒരു ലക്ഷത്തിൽപരം പ്രതിവർഷവരുമാനമുള്ള പഞ്ചായത്തുകൾ ഫസ്റ്റ് ഗ്രേഡ് പഞ്ചായത്തുകളാണ്. അപ്രകാരം അറുപത്തെട്ട പഞ്ചായത്തുകളുണ്ട്". സെക്കൻറ് ഗ്രേഡ് പഞ്ചായത്തുകൾക്ക് 50000 ത്തിനും ഒരുലക്ഷത്തിനും ഇടയിൽ രൂപ പ്രതിവർഷ വരുമാനമുണ്ടായിരിക്കും. ഇപ്രകാരം 597 പഞ്ചായത്തുകളാണ് ഉള്ളതു". 254 പഞ്ചായത്തുകൾ 5000 ത്തിനും 50000 ത്തിനും ഇടയ്ക്കു വരുമാനമുള്ളവയാണ്". അതായതു തുച്ഛ വരുമാനമുള്ളവയാണ്". ഞാൻ താമസിക്കുന്ന പഞ്ചായത്തിന്റെ വരുമാനം പതിനായിരം രൂപയിൽ കുറവാണ്". അങ്ങനെയുള്ള പഞ്ചായത്തുകളിൽ വസിക്കുന്ന ആളുകൾക്ക് ആ പഞ്ചായത്തുകളെക്കുറിച്ചു ഒരു കാലത്തും നല്ല അഭിപ്രായം ഉണ്ടാകുകയില്ല. കാരണം ശമ്പളം കൊടുത്തുകഴിഞ്ഞാൽ പിന്നെ ആ പഞ്ചായത്തിൽ ഒരു കാലുങ്കൽ പോലും കെട്ടാൻ സാധിക്കുകയില്ല. അതുകൊണ്ട് എന്റെ നിർദ്ദേശം ജനസംഖ്യയും വിസ്തൃതിയും കണക്കാക്കിക്കൊണ്ട് ഏറ്റവും പുതുങ്ങിയതു 50000 രൂപയെങ്കിലും വരുമാനമില്ലാത്ത പഞ്ചായത്തുകൾ ഉണ്ടാകരുതു". വരുമാനം വളരെ കുറവാണെങ്കിൽ വരുമാനം വർദ്ധിപ്പിക്കാൻ പഞ്ചായത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കണമെന്നുള്ള നിർദ്ദേശം ഞാൻ വയ്ക്കുകയാണ്".

മറൊന്നു പറയുവാനുള്ളതു ഫൈനാൻസ് കമ്മീഷൻ ഗ്രാന്റു നിർദ്ദേശിക്കുമെന്നു പറഞ്ഞതല്ലാതെ ഇതു സംബന്ധിച്ചു എന്തെങ്കിലും കൂടുതലായിട്ട ഈ ബില്ലിൽ നിർദ്ദേശിക്കാത്തതുകൊണ്ട് ധനകാര്യ കമ്മീഷനെ സംബന്ധിച്ചു വളരെ അത്യന്തം ഈ ബില്ലിൽ ഉൾക്കൊള്ളുന്നുണ്ട് എന്നാണ്". മലബാർ ഡിസ്ട്രിക്ട് ബോർഡിനു ഈ വിഷമം അക്കാലത്തു ഉണ്ടായിരുന്നു. അഞ്ചും ആറും മാസക്കാലമായാലും മലബാർ ഡിസ്ട്രിക്ട് ബോർഡ് ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കിട്ടാത്ത ഒരവസ്ഥ ഉണ്ടായിരുന്നു ഈ ഒരവസ്ഥ ഡിസ്ട്രിക്ട് കൗൺസിലുകൾ ഉണ്ടാകരുതു എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാനിതു പറയുന്നതു. ഇതിൽ പറയുന്ന താലൂക്ക് കൗൺസിലുകൾ ആവശ്യമുണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്. എന്റെ അഭിപ്രായമാണെങ്കിൽ പഞ്ചായത്തു, ജില്ല, സ്റ്റേറ്റ്, കേന്ദ്രം എന്നീ നാലുതരത്തിലുള്ള ഭരണം മതിയെന്നാണ്. താലൂക്ക് കൗൺസിലുകൾക്ക് ഒരു ഉപദേശക

LIBRARY ARCHIVES Kerala Legislative Assembly

സമിതി എന്നതിൽ കവിഞ്ഞു വലിയ പ്രാധാന്യമൊന്നും ഇതിൽ കൊടുത്തിട്ടില്ല. കാലതാമസം വരുത്താനുള്ള ഒരു ഉപാധിയാകുമെന്നല്ലാതെ മറ്റു പ്രയോജനമൊന്നും ഉണ്ടാകുകയില്ലെന്നാണു് എന്റെ വിശ്വാസം.

മറ്റൊന്നുള്ളതു് ഈ ബില്ലിൽ പറയുന്ന അധികാരങ്ങളെപ്പറ്റിയാണു്. അതായതു് പഞ്ചായത്തിനും ജില്ലാകൗൺസിലിനും നൽകിയിട്ടുള്ള അധികാരങ്ങളെ സംബന്ധിച്ചു്. ഏറെക്കുറെ ഞാൻ അതിനോടു യോജിക്കുകയാണു്. പക്ഷേ അവിടെയും ഞാൻ കാണുന്നതു് ഒരു അവ്യക്തതയാണു്. ഉദാഹരണമായി പോലീസിന്റെ കാര്യം പറയുകയാണെങ്കിൽ സ്റ്റേറ്റിനും ഡിസ്ട്രിക്ടു് കൗൺസിലിനും അധികാരമുള്ള കൺകറന്റു് സബ്ജക്റ്റാക്കിയിരിക്കുകയാണു്. അതു്, ഇന്നു പരിധിവരെ ഡിസ്ട്രിക്റ്റു് കൗൺസിലിനു് അധികാരമുണ്ടു് എന്നും സ്റ്റേറ്റിനു് ഇന്നയിന്ന തരത്തിലുള്ള അധികാരങ്ങളുണ്ടു് എന്നും വ്യക്തമാക്കണം. ഒരു പക്ഷേ മറുപടിയിൽ പറഞ്ഞേക്കും റൂൾസിൽ വ്യക്തമാക്കിയാൽ പോരേ എന്നു്. പോരാ എന്നാണു് എന്റെ അഭിപ്രായം. കാരണം റൂൾസ് ഉണ്ടാക്കുന്നതു് അതാതുകാലത്തു് വരുന്ന ഗവണ്മെന്റുകളാണു്. കഴിയുന്ന വേഗത്തിൽ അതു് സംഭവിക്കുമ്പോഴെക്കെ വെക്കണം എന്നു പറയുകയല്ലാതെ ഇത്ര കാലത്തിനകത്തു് വേണമെന്നു യാതൊരു നിബന്ധനയും ഇല്ല. രണ്ടുമൂന്നുവർഷം കഴിഞ്ഞാണു് ഈ സഭയിൽത്തന്നെ പല റൂളുകളും മേശപ്പുറത്തു് വച്ചിട്ടുള്ളതു്. ആ രീതിയിൽ റൂൾ ഉണ്ടാക്കിക്കൊണ്ടു് ഡിസ്ട്രിക്ടു് കൗൺസിലിനെ പ്രാപ്തമാക്കാൻ സാധിക്കും. ആ അവ്യക്തത ഇല്ലാതാക്കാൻ രണ്ടിനും അധികാരമുള്ള സംഗതികൾ വ്യക്തമായിട്ടു് നിണ്ണയിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

പ്രൈമറി വിദ്യാഭ്യാസത്തെസംബന്ധിച്ചു് ഇന്നലെ രണ്ടുതരത്തിലുള്ള അഭിപ്രായഗതികൾ ഇവിടെ കേട്ടു. പ്രൈമറി വിദ്യാഭ്യാസം പഞ്ചായത്തിന്റെ അധികാരത്തിൽ വരുമെന്നും വരണമെന്നും രണ്ടുതരത്തിലുള്ള അഭിപ്രായങ്ങളാണു് കേട്ടതു്. വരുമെന്നു പറയുന്നുള്ള കാരണം പ്രൈമറിസ്കൂളിലെ അദ്ധ്യാപകർ തിരഞ്ഞെടുക്കപ്പെട്ടാൽ ഭരണകത്താവും ഉദ്യോഗസ്ഥനും ഒരുപോലായിപ്പോകും അതുകൊണ്ടു് പാടില്ല എന്നാണു്. പക്ഷേ ആ വാദഗതിയോടു് വളരെയൊന്നും യോജിക്കാൻ നിവൃത്തിയില്ല. അങ്ങനെയാണെങ്കിൽ ജനാധിപത്യഭരണം തന്നെ നടക്കാതെയിത്തീരും. പാർട്ടിയിൽ പ്രവർത്തകരാൽ നിയന്ത്രിക്കപ്പെടുന്ന മന്ത്രിതന്നെ പാടില്ലെന്നു പറയുന്നതുപോലെയാണു് പ്രൈമറിവിദ്യാഭ്യാസത്തിനു് പഞ്ചായത്തുകൾക്കു് അധികാരം പാടില്ലെന്നു പറയുന്നതു്. സെക്കൻഡറി വിദ്യാഭ്യാസം ജില്ലാപരിഷത്തിനു കൊടുത്തതു് നന്നായി എന്നാണു് എനിക്കു പറയാനുള്ളതു്. പക്ഷേ അതിന്റെ അർത്ഥം, ഐകരൂപ്യം വേണ്ട സംഗതികൾ വെവ്വേറെ തീരുമാനിക്കണമെന്നല്ല. സിലബസ്സു് കോഴ്സു് മുതലായവ പോലുള്ള ഐകരൂപ്യമുണ്ടാവേണ്ട കാര്യങ്ങൾ നിർണ്ണയിക്കുന്നതിനുള്ള അധികാരം സ്റ്റേറ്റു് ഒട്ടാകെ വേണം. മറ്റുള്ള കാര്യങ്ങൾ നിർണ്ണയിക്കുന്നതിനുള്ള അധികാരം ജില്ലാപരിഷത്തിനുണ്ടായിരിക്കണം. അങ്ങനെയാണെങ്കിൽ, ഇന്നു സെക്രട്ടറിയേറ്റിൽ വരേണ്ട 99 ശതമാനം കാര്യങ്ങൾക്കും ജില്ലാലെവലിൽ തീരുമാനമെടുക്കാൻ സാധിക്കുമെന്ന അഭിപ്രായമാണെനിക്കുള്ളതു്.

മറ്റൊരു വിവാദപരമായ കാര്യം എം. എൽ. എ. മാർക്കു് ജില്ലാകൗൺസിലിലുള്ള അംഗത്വമാണു്. എന്റെ അഭിപ്രായം ഇന്നു ബില്ലിൽ കൊടുത്തിട്ടുള്ള വകുപ്പു് അതേപടി സ്വീകരിക്കണമെന്നാണു്. എം. എൽ. എ. ക്കു് ഒഫിഷ്യോ ആയി ജില്ലാകൗൺസിലിൽ പങ്കെടുക്കാൻ അധികാരം വേണം. പക്ഷേ വോട്ടവകാശം പാടില്ല എന്നാണു് എന്റെ അഭിപ്രായം. ഒരു കോ-ഓർഡിനേറ്റർ എന്ന നിലയിൽ ജില്ലാപരിഷത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്താനും അതുപോലെ ഗവണ്മെന്റിന്റെ നിർദ്ദേശങ്ങളുണ്ടെങ്കിൽ നടപ്പാക്കാൻ വേണ്ട ഏകോപനം നടത്തുന്ന ഒരംഗമായിരിക്കണം. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

നോക്കുമ്പോൾ എം. എൽ. എ. ജില്ലാപരിഷത്തിൽ വോട്ടവകാശം വേണമെന്നു പറഞ്ഞാൽ ശരിയാവുകയില്ല; നേരേമറിച്ച് അതു വികേന്ദ്രീകരണതത്വത്തിനു് എതിരുമായിരിക്കും. അധികാരം വികേന്ദ്രീകരിച്ചു കഴിഞ്ഞശേഷം വീണ്ടും സ്റ്റേറ്റു നിലവാരത്തിലുള്ളയാളുകൾക്കു് അതു പങ്കുവച്ചുകൊടുക്കണം എന്നു പറയുന്നതു തെറ്റാണു്.

ഇനി തിരഞ്ഞെടുപ്പിനെ സംബന്ധിച്ചാണു് പറയാനുള്ളതു്. ജില്ലാകൗൺസിലിലേക്കു് സ്ഥാനാർത്ഥിയായി നിൽക്കാൻ 25 വയസ്സു് വേണമെന്നു നിർദ്ദേശിച്ചിരിക്കുകയാണു്. അതു കവിഞ്ഞുപോയില്ലേ എന്നു ചിന്തിക്കണം. 21 വയസ്സു് മതിയെന്നു് വയ്ക്കുകയായിരിക്കും കൂടുതൽ അഭികാമ്യം എന്നു ഞാൻ നിർദ്ദേശിക്കുകയാണു്. ഇന്നു് കൂടുതൽ പുരോഗമനപരമായ അഭിപ്രായഗതികൾ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം ഉണ്ടായിത്തുടങ്ങിയിട്ടുണ്ടു്. 18 വയസ്സുമുതൽ വോട്ടവകാശം നൽകണമെന്ന അഭിപ്രായമുണ്ടായിട്ടുണ്ടു്, പ്രൊപ്പോർഷണൽ റെപ്രസന്റേഷനെപ്പറ്റി പറയുന്നുണ്ടു്. ഇങ്ങനെയുള്ള ചിന്താഗതികൾ ജനങ്ങളുടെയിടയിൽ പടർന്നുപിടിച്ചിരിക്കുന്ന ഈയവസരത്തിൽ 21 വയസ്സിൽ കവിഞ്ഞ പ്രായപരിധി വയ്ക്കുന്നതു് ജനാധിപത്യപരമല്ല എന്നാണു് എന്റെ അഭിപ്രായം. അതുപോലെ സ്ത്രീകൾക്കു് റിസർവേഷൻ നൽകണമെന്നും ഞാൻ അഭിപ്രായപ്പെടുകയാണു്. അല്ലെങ്കിൽ ജില്ലാകൗൺസിലുകൾ ഈ നിയമസഭപോലെ ആയിപ്പോകും; 133 സീറ്റുകളുള്ളതിൽ ഒരു സ്ത്രീക്കുമാത്രമേ പങ്കെടുക്കാൻ സാധിക്കുന്നുള്ളൂ; ആ അവസ്ഥ ജില്ലാകൗൺസിലിനെ സംബന്ധിച്ചും ഉണ്ടാകും.

ശ്രീ. പി. എസ്. നമ്പൂതിരി: സെലക്ട് കമ്മിറ്റിയിൽ തെളിവുതന്ന എല്ലാ സ്ത്രീകളും സ്ത്രീസംഘടനകളും ഇങ്ങനെയല്ല അഭിപ്രായപ്പെട്ടിട്ടുള്ളതു്. സ്ത്രീക്കു് പ്രത്യേക അവകാശം കൊടുക്കുന്നതു് അവർക്കു് അപമാനമാണെന്നും പറഞ്ഞിട്ടുണ്ടു്.

ശ്രീ. എ. കെ. അപ്പു: അതു അവരുടെ വിശാലമനസ്കതകൊണ്ടാണു്. പുരുഷനു വിശാലമനസ്കതയുണ്ടെങ്കിൽ റിസർവേഷൻ നൽകട്ടെ എന്നു തീരുമാനിച്ചുകൂടാ. ഇന്നത്തെ പരിതഃസ്ഥിതിയിൽ സ്ത്രീകൾക്കു് പുരുഷന്മാരോടു് മത്സരിച്ചു സീറ്റു നേടാനുള്ള സാധ്യതയില്ലെന്നുള്ളതു് കേവലം പരമാർത്ഥം മാത്രമാണു്; തികച്ചും തർക്കമറ്റ സംഗതിയാണു്.

ശ്രീ. ആർ. എസ്. ഉണ്ണി: സ്ഥാനാർത്ഥികളെ നിറുത്തുന്ന രാഷ്ട്രീയകക്ഷികൾ വിചാരിച്ചാൽ നടക്കുമല്ലോ.

ശ്രീ. എ. കെ. അപ്പു: എന്നാൽപ്പിന്നെ റിസർവ്വേഷൻതത്വംതന്നെ ആവശ്യമില്ലല്ലോ. ഷെഡ്യൂൾഡുകാസ്റ്റിനു റിസർവേഷനെന്തിനു? രാഷ്ട്രീയകക്ഷികൾ ആലോചിച്ചാൽ പോരേ? അപ്പോൾ ആ തത്വം അംഗീകരിക്കപ്പെട്ടിട്ടുള്ളതാണു്. ഷെഡ്യൂൾഡ് കാസ്റ്റുകാരുടെ കാര്യത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ആ തത്വം സ്ത്രീകളെ സംബന്ധിച്ചും അംഗീകരിക്കണം. ഒരു പക്ഷെ പതിനഞ്ചോ ഇരുപതോ കൊല്ലം കഴിഞ്ഞാൽ വേണമെങ്കിൽ റിസർവ്വേഷൻ ആവശ്യമില്ലെന്നു തീരുമാനിക്കാം. ഇന്നത്തെ പരിതഃസ്ഥിതിയിൽ റിസർവേഷൻ ആവശ്യമാണു്. അതുകൊണ്ടു് എന്റെ അഭിപ്രായം ചുരുങ്ങിയതു് പത്തു ശതമാനം സീറ്റുകളെങ്കിലും സ്ത്രീകൾക്കു് റിസർവു് ചെയ്യണമെന്നാണു്.

ഇനി മറ്റൊരുകാര്യമുള്ളതു് ഡിസ്ട്രിക്ട് കൗൺസിൽ പിരിച്ചുവിട്ടാൽ അടുത്ത ഒരു കൊല്ലത്തേക്കു മറ്റൊരു ഡിസ്ട്രിക്ട് കൗൺസിൽ രൂപീകരിക്കണമെന്നുള്ള വ്യവസ്ഥയെപ്പറ്റിയാണു്. ഇതു് വളരെ ദീർഘിച്ച കാലയളവായിപ്പോയി എന്നാണു എന്റെ അഭിപ്രായം. ഒരു സ്റ്റേറ്റിലെ രേണുകൂടത്തെ ഡിസ്മിസ് ചെയ്താൽ ആറു മാസം കഴിഞ്ഞു തിരഞ്ഞെടുപ്പു നടത്തിയില്ലെങ്കിൽ നാംതന്നെ അതി

LIBRARY ARCHIVES Kerala Legislative Assembly

നെതിരായി ശക്തമായ വാക്യം വിളിക്കാറുണ്ട്. എത്രയോ വിളിച്ചുകഴിഞ്ഞിട്ടുണ്ട്. അങ്ങനെയൊരു വികാരം ജനങ്ങളുടെ ഹൃദയത്തിൽ ഉണ്ടാകുന്ന സ്ഥിതിക്കു് ഒരു കൊല്ലത്തോളം സമയമെടുക്കാം എന്നുപറയുന്നതു് ന്യായീകരിക്കാൻ നിവൃത്തിയില്ല. ആറുമാസംകൊണ്ടു് മറെറാരു ഡിസ്ട്രിക്ററു കൗൺസിൽ രൂപീകരിക്കാം. വേണമെങ്കിൽ, നിവൃത്തിയില്ലാത്ത ഘട്ടങ്ങളിൽ ദീർഘിപ്പിച്ചുകൊള്ളാൻ ഒരു പ്രൊവിഷൻ കൊടുക്കാം. അല്ലാതെ ഒരു കൊല്ലക്കാലംവരെ ദൈർഘ്യം നൽകാനുള്ള ഒരു പ്രൊവിഷൻ കൊടുക്കരുതു് എന്നാണു് എനിക്കു് അഭ്യർത്ഥിക്കാനുള്ളതു്.

സർ, പറഞ്ഞ കാര്യങ്ങൾതന്നെ പറഞ്ഞു സഭയുടെ സമയം അപഹരിക്കണമെന്നു ഞാനുദ്ദേശിക്കുന്നില്ല. ഈ ബിൽ എത്രയുംവേഗം നിയമമാക്കിയിട്ടു് പഞ്ചായത്തിലേക്കും ജില്ലാപരിഷത്തിലേക്കും മറും തിരഞ്ഞെടുപ്പു നടത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. ബില്ലിനെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. വി ദക്ഷിണാമൂർത്തി: സർ. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് സംസാരിച്ച പ്രതിപക്ഷ മെമ്പർമാരിൽ ചിലർ ബില്ലിൽ ഒട്ടുങ്ങിനിൽക്കാതെ കമ്മ്യൂണിസ്ററു പാർട്ടി (മാർക്സിസ്ററു)ക്കു് എതിരായിട്ടുള്ള അപവാദപ്രചാരണത്തിനു സമയം വിനിയോഗിച്ചുവെന്നതു ഖേദകരമാണു്. പേരിലുള്ളമാറ്റത്തിൽ തുടങ്ങിവച്ചുകൊണ്ടു് ചില കാര്യങ്ങൾ അവർ പറയുകയുണ്ടായി. ലോക്കൽ ഗവണ്മെന്റു എന്നുള്ളതു് ഇംഗ്ലീഷ്പേരാണെന്നും പറഞ്ഞിട്ട 1942—ൽ ബ്രിട്ടീഷ് കാരോടു് കമ്മ്യൂണിസ്ററു പാർട്ടിക്കുണ്ടായിരുന്ന ബന്ധം വരെ പറയാൻ തയ്യാറായി. ഇതൊക്കെ വളരെത്തവണ ആവർത്തിച്ചുകഴിഞ്ഞിട്ടും ഈ അപവാദപ്രചരണത്തെയൊക്കെ അതിജീവിച്ചുകൊണ്ടു് ഇവിടെ എത്തിയ ശേഷം ഇപ്പോഴും അതുതന്നെ വീണ്ടും വീണ്ടും ചവയ്ക്കുകയാണു് എന്നതു് അത്ര ശരിയല്ല. അതിനൊക്കെ ഇനിയും മറുപടി പറയാൻവേണ്ടി ഈ സഭാവേദി ഉപയോഗിക്കണമെന്നു ഞാനുദ്ദേശിക്കുന്നില്ല. ആരാണു് ബ്രിട്ടീഷ്കാരോടു് ഒത്തുനിൽക്കുന്നതു്, ആരാണു സാമ്രാജ്യത്വത്തിനു് സ്തുതിഗീതം പാടുന്നതു് അവരുടെ താൽപര്യങ്ങളെന്താണു് എന്നൊക്കെ ഈ രാജ്യത്തെ ജനങ്ങൾ മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണു് ഇന്നു രാഷ്ട്രീയാന്തരീക്ഷത്തിൽ ഈ മാറ്റം വന്നിരിക്കുന്നതു്. അതൊക്കെ മനസ്സിലാക്കിയ സ്ഥിതിക്കു് ഇനിയും അതിനൊക്കെ മറുപടി പറയാൻ സമയം കളയണമെന്നു തോന്നുന്നില്ല. തിരഞ്ഞെടുപ്പിനെ നേരിടാനുള്ള ധൃതികൊണ്ടാണു് കാലതാമസം വരുത്തുന്നതെന്നു പറയുകയുണ്ടായി. അതു് കുറെക്കൂടി മുൻപു പറഞ്ഞാൽ മനസ്സിലാക്കാം പക്ഷേ രണ്ടു ഉപതിരഞ്ഞെടുപ്പുകൾ കേരളത്തിൽ നടന്നശേഷം അതിൽ രണ്ടിലും പരാജയമടഞ്ഞ ആളുകൾ ഇപ്പോഴും അതു പറയാൻ തെല്ലു് മടികാണിക്കണമായിരുന്നു. ഇന്നു് അതു് പറയേണ്ട സാഹചര്യമല്ല. ഐക്യമുന്നണി ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ആ ആരോപണത്തിനു് അവകാശമില്ല. കമ്മ്യൂണിസ്ററു പാർട്ടി (മാർക്സിസ്റ്റു) യെ സംബന്ധിച്ചായാലും അതിനു് അടിസ്ഥാനമില്ല. അതുകൊണ്ടു് ആ ആരോപണം പറഞ്ഞാൽ വിലപ്പോകയില്ല.

ഏതായാലും ഈ ബിൽ സമഗ്രമായി പരിശോധിക്കുകയും ചർച്ച ചെയ്യേണ്ടതുമായ ഒരു ബില്ലാണു്; ഈ കാലഘട്ടത്തിന്റെ ആവശ്യമുൾക്കൊള്ളുന്ന ബില്ലാണിതു്. അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ചിടത്തോളം വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ഇവിടെ ഉയർന്നുകേട്ടു. അധികാരവികേന്ദ്രീകരണവും ജനാധിപത്യവൽക്കരണവും ഒന്നല്ല. ജനാധിപത്യവൽക്കരണത്തെ സംബന്ധിച്ചു് കമ്മ്യൂണിസ്ററുപാർട്ടി (മാർക്സിസ്ററു)ക്കുള്ള ചില അഭിപ്രായങ്ങൾഇവിടെ പറഞ്ഞപ്പോൾ പലർക്കും അതിൽ സംശയം വന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യവൽക്കരണവും അധികാരവികേന്ദ്രീകരണവും തമ്മിലുള്ള വ്യത്യാസം എന്താണെന്ന കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി ഇതിനു

12 noon മുൻപുതന്നെ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണു. ഇന്നത്തെ ജനാധിപത്യവ്യവസ്ഥിതിയിൽ ജനാധിപത്യവൽക്കരണത്തിനു വളരെയധികം പരിമിധികളുണ്ട്. ആ പരിമിതികളിൽ ചിലതൊക്കെ ചർച്ചാവേളയിൽചിലർ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. പരിമിതികൾ എന്നു പറയുമ്പോൾ, അധികാരങ്ങൾ ജനങ്ങളിലേക്കു പകർന്നുകൊടുക്കുക എന്ന ഉൽക്കൃഷ്ടമായ ആശയമാണു ഏറ്റവും വലിയ ആവശ്യമെന്നു കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്)പാർട്ടി അത്ഥമാക്കുന്നതും ജനങ്ങളിലേക്കു അധികാരം പകർന്നുകൊടുക്കുന്നതിൽ വൈമനസ്യമാണുമില്ലെന്നു മാത്രമല്ല ആ കാര്യത്തിൽ ഏറ്റവുധികം സന്തോഷവും ശ്രേഷ്ക്കാന്തിയും പാർട്ടിക്കുണ്ടെന്നുകൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണു. എന്നാൽ ജനങ്ങളിലേക്കു അധികാരം പകർന്നുകൊടുക്കാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിയുമോ, ജനങ്ങളിലേക്കു അധികാരം പകർന്നു കൊടുക്കണമെങ്കിൽ ഇന്നത്തെ ജനാധിപത്യവ്യവസ്ഥിതിയിൽതന്നെ ചില മാറ്റങ്ങൾ വരുത്തേണ്ടതാവശ്യമല്ലേ എന്നും പാർട്ടിക്കു അഭിപ്രായമുണ്ട്. എന്തെന്നാൽ യഥാർത്ഥത്തിൽ ഇന്നു ജനങ്ങളിലേക്കു അധികാരം പകർന്നുകൊടുക്കാൻ സാധിക്കാത്ത ഒരു സാമൂഹിക വ്യവസ്ഥിതിയും രേണഘടനയും നിലവിലുണ്ട്. ഗ്രാമ പ്രദേശങ്ങളിലാണെങ്കിൽ ഇതു കുറെകൂടി ശരിയാണു. തിരഞ്ഞെടുക്കപ്പെട്ട ആളുകൾതന്നെ, നമ്മുടെ കേരളത്തിലില്ല, ഇൻഡ്യയിൽതന്നെ കാലുമാറ്റം നടത്തുന്ന ഒരു കാലഘട്ടമാണിതു. അങ്ങനെ തിരഞ്ഞെടുത്തയക്കുന്ന ജനങ്ങളുടെ താൽപര്യങ്ങൾക്കെതിരായി, ജനപ്രതിനിധിയുടെ ഇഷ്ടാനുസരണം കാലുമാറിയാൽ തിരിയെ വിളിക്കാനുള്ള അധികാരംകൂടി ജനങ്ങൾക്കു നൽകണമെന്ന അഭിപ്രായമാണു ഞങ്ങളുടെ പാർട്ടിക്കുള്ളതു. അത്രമാത്രം ജനാധിപത്യബോധം ഞങ്ങളുടെ പാർട്ടികാണിച്ചിട്ടുണ്ട്. ഒരിക്കൽ തിരഞ്ഞെടുപ്പുകഴിഞ്ഞാൽ അഞ്ചു വർഷക്കാലം സ്വന്തം ഇഷ്ടംപോലെ എന്തു ചെയ്യാനും, ജനങ്ങളുടെ താൽപര്യങ്ങളെ ചവുട്ടിമെതിച്ചു തോന്നിയതുപോലെ പ്രവർത്തിക്കാനും ഇന്നു സാധിക്കുന്നുണ്ട്. അതിൽനിന്നു വ്യത്യസ്തമായി, തിരഞ്ഞെടുക്കപ്പെടുന്നവർ, ജനങ്ങളുടെ താൽപര്യങ്ങൾക്കെതിരായി പ്രവർത്തിക്കുന്നു എന്നുകണ്ടാൽ അവരെ തിരിച്ചുവിളിക്കാനുള്ള അധികാരം കൊടുക്കുകയും, അങ്ങിനെ തിരിയെ വിളിച്ചുകൂടുതൽ സംഘടനാബോധം വളർത്തി ഉൽബുദ്ധരാക്കുകയും ചെയ്താൽമാത്രമേ ജനാധിപത്യത്തിനു അർത്ഥമുണ്ടാകുകയുള്ളു അതു കാൺഗ്രസ്സുകാർ അംഗീകരിക്കുന്നുണ്ടോ? ഞങ്ങൾ ജനാധിപത്യത്തെ എതിർക്കുന്നുഎന്നു പറയുന്ന കാൺഗ്രസ്സു ഇതു അംഗീകരിക്കുന്നുണ്ടോ? ജനങ്ങളിലേക്കു അധികാരം പകർന്നുകൊടുക്കുന്നതിൽ ഞങ്ങൾക്കു ഭയമില്ല. എന്തിനു വേണ്ടി ഞങ്ങൾ ഭയപ്പെടണം? സംസ്ഥാനത്തെ ഗവർണ്ണറെപോലെ, തിരഞ്ഞെടുക്കുമെന്ന അഭിപ്രായമാണു ഞങ്ങളുടെ പാർട്ടിക്കുള്ളതു. പാർട്ടി ആ അഭിപ്രായം വ്യക്തമായി എഴുതിവച്ചിട്ടുണ്ട് പ്രസിഡൻറിന്റെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കുന്നതിനെന്നു എഴുതിവച്ചിട്ടുണ്ട്. വോട്ടവകാശമുള്ളവരുടെ പ്രായപരിധി 18 ആയി കുറയ്ക്കുന്നതെന്നു ഞങ്ങളുടെ പാർട്ടി എഴുതിവച്ചിട്ടുണ്ട്. ഇന്നത്തെ ജനാധിപത്യത്തെ റിപ്പബ്ലിക്കരിക്കണമെന്നും, ജനങ്ങൾക്കു കൂടുതൽ അധികാരങ്ങൾ പകർന്നുകൊടുക്കണമെന്നുമാണു ഞങ്ങളുടെ ഉദ്ദേശം. എന്നാൽ അധികാരങ്ങൾ കൈകാര്യം ചെയ്യുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഇത്തരം മാറ്റങ്ങൾ ആവശ്യമാണു.

കാർഷികബന്ധനിയമം പാസ്സാകുന്നതോടുകൂടി ഗ്രാമപ്രദേശങ്ങളിൽ ചില മാറ്റങ്ങൾ ഉണ്ടാകും. പഞ്ചായത്തുരാജുബില്ലിനോടൊപ്പം കാർഷികബന്ധനിയമവും വരുന്നുണ്ടെന്നാണു മനസ്സിലാക്കാൻ കഴിയുന്നതു. ജന്മിസംപ്രദായം പൂർണ്ണമായി അവസാനിപ്പിക്കുന്ന കാർഷികബന്ധനിയമം നടപ്പായാൽ ഗ്രാമപ്രദേശങ്ങളിൽ ചില മാറ്റങ്ങൾ വരുന്നതാണു ജന്മിസംപ്രദായത്തിന്റെ സ്വാധീനം ഇന്നു ഗ്രാമപ്രദേശങ്ങളിൽ ഒട്ടൊക്കെ കാണാൻകഴിയും. എന്നാൽ ഈ നിയമങ്ങൾ നടപ്പായികഴിഞ്ഞാൽ അതു നടപ്പാക്കുന്നതിനു പഞ്ചായത്തുകൾക്കും ജില്ലാകൗൺസിലുകൾക്കും ശരിയായ പങ്കു വഹിക്കുവാനുണ്ടായിരിക്കും. ജില്ലാകൗൺസിലുകൾക്കു കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നതിൽ എതിർപ്പില്ല. പക്ഷെ, അങ്ങനെ അധി

LIBRARY ARCHIVES Kerala Legislative Assembly

കാര്യം കൊടുക്കുമ്പോഴും ഏതെല്ലാം അധികാരം കൊടുക്കണം, ഏതെല്ലാം അധികാരങ്ങളും സംസ്ഥാനഗവണ്മെന്റിൽ നിക്ഷിപ്തമായിരിക്കണം എന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗൗരവമായി ചിന്തിക്കണം. യാഥാർത്ഥ്യബോധത്തോടുകൂടി അതിനെപ്പറ്റി ചിന്തിക്കണമെന്നുമാത്രമേ അഭിപ്രായമുള്ളൂ. വിദ്യാഭ്യാസത്തിന്റെ കാര്യംതന്നെ പറഞ്ഞു വിദ്യാഭ്യാസം ഏതു പരിധിവരെ ജില്ലാകൗൺസിലുകൾക്കു വിട്ടുകൊടുക്കാം; സിലബസിന്റെയും പാഠപുസ്തകങ്ങളുടെയും മേൽനോട്ടം സംസ്ഥാന ഗവണ്മെന്റിൽതന്നെ നിക്ഷിപ്തമായിരിക്കണമെന്ന അഭിപ്രായമാണു് ഞങ്ങൾക്കുള്ളതു്. എന്നാൽ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭരണം പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കുന്നതിൽയാതൊരുതടസ്സവുമില്ല. ഹൈസ്കൂളുകളുടെ കാര്യത്തിൽ എന്തെല്ലാം അധികാരങ്ങൾ ജില്ലാകൗൺസിലിനു് വിട്ടുകൊടുക്കണമെന്ന വ്യക്തമായി ആലോചിച്ചതിനുശേഷം വേണം തീരുമാനം എടുക്കാൻ.

അതുപോലെതന്നെ പോലീസിന്റെ മേലുള്ള നിയന്ത്രണാധികാരം പഞ്ചായത്തിനോ ജില്ലാകൗൺസിലിനോ വിട്ടുകൊടുത്താൽ എല്ലാ പ്രവർത്തനങ്ങളും നടത്താൻ കഴിയുമെന്ന വ്യാമോഹം ഞങ്ങൾക്കില്ല. അഥവാ കൊടുത്താൽ തന്നെ വലിയ പ്രയോജനമുണ്ടാകുമെന്നു പോകുന്നില്ല. ഇന്നു പോലീസു വകുപ്പു് ചെയ്യുന്ന മുഖ്യമന്ത്രിക്കുതന്നെ യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്ന രീതിയിൽ പോലീസു നയം നടപ്പാക്കാൻ കഴിയുമെന്നു ഞങ്ങൾക്കു് വിശ്വാസമില്ല വളരെ അധികം പരിമിതികൾ ഉണ്ടെന്നുള്ളതാണു് കാരണം. പല തെറ്റുകളും പറ്റുന്നുണ്ടെന്നും അറിയാം. ഈ കാര്യങ്ങളിൽ ആർക്കെങ്കിലും എതിരഭിപ്രായമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ കെ കരുണാകരൻ: അതിന്റെ അർത്ഥം, ജനങ്ങളോടു ആലോചിക്കാതെ തോന്നിയതുപോലെ ചെയ്യാനുള്ള സ്വാതന്ത്ര്യം വേണമെന്നാണോ?

ശ്രീ വി. വി. ദക്ഷിണാമൂർത്തി: തോന്നിയതു ചെയ്യണമെന്നുള്ള അഭിപ്രായമല്ല പറഞ്ഞതു്. ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഉതകുന്ന ഒരു വ്യവസ്ഥിതിയുണ്ടാകണം. പോലീസിനെസംബന്ധിച്ചിടത്തോളംതന്നെ പറയുകയാണെങ്കിൽ ചില സ്ഥലങ്ങളിൽ പോലീസിനെ സ്വാധീനിക്കാൻ സമ്പന്നവിഭാഗത്തിൽപ്പെട്ടവർക്കേ കഴിയുന്നുള്ളൂ. മുൻപാണെങ്കിൽ ഇതായിരുന്ന നാട്ടിലെ സ്ഥിതി. ഇപ്പോൾ കുറെമാറ്റം വന്നിട്ടുണ്ടു്. യഥാർത്ഥത്തിൽ പാവപ്പെട്ടവൻ ഒരു മുഷിഞ്ഞ തോർത്തുമുണ്ടും ഉടുത്തു പോലീസുസ്റ്റേഷനിൽ ചെല്ലുകയും, പാൻമുറുക്കിട്ടു് ഒരു സമ്പന്നൻ ചെല്ലുകയും ചെയ്താൽ രണ്ടുകൂട്ടരോടുമുള്ള പോലീസിന്റെ പെരുമാറ്റവും സമീപനവും വ്യത്യസ്തമായിരിക്കും. പാർട്ടിക്കാരന്റെ സ്വാധീനശക്തിക്കായിരിക്കും വിലകല്പിക്കുക. അതുപോലെതന്നെ വിദ്യാലയങ്ങളിൽചെല്ലുന്ന രക്ഷിതാക്കളുടെ കാര്യത്തിലും ഈ വ്യത്യസ്തമായ പെരുമാറ്റവും വീക്ഷണവും ഉണ്ടാവും. പാവപ്പെട്ടവൻ മുഷിഞ്ഞ വേഷത്തിൽ ചെല്ലുകയും സമ്പന്നർ മോടിയായി വസ്ത്രധാരണം ചെയ്തു ചെല്ലുകയും ചെയ്താൽ രണ്ടിനും രീതിയിലായിരിക്കും പെരുമാറുക. വിദ്യാർത്ഥികളെ സംബന്ധിച്ചും ഈ അനുഭവംതന്നെയായിരിക്കും ഉണ്ടാവുക നമ്മുടെ സാമൂഹിക വ്യവസ്ഥിതിയും, സാമ്പത്തികവ്യവസ്ഥിതിയും ആ നിലയിൽ ഇരിക്കുകയാണു്. വെറും ആദർശം പറഞ്ഞതുകൊണ്ടു് മാത്രമായില്ല.

ശ്രീ കെ. കരുണാകരൻ: പാൻമുറുക്കിട്ടുകൊണ്ടുചെല്ലുന്നയാളും പറയുന്നതു കേൾക്കരുതെന്നും, തോർത്തുമുടുത്തുകൊണ്ടു ചെല്ലുന്നയാളും പറയുന്നതു കേൾക്കണമെന്നുമാണോ അതോ ഇരുകൂട്ടരുടെയുംകാര്യം കേൾക്കണമെന്നാണോ മെമ്പറുടെ അഭിപ്രായം.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഞാൻ പാൻമുറുക്കുന്നതിലുള്ള വിരോധംകൊണ്ടു് പറഞ്ഞതല്ല. പാൻമുറുക്കുന്നവരെല്ലാം സമ്പന്നരാണെന്നും തോർത്തുടുക്കുന്നവരെല്ലാം ദരിദ്രരാണെന്നും എനിക്കഭിപ്രായമില്ല. ഞാൻ പറഞ്ഞതിന്റെ അർത്ഥം വ്യക്തമാണു്. യഥാർത്ഥത്തിൽ പാവപ്പെട്ടവരോടുള്ള പെരുമാറ്റവും, സമ്പന്നരായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

വരേയുള്ള പെരുമാറ്റവും ഇന്നും വ്യത്യസ്തമായ നിലയിലാണെന്നു വളരെ വ്യക്തമാണു്. അല്ലാതെ, പാന്റോ സിൽക്കോ ടർലിനോ ഉപയോഗിക്കുന്നവരെല്ലാം പണക്കാരാണെന്ന അർത്ഥത്തിലല്ല പറഞ്ഞതു്. മഹാത്മാഗാന്ധി മുട്ട മറയുന്ന വേഷം ധരിച്ചിരുന്നതു കർഷകന്റെ പ്രതിനിധിയെന്ന നിലയിലാണു് ആവശ്യത്തിന്റെ വേഷമാണു് തോർത്തു മുണ്ടെന്നാണു ഞാൻ പറഞ്ഞതിന്റെ സാരം.

ശ്രീ. കെ കരുണാകരൻ: ഉള്ളവനും ഇല്ലാത്തവനും പരാതിക്കായി ചെന്നാൽ ആരുടെ കാര്യം കേൾക്കണമെന്നാണു് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം?

ശ്രീ. വി.വി. ദക്ഷിണാമൂർത്തി: ഉള്ളവനും ഇല്ലാത്തവനും പോലീസു് സ്റ്റേഷനിൽ ചെന്നു ഒരു കാര്യം പറഞ്ഞാൽ ഇല്ലാത്തവനെ സംബന്ധിച്ചിടത്തോളം ഇന്നു നീതി ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ടു് അതാണു തുടർന്നുവരുന്ന വ്യവസ്ഥിതി. അടുത്തകാലത്തു് എന്റെ സ്കൂളിൽ 5—ാം സ്റ്റാന്റേർഡിൽ പഠിക്കുന്ന ഒരു കുട്ടി രാവിലെ വന്നു് അവന്റെ കുടിൽ പൊളിച്ചുകളഞ്ഞതായി പരാതിപ്പെടുകയുണ്ടായി. 9—8—7—ം സ്റ്റാന്റേർഡുകളിൽ പഠിക്കുന്ന മൂന്നു കുട്ടികളുടെ മാതാവു് വരാന്തയിൽ വന്നുനിന്നു കരയുന്നതുകണ്ടു. ഒന്നര സെന്റു സ്ഥലത്തു അവർക്കുണ്ടായിരുന്ന കുടിൽ അവരറിയാതെ 7 രൂപ വാടകച്ചീട്ടുണ്ടാക്കി വാടക കൊടുത്തില്ലെന്ന കാരണത്താൽ കോടതിമുഖേന കുടിയിറക്കിയതായി പരാതിപ്പെട്ടു. നാട്ടുകാർചേർന്നു് അവർക്കു് കുടിൽ കെട്ടിക്കൊടുത്തു. ഇങ്ങനെയാണു് സമ്പന്നന്മാരുടെ സ്വാധീനം ഇന്നും പ്രയോഗിക്കപ്പെടുന്നതു്.

ശ്രീ. ആർ എസ്സു്. ഉണ്ണി: 1964—ൽ മന്ത്രിയായിരുന്ന ശ്രീ. കെ. എ. ദാമോദരമേനോൻ അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ചു നിയമസഭയിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടു്: "മറ്റു സംസ്ഥാനങ്ങളിൽ കൊടുത്തിട്ടില്ലാത്ത വിധത്തിൽ വിപുലമായ അധികാരങ്ങളാണു നാം പകർന്നുകൊടുത്തിട്ടുണ്ടു്. അധികാരങ്ങൾ ഇനിയും വർദ്ധിപ്പിക്കണമെന്ന അഭിപ്രായമുള്ള ഉല്പതിഷ്ണുക്കളാണു് ഈ സഭയിൽ ഉണ്ടെന്നുള്ള കാര്യം വിസ്മരിച്ചിട്ടല്ല ഞാൻ ഇതു് പറയുന്നതു്. പക്ഷേ, പെട്ടെന്നു വലിയ വ്യതിയാനം വരുത്തിയാൽ അതു പ്രയോഗത്തിൽ വരുത്താനുള്ള പ്രയാസത്തിലും ഒരുക്കാനും പൊതുജനങ്ങൾക്കു് ശരിയായ ബോധം ഉണ്ടാക്കാനും കഴിഞ്ഞില്ലെന്നുവരും". ശ്രീ. ദാമോദരമേനോന്റെ ആ അഭിപ്രായത്തിനും ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തിനും വലിയ വ്യത്യാസമൊന്നും ഉള്ളതായി കാണുന്നില്ലല്ലോ, ആശയപരമായിട്ടു്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ശ്രീ. ദാമോദരമേനോനു് ഇപ്പോഴും ആ അഭിപ്രായംതന്നെയാണോ എന്ന കാര്യത്തിൽ സംശയമുണ്ടു്. അഭിപ്രായങ്ങൾക്കു മാറ്റം വരാമല്ലോ. മുൻപു ബാങ്കുദേശസാൽക്കരണത്തെ എതിർത്തിരുന്നവർ പലരും ഇപ്പോൾ അതിനെ അനുകൂലിക്കുന്നതായി കാണുന്നുണ്ടല്ലോ. നിയമത്തിൽ മാറ്റങ്ങൾ ആവശ്യമായി വരും അഭിപ്രായങ്ങൾക്കും കലഗതിക്കനുസരിച്ചുള്ള മാറ്റങ്ങൾ ഉണ്ടാകും. ഏതായാലും ജനങ്ങളിലേക്കു് കൂടുതൽ അധികാരങ്ങൾ കൈമാറുന്നതിൽ ഞങ്ങൾക്കു് എതിരില്ല. നേരേമറിച്ചു് ഇവിടെ വിശദീകരിച്ചുകേട്ട ചില അഭിപ്രായങ്ങളെ സംബന്ധിച്ചു് ഞാൻ പറയുകയായിരുന്നു. അധികാരവികേന്ദ്രീകരണംകൊണ്ടു നമ്മുടെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാകുമെന്ന വ്യാമോഹം ഞങ്ങൾക്കില്ല. ഇന്നത്തെ സാമ്പത്തികവ്യവസ്ഥിതിയിൽ, ഭരണഘടനയിൽ എത്രമാത്രം ജനാധിപത്യവികേന്ദ്രീകരണം നടത്തിയാൽ പോലും അതുമൂലം ഈ നാട്ടിലെ സാധാരണക്കാർക്കു് വലിയ പ്രയോജനം ഉണ്ടാകുമെന്നു വിശ്വാസമില്ല. സംഘടിതരായി ബോധപൂർവ്വം ജനങ്ങൾ അവരുടെ കാര്യങ്ങൾ നിർവ്വഹിക്കാൻ പ്രാപ്തരാകണം.

ശ്രീ. എൻ. കെ. ശേഷൻ: ബഹുമാനപ്പെട്ട മെമ്പർ ആശിക്കുന്ന വ്യവസ്ഥിതിയിൽ വികേന്ദ്രീകരണത്തിനാണോ അധികാരവികേന്ദ്രീകരണത്തിനാണോ കൂടുതൽ സ്ഥാനം?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഞാൻ ഉദ്ദേശിക്കുന്ന വ്യവഹാരിതിയെ സംബന്ധിച്ചിടത്തോളം ഒരു പുതിയ വ്യാഖ്യാനത്തിന്റെ ആവശ്യമില്ല. ജനാധിപത്യത്തിൽ അധികാരകേന്ദ്രീകരണവും അധികാരവികേന്ദ്രീകരണവും ഉണ്ടാകും. ശ്രീ എൻ. ഐ. ദേവസ്സിക്കുട്ടി, മുഖ്യമന്ത്രിയുടെ ഒരു പ്രസ്താവനയെസംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ അസാംഗത്യമൊന്നുമില്ല. ജനാധിപത്യത്തിൽ അധികാരകേന്ദ്രീകരണവും വികേന്ദ്രീകരണവുമുണ്ട്. നിയമസമാധാനം, വിദ്യാഭ്യാസം തുടങ്ങിയ കാര്യത്തിൽ ഒരു കേന്ദ്രീകരണത്തിന്റെ ആവശ്യമുണ്ട്. എന്നാൽ, ഒരു റോഡോ പാലമോ വിദ്യാലയമോ ആവശ്യമുണ്ടെങ്കിൽ അതിനുവേണ്ടി തിരുവനന്തപുരത്തെ സെക്രട്ടറിയേറ്റിൽ വന്നു കാര്യം സാധിക്കണമെന്നുവരുന്നതു ശരിയല്ല. അത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വികേന്ദ്രീകരണം ആവശ്യമാണ്. രാജ്യത്തിന്റെ വികസനപരമായ ഇത്തരം കാര്യങ്ങളും വികേന്ദ്രീകരണംമൂലം ജനങ്ങൾക്കു വിട്ടുകൊടുക്കണം. പക്ഷേ അങ്ങനെ വികേന്ദ്രീകരണം നടത്തുമ്പോഴൊക്കെപോലും, ഏതെല്ലാം വിഭാഗങ്ങളും ഏതു വിധത്തിൽ സ്വാധീനം ചെലുത്താൻ ഇടയുണ്ടെന്ന കാര്യംകൂടി വ്യക്തമായി മനസ്സിലാക്കിയിട്ടുവേണം പ്രവർത്തിക്കാൻ.

എന്തായാലും കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിക്കു ജനങ്ങളിലേക്കു അധികാരം പകർന്നു കൊടുക്കാൻ ഒരു ഭയപ്പാടുമില്ല. അങ്ങനെയൊരു വിമർശനം ഇവിടെയുണ്ടായി. ഞങ്ങളെന്തിനെയെപ്പേടണം? ഇന്നത്തെ പരിതഃസ്ഥിതിയിൽ പഞ്ചായത്തുകളുടെയും ജില്ലാസമിതികളുടെയും കാര്യത്തിൽ, അവയ്ക്ക് അധികാരം ഏല്പിച്ചുകൊടുക്കുന്നതിൽ വലിയ പ്രയാസമൊന്നും ഞങ്ങൾക്കു ഉണ്ടാകാനില്ല

ശ്രീ. കെ. എം. മാണി: ആ ഭാഗത്തുനിന്നു പല മെമ്പറന്മാരും ഈ രീതിയിലുള്ള അഭിപ്രായപ്രകടനമാണു നടത്തിയതു്. എന്നാൽ ഒരു മെമ്പർപോലും ഡിസൻറിംഗ് നോട്ടു നൽകിയിട്ടുമില്ല. ഇപ്പോഴും ഇപ്രകാരം ഇവിടെ ഉന്നയിച്ചിരിക്കുന്ന ആശയഗതിയുടെ കാരണം എന്താണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ആശയത്തിൽ പരിവർത്തനം വന്നിട്ടല്ല ഞങ്ങൾ സംസാരിക്കുന്നതു്. ബില്ലിനു അനുകൂലമായിട്ടല്ല വ്യത്യസ്തമായിട്ടാണു് സംസാരിച്ചതെന്നു വ്യാഖ്യാനിക്കുവാൻ കഴിയും. അതായതു പാർട്ടിയുടെ തോതനുസരിച്ചുള്ള വ്യാഖ്യാനവും നൽകാൻ കഴിയും. ഇന്നലെ ഇവിടെ പല പരാമർശങ്ങളും ദുർവ്യാഖ്യാനങ്ങളും അപവാദങ്ങളും മാർക്സിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം നടത്തുകയുണ്ടായി. അതിനു മറുപടി പറയേണ്ട ചുമതല ഞങ്ങൾക്കുണ്ടു്. അധികാരവികേന്ദ്രീകരണത്തിനെതിരാണു്, ഈ ബില്ലിനെതന്നെ എതിരാണു്, കാലതാമസം വരുത്തുവാനുള്ള ശ്രമമാണു് പാർട്ടി നടത്തുന്നതു് എന്നുള്ള ഒരു പ്രചരണം അഴിച്ചുവിടാനുള്ള ഒരു ശ്രമം തല്പരകക്ഷികൾ നടത്തുന്നുണ്ടു്. മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു് പാർട്ടിയെ കുറച്ചുകാട്ടുവാൻ ശ്രമിച്ചിട്ടുണ്ടു്.

ശ്രീ കെ. എം. മാണി: ഈ ബില്ലിൽ വിഭാവനം ചെയ്യുന്ന അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയുടെ അഭിപ്രായം എന്താണെന്നു ഒന്നു വ്യക്തമാക്കാമോ? ഇതിൽ ഡിസെൻറിംഗ്നോട്ടു ഒന്നും കാണുന്നില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി; ഏതെങ്കിലും അഭിപ്രായാന്തരം ഉണ്ടെങ്കിൽ ഉടനെ അതിനു ഡിസൻറിംഗ്നോട്ടു കൊണ്ടുവരണമെന്നില്ല. ഈബില്ലിൽ വിഭാവനം ചെയ്തിരിക്കുന്ന അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ചു ഞങ്ങളുടെ അഭിപ്രായം പറഞ്ഞുകൊണ്ടിരിക്കുകയാണു്. അതിനെ സംബന്ധിച്ചുള്ള ചർച്ച പൂർത്തിയായിട്ടില്ല. ഈ ചർച്ച അവസാനിപ്പിച്ചാൽ പിന്നെ വകുപ്പു വകുപ്പായുള്ള ഡിസംകഷൻ വരും, അപ്പോഴും ആവശ്യമായിട്ടുള്ള ഭേദഗതി കൊണ്ടുവരുവാൻ സന്ദർഭം,

ഉണ്ട്. അതുകഴിഞ്ഞു ബില്ല് പാസാക്കിയാലും ഈ നിയമം പൂർണ്ണമായി എന്ന അഭിപ്രായം എനിക്കില്ല. പല വകുപ്പുകളും പിന്നീട് മാറ്റേണ്ടിവന്നേക്കാം. പല ബില്ലിലും ഇങ്ങനെയുള്ള മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. ഇതിനു മുമ്പ് വളരെയധികം പഠനം കഴിഞ്ഞു പാസ്സാക്കിയെടുത്ത വിദ്യാഭ്യാസ ആക്റ്റിലും മറ്റും കാലാനുസരണമായ ഭേദഗതികളും കൊണ്ടുവരികയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ ഈ ബിൽ പാസ്സായി കഴിഞ്ഞാലും കാലത്തിനനുസരിച്ചുള്ള മാറ്റങ്ങളും വരുത്തേണ്ടിവരും. അതുകൊണ്ട് ഈ രണ്ടു ചർച്ചാവേളയിലും ഉന്നയിക്കാത്ത പല പ്രശ്നങ്ങളും ഈ ബില്ലിന്റെ അടുത്ത ഘട്ടത്തിൽ ഉന്നയിക്കേണ്ടിവരും. അതു ഞങ്ങളും മാത്രമല്ല, വിവിധ കക്ഷിയിൽപ്പെട്ട പലരും അതു ചെയ്യേണ്ടിവരും. ഇതിൽ മാറ്റം വരുത്തുവാൻ പാടില്ലെന്നും വള്ളിപുള്ളി തെറ്റാതെ പാസ്സാക്കണമെന്നും ഒരിക്കൽ വാദിച്ചിരുന്നവർ അവരുടെ നിലപാടിൽ മാറ്റം വരുത്തിയിട്ട ചില മാറ്റങ്ങളും വേണമെന്നുള്ള നിലപാടിൽ എത്തിയിട്ടുണ്ട്. അതുകൊണ്ട് ഇതിനെപ്പറ്റി വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്. ആവശ്യമായിട്ടുള്ള ഭേദഗതികളും അവതരിപ്പിച്ചുകൊണ്ട് ഇതു കുറേക്കൂടി ജനങ്ങൾക്ക് പ്രയോജനപ്രദമാക്കണമെന്നും ജനങ്ങളുടെ ആവശ്യമനുസരിച്ച് ഉപയോഗപ്രദമാക്കണമെന്നുമുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. അതിനാണ് ഒരു ഡിസൻറിംഗ്നോട്ട് വേണമെന്നില്ല ഈ ബിൽ വള്ളിപുള്ളി മാറ്റാതെ പാസ്സാക്കണമെന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല ആവശ്യമുള്ളിടത്തോളം ചർച്ചചെയ്ത് ആവശ്യമായ ഭേദഗതികളും ഉൾപ്പെടുത്തേണ്ടതാണ്. കാരണം ഇതൊരു പുതിയ സംരംഭമാണ്. മറ്റു പല സംസ്ഥാനങ്ങളിലുമുള്ള ഇത്തരം ബില്ലിന്റെ ചരിത്രം നാം കണ്ടു അവിടെ ഒന്നുംതന്നെ അധികാരം ഇത്രത്തോളം വികേന്ദ്രീകരിച്ചുകൊടുത്തിട്ടില്ല. ഇന്ന് ഇവിടെ അധികാരവികേന്ദ്രീകരണം വേണമെന്ന ഗിരിപ്രസംഗംനടത്തുന്ന ആളുകളുടെ പാർട്ടി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ കഥയും നമുക്ക് മനസ്സിലാക്കുവാൻ കഴിയും. അവിടെയെങ്ങുംതന്നെ അധികാരം പകർന്നു കൊടുക്കുവാൻ തയ്യാറായിട്ടില്ല. ഇവിടെ മഹാരാഷ്ട്രയിലെ അനുഭവം പറഞ്ഞു. അവിടെ താലൂക്ക് സമിതികൾക്കാണ് കൂടുതൽ അധികാരം വികേന്ദ്രീകരിച്ചിട്ടുള്ളതെന്നു ബഹുമാനപ്പെട്ട മെംബർ പറയുകയുണ്ടായി. ഇവിടെ ഇതൊരു പുതിയ സംരംഭമാണ്. ഒരു പുതിയ സംരംഭം എന്നുള്ള നിലയിൽ അതിൽ വരാവുന്ന പാകപ്പിഴകളെ സംബന്ധിച്ച വിശദമായി ചർച്ചചെയ്ത് ആവശ്യമായിട്ടുള്ള ഭേദഗതികളോടുകൂടി പാസ്സിക്കിയെടുക്കുക എന്നുള്ളതാണ് ഞങ്ങളുടെ ലക്ഷ്യമെന്നു ഇവിടെ പല മെമ്പറന്മാരും ഊന്നി പ്രസ്താവിച്ചിട്ടുണ്ട്. അതിലൊന്നും ഞങ്ങൾക്ക് യാതൊരു അഭിപ്രായവ്യത്യാസവുമില്ല പക്ഷേ ഇതെല്ലാം തന്നെ ജനങ്ങൾക്ക് ഉപകാരപ്രദമാകും പ്രയോജനകരമാകുമെന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല അതുകൊണ്ട് ആവശ്യമായ ഭേദഗതികൾ വേണമെന്നുള്ളതാണ് എന്റെ അഭിപ്രായം. പല ബില്ലിന്റേയും കാര്യത്തിൽ ഇതുതന്നെയായിരിക്കും ഞങ്ങളുടെ നിലപാട്. നമ്മുടെ കാർഷിക പരിഷ്കരണബില്ലിന്റെ സെലക്റ്റ്കമ്മറ്റി റിപ്പോർട്ട് വന്നിരിക്കുകയാണ്. സെലക്റ്റ്കമ്മറ്റി പരിശോധിച്ച ആ ബില്ലിലും പല മാറ്റങ്ങളും വേണ്ടിവരും കൂടുതൽ ജനങ്ങളുമായി അടുത്തു് അവർക്ക് ഇതിനെപ്പറ്റി വിശദീകരിച്ചുകൊടുക്കുമ്പോൾ അവരിൽനിന്നും, എന്തു ബുദ്ധിമുട്ടാണ് അവർക്ക് നേരിടാമെന്നുള്ളതു് മനസ്സിലാക്കിയിട്ടാണ് മാറ്റങ്ങളും വേണമെന്നു പറയുന്നതു്. രണ്ടു സ്റ്റേജുകഴിഞ്ഞു ഒരു ബില്ലിന്റെ മൂന്നാംസ്റ്റേജിലായാലും ശരി ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ ചില മാറ്റങ്ങളും വരുത്തേണ്ടിവരും. സെലക്റ്റ് കമ്മിറ്റി സ്റ്റേജിലും പിന്നീട് ഞങ്ങൾക്ക് ഈ ബില്ലിനെ സംബന്ധിച്ച ഗ്രാമപ്രദേശത്തുള്ളവരായിട്ടും ഇതു സംബന്ധമായി പഠനം നടത്തിയിട്ടുള്ളവരായിട്ടും സംസാരിക്കുന്നതിനും അവരുടെ അഭിപ്രായം അറിയുന്നതിനും സംഗതിയായിട്ടുണ്ട്. അതിന്റെഫലമായി ഇനിയും മാറ്റങ്ങളും വരുത്തേണ്ടിവരുമെന്നുള്ള അഭിപ്രായം ഞങ്ങൾക്കുണ്ട്. അതു പറയുമ്പോൾ അതിൽ എന്തെങ്കിലും അപ്രായോഗികമായിട്ടോ അസാദ്ധ്യമായിട്ടോ ഒന്നും കാണാൻ കഴിയുകയില്ല എന്നു മാത്രമേ ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്ജ്: ബഹുമാനപ്പെട്ട മെമ്പർ ദക്ഷിണാമൂർത്തി വളരെയേറെ കാര്യങ്ങൾ ചുരുക്കി പറഞ്ഞു. യഥാർത്ഥമായ അധികാരം ജനങ്ങളുടെ കയ്യിലേക്ക് പകർന്നുകൊടുത്തതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദിഷ്ടമായ നിർദ്ദേശം മെമ്പർക്ക് വെയ്ക്കുവാനുണ്ടോ?

ശ്രീ. വി. വി ദക്ഷിണാമൂർത്തി: യഥാർത്ഥമായ അധികാരം ജനങ്ങളിലേക്ക് പകർന്നു കൊടുക്കുന്നതിനുള്ള മാർഗ്ഗം വളരെ വ്യക്തമാണ്. ഭരണഘടനയിൽ ഇന്നെ പല മാറ്റങ്ങളും വരുത്തണമെന്നു ഞങ്ങൾ ആവർത്തിച്ചാവർത്തിച്ചു പറയുന്നുണ്ട് ഇതൊന്നും പുതിയ കാര്യങ്ങളല്ല. ഇപ്പോഴും അതു പറയുവാൻ ഞങ്ങൾ മടിക്കുന്നുമില്ല.

ഇതിൽ സ്റ്റാൻറിംഗ് കമ്മറിറികൾ നിർദ്ദേശിച്ചിട്ടുണ്ട്. ആറു സ്റ്റാൻറിംഗ് കമ്മറിറി വച്ചിട്ടുള്ളതു അഞ്ചു കമ്മറിറിയായിട്ടു ചുരുക്കുവാൻ സാധിക്കുമോ എന്നുള്ള കാര്യം ആലോചിക്കേണ്ടതാണ്. അതുപോലെതന്നെ ഒരു സ്റ്റാൻറിംഗ് കമ്മിറിറിയുടെ ചെയർമാനും വൈസ് പ്രസിഡണ്ടും മറെറാരു കമ്മറിറിയുടെ ചെയർമാനും പിന്നെ മൂന്നു കമ്മറിറിയുടെ ചെയർമാന്മാരും പ്രസിഡണ്ടും വൈസ് പ്രസിഡൻറും അടക്കമുള്ള അഞ്ചുകമ്മറിറി പോരേയെന്നുള്ള കാര്യം ആലോചിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ സാമ്പത്തികമായി കുറച്ചു കുറവു വരുത്താനും കാര്യങ്ങൾ ശരിയായി നടത്താനും കഴിയും. അതു പോലെതന്നെ വകുപ്പുകളുടെ കാര്യത്തിലും ഏതെല്ലാം പുനർവിഭജനം നടത്താൻ കഴിയും എന്നാലോചിക്കുവാനുണ്ട്. ഓരോ വകുപ്പിനെ സംബന്ധിച്ചു ഈ ചർച്ചാവേളയിൽ സംസാരിക്കണമെന്നു വിചാരിക്കുന്നില്ല. പൊതുവായി വികേന്ദ്രീകരണത്തെ സംബന്ധിച്ചു വ്യത്യസ്തമായ ധാരണയാണെന്നുമാത്രം പരാമർശിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. ടി ജോർജ്ജ്: സർ, സെലക്ട്കമ്മറിറി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരളാ പഞ്ചായത്തുരാജ്ബില്ലിനെ സംബന്ധിച്ചിടത്തോളം വളരെയേറെ കാര്യങ്ങൾ ആധികാരികമായിട്ട് പറയുവാൻ എനിക്കു കഴിയുകയില്ല എങ്കിലും ഇവിടെ നടന്ന ചർച്ചകൾ കേട്ടശേഷം എന്തെങ്കിലും ചില കാര്യങ്ങൾ പറയാം എന്നു വിചാരിക്കുകയാണ്. സർ, എന്താണിവിടെ നടക്കുന്നതെന്നു എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. ഇതു മെസ മെരിസമാണോ, കൺകെട്ടുകളിയാണോ ? നിയമസഭയിലെ വിവിധകക്ഷികൾ ഇവിടെ കാണിക്കുന്നതെന്നു ഞാൻ ചിന്തിച്ചുപോകുകയാണ്. നിങ്ങളെ സംബന്ധിച്ചിടത്തോളം, ഭരണകക്ഷിയെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും പൊതുവായ നയം ഉണ്ടോ ? ഈ ബിൽ പാസ്സാക്കണമെന്നു ഉദ്ദേശിക്കുന്നുണ്ടോ? ഇതു നിങ്ങളെ സംബന്ധിച്ചിടത്തോളം നടപ്പിലാക്കണമെന്നുള്ള ആഗ്രഹം ആത്മാർത്ഥമായിട്ടുണ്ടോ ? ഈ സ്വാഭാവികമായ ചെറിയ ചോദ്യങ്ങൾ ഉന്നയിച്ചതിൽ എൻെറ പേരിൽ ആരും തെറ്റു കാണുകയില്ല എന്നു ഞാൻ വിശ്വസിക്കുകയാണ്. ഇവിടത്തെ പ്രതിപക്ഷം പാർട്ടിയായ മാർക്സിസ്റ്റ് കമ്മ്യൂണിസറ്റു പാർട്ടി വളരെ വ്യക്തമായിട്ട് ഈ ബില്ലിനെതിരെ ടോർപ്പിഡോ പ്രയോഗിച്ചു കഴിഞ്ഞിരിക്കുന്നു പിന്നെ എങ്ങനെ ഇതു പാസ്സാക്കും. അഥവാ ഇതു പാസ്സാക്കിയാൽ എങ്ങനെ ഇതു നടപ്പിലാക്കും. മുമ്പു പറഞ്ഞതുപോലെ ചില കാര്യങ്ങളെ സംബന്ധിച്ചു ഷീൽഡായിരുന്നു; പഞ്ചായത്തു തെരഞ്ഞെടുപ്പു നീട്ടി വയ്ക്കുന്നതിനുള്ള ഒരു ഉപാധിയായി, ഒരു ഉപകരണമായി ഇതിനെ മാറിയെടുത്തു. രഹസ്യമായി അങ്ങോട്ടുമിങ്ങോട്ടുമുള്ള പകപോക്കലിനുള്ള ഒരു ഉപകരണമായി ഉപകരിച്ചു എന്നുള്ളതിൽ കവിഞ്ഞു.

ശ്രീ. എൻ. പ്രാകേരതണ്ടാർ: ഒരു ബില്ലിനു ആരെങ്കിലും ഒരു ഭേദഗതി ആവശ്യമാണെന്നു നിർദ്ദേശിച്ചാൽ അതിനെ ടോർപ്പിഡോ പ്രയോഗമാണെന്നു പറയുന്നതു ശരിയാണോ?

ചെയർമാൻ (ശ്രീ. പി. ഗോവിന്ദപ്പിള്ള): അതു ഓരോരുത്തരുടേയും വ്യാഖ്യാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. പ്രഭാകരതണ്ടാർ: വ്യാഖ്യാനത്തിൽ ടോർപ്പിഡോ വയ്ക്കുന്നതു ശരിയാണോ?

ശ്രീ. കെ. ടി. ജോർജ്ജ്: ശ്രീ. തണ്ടാരുടെ ഇഷ്ടം പോലെ വ്യാഖ്യാനിക്കാം. സബോട്ടേജ് എന്നു പറഞ്ഞാലും വിരോധമില്ല. ഈ ബില്ലിനെ സംബന്ധിച്ചു ഇവിടെയുള്ള ചർച്ചകേട്ടുകൊണ്ടു പൊതുവായിട്ടുള്ള ചിലകാര്യങ്ങൾ പറയണമെന്നു മാത്രമേ ഞാനാഗ്രഹിച്ചിട്ടുള്ളൂ. കേരളത്തിൽ ഒരു ഐക്യമുന്നണി മന്ത്രിസഭ ഉണ്ടായതിനുശേഷം ഇവിടെ കൊണ്ടുവന്നിട്ടുള്ള പല ബില്ലുകളെ കുറിച്ചും പുറകോട്ടു നോക്കുകയാണെങ്കിൽ അതിന്റെ യെല്ലാം ഉദ്ദേശലക്ഷ്യം എന്താണെന്നുള്ളതു വളരെ വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും. ഇവിടെ എത്രമാത്രം ബിൽ കൊണ്ടുവന്നു? വളരെയേറെ ബിൽ കൊണ്ടുവന്നു പാസ്സാക്കിയെടുത്തെന്നുള്ള പ്രതീതി ജനിപ്പിക്കുന്നതിൽ കവിഞ്ഞു ജനക്ഷേമപരമായ ബിൽ പാസ്സാക്കിയെടുക്കുവാൻ ഈ ഗവണ്മെന്റിനു കഴിഞ്ഞിട്ടില്ലെന്നു പറയുവാൻ ഈ വൈകിയ വേളയിൽ ഞാനാഗ്രഹിക്കുകയാണു്. ആറുനിങ്ങൾ തെരഞ്ഞെടുപ്പിൽ ഒരു നോട്ടീസ് കാണുകയുണ്ടായി. 83 ബിൽ പാസ്സാക്കിയ മന്ത്രിസഭയാണു് ഇതെന്നു അതിൽ പറഞ്ഞിട്ടുണ്ടു്. ലജ്ജയില്ലേ സർ, ഇതു പറയുവാൻ. പൂമാട്ടം സാധുത്രികമാക്കികൊണ്ടുള്ള ഒരു നിയമം. തോട്ടങ്ങളിൽ പൂ പറിച്ചാൽ ശിക്ഷിക്കുന്നതിനുള്ള നിയമം. ഇങ്ങനെ നിങ്ങളം ബില്ലുകളുടെ എണ്ണം പർവ്വതീകരിക്കുന്നതുകൊണ്ടു ജനങ്ങൾക്കു് എന്തെങ്കിലും ഗുണം കിട്ടുമോ? ജനങ്ങളുടെ മൗലികമായ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നും ഈ ഗവണ്മെന്റു പല രീതിയിലും പല വിഷയത്തിലും ഈ മാതിരിയുള്ള കളി കളിച്ചുകൊണ്ടിരിക്കുകയാണു്. സർ, എത്ര കാലമായി ഈ പഞ്ചായത്തുരാജ്ബിൽ എന്നു പറയുന്ന ഈ ബിൽ കൊണ്ടുവരാൻ? എത്ര കാലമായി ഭൂപരിഷ്കരണ നിയമത്തെക്കുറിച്ചുള്ള ഭേദഗതിനിയമം കൊണ്ടുവരാൻ? ഈ നിയമങ്ങളെ ഇവിടെ അവതരിപ്പിച്ചതിനുശേഷം എത്ര നിയമസഭാസമ്മേളനങ്ങൾ കഴിഞ്ഞു? ഒന്നവതരിപ്പിക്കും, പിന്നെ സെലക്ടു കമ്മിറ്റിക്കു വിടും. അടുത്തസെഷനിൽ പൊതുചർച്ച വേണമെന്നു പറയും. പിന്നെയും മാറ്റി വയ്ക്കും പിന്നെ ചർച്ച ചെയ്യാൻ അനുവദിച്ചാൽത്തന്നെ രണ്ടു ദിവസം അതു ചർച്ചചെയ്യും പിന്നീടു അടുത്ത സെഷനിലേയ്ക്കു മാറ്റി വയ്ക്കും. ഇപ്പോഴും രണ്ടു ദിവസത്തേയ്ക്കു പൊതു ചർച്ച അനുവദിച്ചിരിക്കുകയാണു്. ഇനി ക്രോസ് ബൈ ക്രോസ് ഡിസ്കഷൻ ഈ സെഷനിൽ വയ്ക്കാതെ നീട്ടിക്കൊണ്ടുപോകും ഇന്നു ജനങ്ങളെ ഭയന്നു മന്ത്രിസഭ പുറകോട്ടു ഓടുകയാണെന്നുള്ള കാര്യം നാം മനസ്സിലാക്കണം. നിങ്ങളുടെ അഭിപ്രായ വ്യത്യാസങ്ങളും പാർട്ടിനിന്നതകളും ഒന്നും ജനങ്ങൾക്കു താൽപ്പര്യമുള്ള കാര്യമല്ല. ഒരു നിയമനിർമ്മാണം കൊണ്ടുവന്നാൽ അതു പൂർത്തിയാക്കി നടപ്പിലാക്കണം. പഞ്ചായത്തുരാജിനെ സംബന്ധിച്ചിടത്തോളം മുഖം കാണിച്ചിട്ടു വീണ്ടും മറയുകയാണു്. പൊതു ചർച്ച നടത്തിയശേഷം വീണ്ടും യവനികയിൽ മറയുന്ന സംപ്രദായമല്ലേ നിങ്ങൾ നടത്തുന്നതു്? ഇത്രത്തോളം കാതലായ ഒരു നിയമത്തെ സംബന്ധിച്ചിടത്തോളം ഐകരൂപ്യമുള്ള ഒരഭിപ്രായം മുമ്പോട്ടു വയ്ക്കുവാൻ ശക്തിയില്ലാത്ത ഒരു ഭരണ സംവിധാനം കേരളത്തിനു് എന്തിനു.....

ശ്രീ. എ. എസ്. എൻ. നമ്പീശൻ: പഞ്ചായത്തിരാജു ബില്ലിനെപോലെയോ ഭൂപരിഷ്കരണ ബില്ലിനെപ്പോലെയോ പ്രധാനപ്പെട്ട ഒരു ബിൽ പൂമാട്ടങ്ങളിൽ നിന്നും പറിച്ചാൽ കൊടുക്കേണ്ട ശിക്ഷയെപ്പറ്റിയും മറ്റും പ്രതിപാദിക്കുന്നതുപോലെ പെട്ടെന്നു കൈകാര്യം ചെയ്യാവുന്ന പാസ്സാക്കിയെടുക്കണമെന്നുള്ളതാണോ മെമ്പറുടെ ഉദ്ദേശം?

ശ്രീ. കെ. ടി. ജോർജ്ജ്: ഈ ഗവണ്മെന്റു മുന്നുകൊല്ലത്തോളമായി അധികാരത്തിൽ വന്നിട്ടു്. ലാൻറ് റിഫോമിനെ സംബന്ധിച്ചിടത്തോളം ഒരു പുതിയ നിയമ

മൊന്നും ഉണ്ടാക്കുകയില്ല. ചിലദേഭേദഗതികൾ വരുത്തിയാൽ മാത്രം മതി. മൂന്നുകൊല്ല ആയിട്ടും ഇനിയും താമസമുണ്ടാകുന്നതിന്റെ പിന്നിലുള്ള ഉദ്ദേശമെന്തെന്നു ജനങ്ങൾക്കറിയാം.

ശ്രീ. എം. കെ. എ. ഹമീദ്: ഈ പഞ്ചായത്തിരാജ് ബിൽ 1957-ൽ അവതരിപ്പിച്ചതാണല്ലോ. അന്നത്തെ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റു് പോയതിനുശേഷം വന്ന കോൺഗ്രസ് ഗവണ്മെന്റിനു ഇതു പാസ്സാക്കാമായിരുന്നില്ലേ?

ശ്രീ. കെ. എം. ജോർജ്ജ്: മുമ്പിരുന്ന ഗവണ്മെന്റു് എന്തുകൊണ്ടു ചെയ്തിരുന്നില്ല എന്നു ഇപ്പോൾ ചോദിച്ചാൽ അതിനു വ്യക്തമായിട്ടുള്ള മറുപടി ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല. കോൺഗ്രസ് ഭരിക്കുന്ന പല സംസ്ഥാനങ്ങളിലും പഞ്ചായത്തുരാജ് നിയമവും ഭൂപരിഷ്കരണ നിയമവും നടപ്പിലാക്കിയിട്ടുണ്ടു്.

ശ്രീ കെ. ഗോപാലൻ നായർ: 1969-ൽ പോലും അധികാരം വികേന്ദ്രീകരിപ്പുകൊടുക്കുവാൻ പക്വമായിട്ടില്ല എന്നു വരികയാണോ അതു പാസ്സാക്കിയിരുന്നപക്ഷം അതു കൂടുതൽ അപകടകരമാകുമായിരുന്നില്ലേ?

[Mr Speaker in the Chair]

ശ്രീ. കെ. ടി. ജോർജ്ജ്: ഇതു് പക്വമായിരുന്നില്ലെന്നു് അവർ പറയുന്നതിനുള്ള കാരണമെന്തെന്നുകൂടി ഞാൻ വെളിപ്പെടുത്താം. വളരെ വ്യക്തമായി തെളിഞ്ഞു വന്ന ഒന്നു രണ്ടു കാര്യങ്ങൾ കൂടി ഈ സഭയുടെ ശ്രദ്ധയ്ക്കു് വിഷയീഭവിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണു്. അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ചു് സംസാരിക്കുമ്പോൾ ഇന്നയിന്ന വകുപ്പുകളെ സംബന്ധിച്ചിടത്തോളം അധികാര വികേന്ദ്രീകരണം നടപ്പിലാക്കാൻ പാടില്ലെന്നുള്ള വാദം ഇവിടെ ഉന്നയിച്ചതു് ആരാണെന്ന മനസ്സിലായോ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഒരു ബഹുമാന്യമെമ്പറായ ശ്രീ. വാസുദേവമേനോനെ സംബന്ധിച്ചിടത്തോളം പോലീസും റവന്യൂവും ഒരുകാലത്തും ജില്ലാകൗൺസിലുകളുടെ അധികാരപരിധിയിൽവിട്ടുകൊടുക്കാൻ പാടില്ല. ശ്രീ. വാസുദേവമേനോൻ ആരാണെന്നറിയാമോ? കേരളപഞ്ചായത്തു് അസോസിയേഷൻ ജനറൽ സെക്രട്ടറിയാണു്. കേരള പഞ്ചായത്തു് അസോസിയേഷൻ ജനറൽ സെക്രട്ടറിയെന്നുള്ള നിലയ്ക്കു് അദ്ദേഹം എഴുതിയിട്ടുള്ള ഒരു ലേഖനം ഞാൻ കാണുകയുണ്ടായി. ആ ലേഖനത്തിൽ അദ്ദേഹം പറഞ്ഞിരിക്കുന്നതു് റവന്യൂ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും വികേന്ദ്രീകരിക്കണമെന്നാണു്. അങ്ങനെ വ്യക്തമായി ഒരു ലേഖനത്തിൽ എഴുതിയതിനുശേഷം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ജനപ്രതിനിധിയ്ക്കു് പെട്ടെന്നു് ഈ പരിവർത്തനം ഉണ്ടായതിന്റെ കാരണം എന്താണെന്നു് മനസ്സിലാകുന്നില്ല. പലപ്പോഴും പല മാനസാന്തരങ്ങളും പരിവർത്തനങ്ങളും ഉണ്ടായിട്ടുണ്ടു്. കാലാകാലങ്ങളിൽ ഉണ്ടാകുന്ന രാഷ്ട്രീയ കൂടാട്ടങ്ങൾക്കു് അടിസ്ഥാനപ്പെടുത്തിക്കൊണ്ടു് നിയമനിർമ്മാണങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ, ഈ രാജ്യത്തു് നല്ല നിയമനിർമ്മാണങ്ങളൊന്നുംതന്നെ നടപ്പിലാക്കാൻ സാധിക്കുകയില്ല.

ശ്രീ. സി. വാസുദേവമേനോൻ: റവന്യൂവകുപ്പു് വികേന്ദ്രീകരിക്കരുതെന്നു ഞാൻ ഇവിടെയോ മറ്റുള്ള സ്ഥലത്തോ പ്രസംഗിച്ചിട്ടില്ല. ജില്ലാകൗൺസിലുകൾക്കു് ഭരണനിർവഹണത്തിനാവശ്യമായ അധികാരം വികേന്ദ്രീകരിച്ചുകൊടുക്കണമെന്നതന്നെയാണു് ഞാൻ പറഞ്ഞതു്. ഞാൻ പറഞ്ഞതു് ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു.

ശ്രീ കെ ടി ജോർജ്ജ്: ഞാൻ പറഞ്ഞതു് തിരുത്തിയതിൽ സന്തോഷമുണ്ടു്. പോലീസിന്റെ ഭരണപരമായ ചുമതലകൾക്കു് വിട്ടുകൊടുക്കരുതെന്നുള്ള അഭിപ്രായക്കാരനാണു് ഞങ്ങളും. മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അഹമ്മദിനു് വിദ്യാഭ്യാസവകുപ്പു്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കൗൺസിലുകൾക്ക് വിട്ടുകൊടുക്കുന്നതിൽ വളരെയധികം ഭേദമുണ്ടെന്നു് കാണാം. അതിൽ പകൽപോലെ തെളിഞ്ഞുകാണുന്ന ഒരു കാര്യം ഞാൻ പറയാം. അധികാരത്തിന്റെ സിംഹാസനത്തിൽ കയറിയിരുന്നുകൊണ്ടു്, നാടൻ ശൈലിയിൽ പറയുകയാണെങ്കിൽ ശർക്കരകുടത്തിൽ കൈയിട്ടു് രുചി മനസ്സിലാക്കിയതിനു ശേഷം, അതു് വിട്ടുകൊടുക്കാൻ കുറെ വൈഷമ്യം എല്ലാവർക്കും കാണും. അതുപോലെ ഇവിടെയുള്ള വകുപ്പുകളുടെ ചുമതലവഹിച്ചു് അതിന്റെ രുചി മനസ്സിലാക്കിയവർക്കു് അധികാരവികേന്ദ്രീകരണം നടത്തുന്നതിനു് വിഷമംകാണും. ഓരോ പാർട്ടികളെ സംബന്ധിച്ചിടത്തോളവും നോക്കുകയാണെങ്കിൽ അവരുടെ അധികാരം നിലനിറുത്തണം, അതു് കേന്ദ്രീകരിക്കണം, അതു് എത്രയും കേന്ദ്രീകരിക്കാമോ അത്രയും അധികം കേന്ദ്രീകരിച്ചു കിട്ടണമെന്നുള്ള ആഗ്രഹം ഉള്ളതായി കാണാം. അധികാരത്തിന്റെ സിംഹാസനത്തിൽ എന്നുമെന്നും കയറിയിരിക്കണമെന്നുള്ള ആഗ്രഹംകൊണ്ടാണു് ഈ നിയമനിർമ്മാണം നടത്തുന്നതു് താമസിപ്പിക്കുന്നതും, അതിനുവേണ്ടി തൽപരകക്ഷികളും വാദിക്കുന്നതും.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ പോലീസ് വകുപ്പ് ജില്ലാ കൗൺസിലുകൾക്ക് വിട്ടുകൊടുക്കുന്നതിനു് എതിരാണു് അല്ലേ? എന്നാൽ ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയിൽപ്പെട്ട ശ്രീ. അലക്സാണ്ടർ പാമ്പിത്താറ പോലീസ് വകുപ്പ് ജില്ലാ കൗൺസിലുകളെ ഏൽപിച്ചുകൊടുക്കണമെന്നു് ഈ ബിൽ അവതരിപ്പിച്ച അവസരത്തിൽ ഇതിനെപ്പറ്റി സംസാരിച്ചപ്പോൾ പറഞ്ഞതായി അറിയാമോ?

ശ്രീ. കെ. ടി. ജോർജ്ജ്: അതു് പാമ്പിത്താറ മാസ്റ്ററുടെ അഭിപ്രായമാണു്. എന്റെ അഭിപ്രായം പറഞ്ഞുകഴിഞ്ഞു. കോൺഗ്രസ് കക്ഷിയുടെ നേതാവു് ശ്രീ. കെ. കരുണാകരൻ എഴുതിയ ഡിസൻറിംഗ് നോട്ടിൽ കോൺഗ്രസ് പാർട്ടിയുടെ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടു്.

സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഈ നിയമസഭയിലുണ്ടായ അഭിപ്രായവ്യത്യാസങ്ങളുടെ കാരണം എന്താണെന്നു് എത്ര ചിന്തിച്ചിട്ടും എനിക്കു് മനസ്സിലാകുന്നില്ല. ഡെമോക്രാറിക് ഡീസെൻട്രലൈസേഷൻ എന്ന മൗലികമായ തത്വം, ജനാധിപത്യ ചിന്താഗതിയോടുകൂടി മുന്നോട്ടു പോകുന്ന എല്ലാ രാഷ്ട്രീയകക്ഷികളും അംഗീകരിക്കുന്നതും അംഗീകരിച്ചിട്ടുള്ളതുമാകുന്നു. ആ നിലയ്ക്കു് ഈ ബിൽ പൊതുവേ സ്വാഗതാർഹമായ ഒന്നാണു്. പ്രതിപക്ഷകക്ഷി എന്നുള്ള നിലയ്ക്കു് ഈ ബില്ലിനെക്കുറിച്ചു് ആകെ സംസാരിക്കാൻ ഞങ്ങൾക്കു് പ്രയാസമുണ്ടു്. ഈ ബില്ലിലെ മിക്കവാറും കാര്യങ്ങളും അംഗീകരിക്കേണ്ടതാണു്. ചില ഭേദഗതികളും മാത്രം നിർദ്ദേശിച്ചു്, രാജ്യക്ഷേമത്തിനു് ഉപകരിക്കത്തക്ക വിധത്തിലുള്ള ഈ നിയമനിർമ്മാണം എത്രയുംവേഗം നടപ്പിൽവരണമെന്നു് ആഗ്രഹിക്കുന്നവരാണു് ഞങ്ങളും. ഈ രാജ്യത്തെ സോഷ്യലിസത്തിലേക്കു നയിക്കുന്നതിനുവേണ്ടി മുന്നോട്ടുപോകുന്ന കക്ഷിയുടെ പ്രതിനിധിയെന്നുള്ള നിലയിൽ ഈ നിയമനിർമ്മാണം എത്രയുംവേഗം നടപ്പിലാക്കണമെന്നു് ആഗ്രഹിക്കുന്ന ഒരാളാണു് ഞാൻ. ഈ ബില്ലിന്റെ പേരിനെ സംബന്ധിച്ചിടത്തോളം പല ശബ്ദകോലാഹലങ്ങളും ഇവിടെ കേൾക്കുകയുണ്ടായി. ഞാൻ അതു് കേട്ടു ചിന്തിച്ചിരുന്നുപോയി. ഈ ബില്ലിന്റെ പേരു് മാറണമെന്നും, മാറേണ്ടായെന്നും യാതൊരു അടിസ്ഥാനകാരണവും കൂടാതെ ഓരോരുത്തർ അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. എന്താണു് പേരുമാറുന്നതിനു് പ്രോത്സാഹനം നൽകുകയുണ്ടായതിനുള്ള കാരണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഞാൻ ആലോചിച്ചപ്പോൾ എനിക്കു കിട്ടിയ സമാധാനം ഈ പേരേടുക്കുടി ഈ ബിൽ പാസ്സാക്കുകയാണെങ്കിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വകയാണു് പൊട്ടിയും എന്നാണു്. ശ്രീ. ദക്ഷിണാമൂർത്തിയും, ശ്രീ. വാസുദേവമേനോനും ഇവിടെ എന്തൊക്കെയാ പറയുന്നതുകേട്ടു. അവർ പറഞ്ഞതു് എന്താണെന്നു് എനിക്കു് മനസ്സിലായില്ല; പ്രതിപക്ഷത്തുള്ള ആർക്കുംതന്നെ മനസ്സിലായിട്ടില്ലെന്നാണു് അറിയാൻ സാധിച്ചതു്

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ചവർക്കുതന്നെ അവർ സംസാരിച്ചതെന്താണെന്നു മനസ്സിലായോ എന്നു സംശയമാണു്. ഇൻഡ്യൻ ഭരണഘടനയുടെ അലകും പിടിയും മാറിയാലേ ഇവിടെ എന്തും നടത്തുകയുള്ളുവെന്നു് വന്നാൽ ഈ നിയമസഭയിൽ ഒന്നുംതന്നെ അവതരിപ്പിക്കാനോ പാസാക്കാനോ സാധിക്കുകയില്ല. ഇൻഡ്യൻ ഭരണഘടന മാറിയതിനുശേഷം മാത്രമേ ഭക്ഷണം കഴിക്കുകയുള്ളൂ, ഉറങ്ങുകയുള്ളൂ, കളിക്കുകയുള്ളൂ, എന്നുള്ള ദൃഢനിശ്ചയത്തോടുകൂടിയാണു് ഇവിടെ ചിലർ വന്നിരിക്കുന്നതെന്നു് തോന്നുന്നു. ഈ ബില്ലിന്റെ പേരുമാറ്റുന്നതിനു് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയെ പ്രചോദിപ്പിച്ചതിന്റെ കാരണം എന്താണു്? ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 40-ൽ ഒരു കാര്യം പറഞ്ഞിട്ടുണ്ടു്.

"The State shall take steps to organise Village Panchayats and endow them with such powers and authority as may be necessary to enable them to function as units of self-government."

എന്നാണു് അതിൽ പറഞ്ഞിരിക്കുന്നതു്. ഇൻഡ്യൻ ഭരണഘടനയുടെ അലകും പിടിയും മാറ്റേണ്ടതാണു്, മാറ്റേണ്ടതാണു് എന്നു് വാദിക്കുന്നവരാണു് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുകാർ. ഭരണഘടനയുടെ ആർട്ടിക്കിൾ 40-ൽ പറഞ്ഞിട്ടുള്ളതു്, സംസ്ഥാനങ്ങളുടെ ഡയറക്ടീവു് പ്രിൻസിപ്പിളിൽ പ്രധാനമായിട്ടുള്ള സംഗതിയാണു്. അടിസ്ഥാനപരമായ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെന്നുള്ള നിലയ്ക്കു് ഇവിടത്തെ പഞ്ചായത്തുകളെ വളർത്തി എടുക്കണമെന്നു്. അതിന്റെ അടിസ്ഥാനത്തിലാണു് ഇൻഡ്യയിലെ ഒട്ടുമുക്കാൽ സംസ്ഥാനങ്ങളിലും പഞ്ചായത്തു് രാജു് ബിൽ നടപ്പിലാക്കിയതു്.

ശ്രീ. എ. എസ്. പുരുഷോത്തമൻ: 1950-ലാണു് ഭരണഘടന ഉണ്ടാക്കിയതു്. അതിനുശേഷം പലപ്പോഴും അധികാരത്തിലിരുന്ന കോൺഗ്രസ്സു് ഗവണ്മെന്റു് എന്തുകൊണ്ടു് പഞ്ചായത്തു് രാജ്ബിൽ നടപ്പിലാക്കിയില്ല?

ശ്രീ. കെ. ടി. ജോർജ്ജു്: പല സംസ്ഥാനങ്ങളിലും പഞ്ചായത്തു് രാജ്ബിൽ നടപ്പിലാക്കിക്കഴിഞ്ഞിരുന്നു. എല്ലാ നിയമങ്ങളും ഒറ്റയടിക്കു് നടപ്പിൽ വരുത്താൻ ഒരു ഗവണ്മെന്റിനെക്കൊണ്ടു് സാധിക്കുകയില്ല. 1969-ൽ കേരളത്തിൽ ഈ ബിൽ നടപ്പിൽ വരുത്താൻ തുടങ്ങിയപ്പോഴും ഭരണഘടനാപരമായ കാര്യങ്ങളുമായിട്ടു ചിലർ മുന്നോട്ടു വരികയാണു്. ഇൻഡ്യൻ ഭരണഘടനയിൽ പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആണു് പഞ്ചായത്തുകളെ സ്വയംഭരണസ്ഥാപനങ്ങളാക്കാനുള്ള നിയമനിർമ്മാണങ്ങളും എല്ലാ സ്റ്റേറ്റിലും കൊണ്ടുവന്നിട്ടുള്ളതു്. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെയും അതിനുള്ള ശ്രമങ്ങളും തുടങ്ങിയതും നിയമനിർമ്മാണം നടത്തുകയും ചെയ്തു. പക്ഷെ ഇൻഡ്യൻ ഭരണഘടനയിൽ പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇവിടെ നടപ്പിലാക്കുകയാണെങ്കിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതാക്കന്മാരായ ശ്രീ. ഇ. എം ശങ്കരൻനമ്പൂതിരിപ്പാടിന്റെയും, ശ്രീ. എ. കെ. ഗോപാലന്റെയും വാദങ്ങളും പൊളിയും. അതുകൊണ്ടാണു് ഇപ്പോഴും പഞ്ചായത്തുരാജ് എന്നുള്ള പേരെങ്കിലും മാറ്റണമെന്നുള്ള വാദമുഖവുമായി വന്നിരിക്കുന്നതു്.

ശ്രീ. എം. കെ. എ. ഹമീദ്: ബഹുമാനപ്പെട്ട മെമ്പർ ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 40 വായിച്ചതുപോലെ അതിലെ ആർട്ടിക്കിൾ 39 കൂടി ഒന്നു വായിക്കാമോ?

ശ്രീ കെ. ടി. ജോർജ്ജു്: വേണമെന്നുണ്ടെങ്കിൽ ഞാൻ ഇവിടെനിന്നുകൊണ്ടു് ഭരണഘടനയുടെ ആദ്യം മുതൽക്കേ വായിക്കാം.

ശ്രീ. എം കെ. എ. ഹമീദ്: ആദ്യം മുതൽക്കു് വായിക്കേണ്ട, ആർട്ടിക്കിൾ 39 മാത്രം വായിച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്ജ്: അതു് കുറച്ചു കൂടുതലുണ്ടു്. പഞ്ചായത്തുകളെ സ്വയം ഭരണസ്ഥാപനങ്ങളാക്കി മാറ്റണമെന്നുള്ളതു് ഒരു വസ്തുതയാണു്. അതിനുവേണ്ടി ജില്ലാ കൗൺസിലുകളും രൂപീകരിക്കണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടു്. അതിനെല്ലാം ഉതകുന്ന ഈ ബിൽ 'പഞ്ചായത്തു രാജ്' എന്നുള്ള പേരോടുകൂടി പാസാക്കി നടപ്പിൽ വരികയാണെങ്കിൽ ഒരു ഗ്രാമത്തിന്റെ ഉണ്ടാക്കിയിട്ടുള്ള ഭരണഘടനയുടെ ആർട്ടിക്കിൾ 40-ൽ പറയുന്നതുപോലെയാകും. അപ്പോൾ ആ വിധത്തിൽ നടപ്പിൽ വരികയാണെങ്കിൽ ഇൻഡ്യൻ ഭരണഘടനമാറണം, മാറിയേതീരൂ എന്നു് വാദിക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വാദം പൊളിയും. അതുകൊണ്ടാണു് ഈ ബില്ലിന്റെപേരു് മാറണമെന്നുള്ള വാദവുമായി മുന്നോട്ടു വന്നതു്.

ശ്രീ. ഇ പി. കൃഷ്ണൻനമ്പ്യാർ: വളരെയധികം പരിപാവനമാണു് ഭരണഘടനയെന്നു് അഭിപ്രായമുള്ള ബഹുമാനപ്പെട്ട മെമ്പർ തന്നെ ഭരണഘടനയിൽ നിരവധി മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും, ഇനിയും ആവശ്യമാണെങ്കിൽ മാറ്റങ്ങൾ വരുത്തുമെന്നും പറയുന്നതെന്തുകൊണ്ടാണു ?

ശ്രീ. കെ. ടി. ജോർജ്ജ്: ഇതെല്ലാം പ്രാഥമികമായ ചോദ്യങ്ങളാണു്. ഇതിനെല്ലാം നൂറു പ്രാവശ്യം ഉത്തരം പറഞ്ഞിട്ടുള്ളതാണു്. ഭരണഘടന വളരെ പരിപാവനമായതുതന്നെയാണു്. എങ്കിലും മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭരണഘടനയിൽ മാറ്റം വരുത്തരുതെന്നു് ഞാൻ പറയുന്നില്ല. എവിടെ എല്ലാം ഭരണഘടനയിൽ ഭേദഗതി ആവശ്യമാണെന്നു് തോന്നിയിട്ടുണ്ടോ അവിടെ എല്ലാംതന്നെ ഭേദഗതികളും വരുത്തിയിട്ടുണ്ടു്. ഇനിയും ഭരണഘടനയിൽ ഭേദഗതികളാവശ്യമാണെന്നുണ്ടെങ്കിൽ ഭേദഗതി ചെയ്യും. ഭരണഘടനയുടെ അലകും പിടിയും മാറണമെന്നു പറയുന്നതല്ലാതെ, സോഷ്യലിസം നടപ്പിലാക്കാൻ ഭരണഘടനയുടെ ഏതു് വകുപ്പാണു് വിരുദ്ധമായി നിൽക്കുന്നതു്, ഏതെല്ലാം ആണു് അതിനുവേണ്ടി മാറ്റേണ്ടതു എന്നു് വ്യക്തമായി നിങ്ങൾ പറഞ്ഞിട്ടുണ്ടോ?

ശ്രീ. സി. ബി ചന്ദ്രശേഖരവാര്യർ: ജനാധിപത്യ സോഷ്യലിസം നടപ്പിലാക്കുന്നതിനു ഭരണഘടന എങ്ങനെ പ്രതിബന്ധമായി നിൽക്കുന്നുവെന്നുള്ളതിനെ സംബന്ധിച്ചു് ആധികാരികമായി ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു് ദേശാഭിമാനിയിൽ എഴുതിയ ലേഖനം വായിച്ചാൽ മനസ്സിലാകും. ബഹുമാനപ്പെട്ട മെമ്പർ ആ ലേഖനം വായിച്ചാൽ ഭരണഘടനയിൽ ഏതെല്ലാം ആണു് ജനാധിപത്യ സോഷ്യലിസം നടപ്പിലാക്കുന്നതിനു് മാറേണ്ടതെന്നു് വ്യക്തമായി മനസ്സിലാക്കാവുന്നതാണു്.

ശ്രീ. കെ. ടി. ജോർജ്ജ്: ദേശാഭിമാനി പ്രസ്സിലേക്കു് എന്നെ ശ്രീ സി. ബി സി. വാര്യർ പറഞ്ഞയയ്ക്കേണ്ടാ. ഞാൻ അതു് വായിച്ചിട്ടുണ്ടു്. വേണമെന്നുണ്ടെങ്കിൽ ശ്രീ സി. ബി. സി. വാര്യർക്കു് ഞാൻ അതു് മനസ്സിലാക്കിച്ചുതരാം.

മി സ്പീക്കർ: മി. ജോർജ്ജ് ബില്ലിനെക്കുറിച്ചുള്ള പ്രസക്തമായ കാര്യങ്ങൾ മാത്രം പറഞ്ഞതാൽ മതി.

ശ്രീ കെ ടി. ജോർജ്ജ്: സർ, ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം. ഈ രാജ്യത്തു് ഇൻഷ്വറൻസ് ഏർപ്പെടുത്തിയപ്പോഴും, സെമിന്ദാരിസബ്രദായം ഇല്ലായ്മചെയ്യുമ്പോഴും, കർഷകർക്കു് കുടിയിരിപ്പുഭൂമി കൊടുക്കുന്നതിനുള്ള നിയമം കൊണ്ടുവന്നപ്പോഴും, ബാങ്കുദേശസാൽക്കരണം നടപടികളെടുത്തപ്പോഴും, ഈ ഭരണഘടന വിലങ്ങായി നിന്നിട്ടില്ല. ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 40 അനുസരിച്ചു് പഞ്ചായത്തുരാജ് നിയമം ഈ രാജ്യത്തു് നടപ്പിലാക്കുകയാണെങ്കിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെസംബന്ധിച്ചിടത്തോളം അവരുടെവാദം പൊളിയും. അതിന്റെ അടിസ്ഥാനത്തിലാണു് പേരിലെങ്കിലും മാറ്റം വരുത്തുകയെന്നുള്ള വാദവുമായി ഇവിടെ വന്നിട്ടുള്ളതെന്നുള്ള കാര്യം നിങ്ങളും മനസ്സിലാക്കിക്കൊള്ളുക.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലിൽ ജില്ലാകൗൺസിലുകളുടെ കാമ്പോസിഷനെ സംബന്ധിച്ചിടത്തോളം എം. എൽ. എ മാരെക്കൂടി ഉൾപ്പെടുത്തിയിട്ട് അവർക്ക് വോട്ടിംഗ് അധികാരം വേണമോ വേണ്ടയോ എന്നുള്ളതു വളരെ വിവാദപരമായ ഒരു വിഷയമായി ഇവിടെ പലതും സംസാരിക്കുകയുണ്ടായി. എന്റെ അഭിപ്രായം, എം. എൽ. എ. മാർക്ക് വോട്ടിംഗ് അവകാശമുണ്ടായിരിക്കണമെന്നാണ്. ഒന്നാമതായി വോട്ടിംഗ് അധികാരമില്ലാതെ വെറും നിഷ്ക്രിയരായി ജില്ലാകൗൺസിലുകളിൽ നോക്കിനിൽക്കാനുള്ള ആളുകളായി എം. എൽ. എ. മാരെ തരം താഴ്ത്തണമോ എന്ന കാര്യം ആലോചിക്കണം. രണ്ടാമതായി, ഇങ്ങനെ വോട്ടിംഗിന്റെ കാര്യമൊന്നും ജില്ലാകൗൺസിലുകളിൽ ഉണ്ടാകുമെന്നു വളരെയൊന്നും പ്രതീക്ഷിക്കേണ്ടതില്ല. ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് കൗൺസിലുകളിലും അതുപോലുള്ള ബാഡികളിലും എം. എൽ. എ. മാർക്ക് വോട്ടിംഗ് അവകാശത്തിനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നിട്ട് യാതൊരു കുഴപ്പവും ഉണ്ടാകാതിരുന്നിട്ടുള്ള സ്ഥിതിക്ക് ആശങ്കകൊണ്ടൊന്നും വലിയ സ്ഥാനമുണ്ടെന്നു തോന്നുന്നില്ല. അതേസമയത്തു തന്നെ, എം. എൽ. എ. മാർ ഔദ്യോഗിക ഭാരവാഹികളാകാൻ പാടില്ല. എം. എൽ. എ. മാർക്ക് മറ്റു തരത്തിലുള്ള ജോലികൾ നിർവ്വഹിക്കാനുള്ളതുകൊണ്ട് ജില്ലാ കൗൺസിലിലെ പ്രവർത്തനങ്ങളിൽ മുഴുവൻ സമയവും പ്രവർത്തിക്കാൻ സാധിക്കുകയില്ലെന്നുള്ളതുകൊണ്ടാണ് ഭാരവാഹികളായിരിക്കാൻ പാടില്ലെന്നു ഞാൻ പറയുന്നതു്. ഇതേസംബന്ധിച്ച് മറ്റു സംസ്ഥാനങ്ങളിലുള്ള കാര്യങ്ങളും ഞാൻ പരിശോധിക്കുകയുണ്ടായി. അവിടെയെല്ലാം എം. എൽ. എ. മാർ ജില്ലാപരിഷത്തിൽ വോട്ടവകാശത്തോടുകൂടിയുള്ള അംഗങ്ങളാണ്.

ശ്രീ. പി. എസ്. നമ്പൂതിരി: പ്രതിപക്ഷം സംസ്ഥാനങ്ങളിലേയും ജില്ലാപരിഷത്തുകളിലേക്കുള്ള തിരഞ്ഞെടുപ്പ് നേരിട്ടല്ലെന്നറിയാമോ?

ശ്രീ. കെ. ടി. ജാഫർഖാൻ: അതേസംബന്ധിച്ചിടത്തോളം ഒരുപക്ഷേ ശരിയായിരിക്കാം. പ്രൊപ്പോർഷണൽ റെപ്രസന്റേഷൻ വേണമോ ഇൻഡയറക്റ്റ് ഇലക്ഷൻ വേണമോ എന്നുള്ള പ്രശ്നമല്ല ഉള്ളതു്. ഇവിടെ ഡയറക്റ്റ് ഇലക്ഷനാണു് അംഗങ്ങളെ തിരഞ്ഞെടുക്കപ്പെടുന്നതു്. പ്രതിപക്ഷം സംസ്ഥാനങ്ങളിലും നിലനിന്നുപോരുന്ന സമ്പ്രദായം ഈ ബില്ലിൽ ഉൾക്കൊള്ളിക്കുന്നതുകൊണ്ടു് തെറ്റില്ല. ആന്ധ്രാപ്രദേശ്, ജമ്മു ആൻറ് കാശ്മീർ, മദ്ധ്യപ്രദേശ്, മൈസൂർ, രാജസ്ഥാൻ, ഉത്തർപ്രദേശ്, റവന്യൂ ബങ്കാൾ, ഇതുപോലെ സംസ്ഥാനങ്ങളിൽ നിയമസഭാസാമാജികന്മാർ വോട്ടിംഗ് അവകാശത്തോടുകൂടി ജില്ലാപരിഷത്തുകളിൽ അംഗമായിരിക്കുന്നുണ്ടു്. വോട്ടിംഗ അവകാശമില്ലാത്ത രണ്ടുമൂന്നു സംസ്ഥാനങ്ങളുണ്ടു്. അവ ബീഹാർ, ഗുജറാത്തു്, മദ്രാസു്, പഞ്ചാബു് എന്നീ സംസ്ഥാനങ്ങളാണു്. എം. എൽ. എ. മാർ സംസ്ഥാനതലത്തിലുള്ള ഭരണവും ജില്ലാതലത്തിലുള്ള ഭരണവും കോ ഓർഡിനേറ്റു് ചെയ്യണമെന്നു ഇവിടെ പറയുകയുണ്ടായി. ജില്ലാതലത്തിൽ നടക്കുന്ന കാര്യങ്ങളെസംബന്ധിച്ചിടത്തോളം അതിന്റെ പ്രതിധ്വനി സംസ്ഥാനതലത്തിൽ കൊണ്ടുവരുന്നതിനു് എം. എൽ. എ. മാരുടെ അംഗത്വം സഹായകമാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതേസമയത്തിൽ മറിച്ചു് ഒരു കാര്യംകൂടി പറയാനുണ്ടു്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടക്കുന്ന കാര്യങ്ങൾക്കു് എതിരുണ്ടു് എം. എൽ. എ മാരുടെ അംഗത്വം സഹായകമായിത്തീരുമ്പോൾ അതേമാതിരിതന്നെ കീഴ്ഘടകമായ പഞ്ചായത്തുകളിലേക്കുകൂടി ഇതിന്റെ പ്രതിധ്വനി എത്തിക്കുന്നതിനുവേണ്ടി പഞ്ചായത്തുപ്രതിനിധികൾക്കുകൂടി ജില്ലാപരിഷത്തിൽ അംഗത്വം നൽകണമെന്ന ഭേദഗതി വരുത്തണമെന്നാണു് എനിക്കു് നിർദ്ദേശിക്കാനുള്ളതു്. ഭരണത്തിന്റെ അടിസ്ഥാനഘടകം പഞ്ചായത്താണെന്നിരിക്കേ, അവർക്കുകൂടി കാര്യങ്ങൾ മനസ്സിലാക്കാൻ പഞ്ചായത്തിലെ മെമ്പറന്മാരെല്ലാംകൂടി വീണ്ടും ഒരു തിരഞ്ഞെടുപ്പു നടത്തി അവരുടെ പ്രതിനിധികളെക്കൂടി ജില്ലാതലത്തിൽ കൊണ്ടുവരത്തക്കനിലയിൽ ഈ നിയമം ഭേദഗതി ചെയ്യണമെന്നാണു് എനിക്കു് പറയാനുള്ളതു്. അങ്ങനൊരു വകുപ്പു് ഒറിജിനൽ ബില്ലിലുണ്ടായിരുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ണ്ടു് എടുത്തുകൊണ്ടു് നീക്കം ചെയ്യ എന്നു മനസ്സിലാകുന്നില്ല. അതുകൊണ്ടു് പഞ്ചായത്തുകളുടെ പ്രതിനിധികൾക്കുകൂടി ജില്ലാകൗൺസിലിൽ അംഗത്വം നൽകുന്നതിനുവേണ്ട വ്യവസ്ഥ ചെയ്യണം.

ഈ ബില്ലിലെ 67 മുതൽ 70 വരെയുള്ള വകുപ്പുകളിൽ കാണുന്ന കാര്യങ്ങളെ സംബന്ധിച്ച ഭേദഗതിയും ഒരു വാക്കുപറഞ്ഞുകൊണ്ടു അവസാനിപ്പിക്കാമെന്നു ഞാൻ ആഗ്രഹിക്കുകയാണു്. 67 മുതൽ 70 വരെയുള്ള വകുപ്പുകളും ജില്ലാസമിതികളെ സംബന്ധിച്ച ഭേദഗതിയും ഗവണ്മെന്റിനു ഉണ്ടായിരിക്കേണ്ട നിയന്ത്രണാധികാരങ്ങളും ഉൾക്കൊള്ളുന്ന വകുപ്പുകളാണു്. ഇത്രയും കർശനമായ അധികാരങ്ങൾ ഗവണ്മെന്റിനു വേണമോ എന്നുള്ള കാര്യം ഒന്നുകൂടി പരിചിന്തിക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. ഗവണ്മെന്റിനു് വളരെയധികം അധികാരം നൽകിയിരിക്കുകയാണു്. ഗവണ്മെന്റിനു് അധികാരം വേണ്ടാ എന്നു ഞാൻ പറയുന്നില്ല. എക്സിക്യൂട്ടീവു് അധികാരം ഉൾക്കൊള്ളുന്ന ഈ ബാഡികളെസംബന്ധിച്ചിടത്തോളം, ഗവണ്മെന്റിന്റെ ഗ്രാന്റുകൊണ്ടു് നിയന്ത്രിക്കപ്പെടുന്ന ഒരു ബാഡിയെ സംബന്ധിച്ചിടത്തോളം, ഉണ്ടാകുന്ന രണ്ടവൈകല്യങ്ങളും കാലാകാലങ്ങളിൽ നിയന്ത്രിക്കണമെന്നു് ആവശ്യമാണു്. അതു് ഗവണ്മെന്റിനു് അധികാരം ഉണ്ടായിരിക്കേണ്ടതും ആവശ്യമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഉദാഹരണത്തിനു് "If the district council persistently makes default in performing the duties imposed on it by law or in carrying out the orders lawfully issued by the Government or exceeds or abuses its powers . . ." നിർദ്ദേശങ്ങളും അല്പം exceed ചെയ്താലും എന്നു വരികയാണെങ്കിൽ ഉടനെ ജില്ലാകൗൺസിലിനെ പിരിച്ചുവിടണമെന്നു പറയുന്നുണ്ടു്, വളരെ വ്യക്തമായി ഗവണ്മെന്റിന്റെ നിർദ്ദേശം ലംഘിക്കപ്പെടുന്ന അവസരത്തിൽ മാത്രമേ ജില്ലാകൗൺസിലിനെ പിരിച്ചുവിടാവൂ. അതുകൊണ്ടു് ഈ കാര്യം ഒന്നുകൂടി പരിശോധനയ്ക്കു് വിഷയമാക്കണമെന്നു മാത്രമേ എനിക്കു് അതേ സംബന്ധിച്ചു് പറയാനുള്ളൂ. തിരഞ്ഞെടുക്കപ്പെടുന്ന ഒരു സ്ഥാപനത്തെ ഡിസ്മിസ് ചെയ്യുന്നതിനു് തക്കതായ കാരണം ഉണ്ടായിരിക്കണമെന്നു നിഷ്കർഷിക്കുന്ന എന്തെങ്കിലും വകുപ്പു് ഇതിൽ ഉണ്ടായിരിക്കണം. ഇതിൽ കൂടുതലൊന്നും പറയാൻ ഞാനും ഉദ്ദേശിക്കുന്നില്ല. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. കേളു: സർ, ഇത്രയും പ്രധാനപ്പെട്ട ഒരു ബില്ലിനെക്കുറിച്ചു് സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ടു് വരുന്നതിനു മുൻപും പിൻപും വളരെയധികം കാര്യങ്ങളും ചർച്ചചെയ്തു കഴിഞ്ഞതുകൊണ്ടു് കൂടുതൽ എന്തെങ്കിലും കാര്യങ്ങൾ പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ബിൽ അവതരിപ്പിച്ചുകൊണ്ടുള്ള പരേതനായ ബഹുമാനപ്പെട്ട മന്ത്രി കുരിക്കളുടെ പ്രസംഗവും, സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട ഇന്നത്തെ മന്ത്രിയുടെ പ്രസംഗവും കേട്ടപ്പോൾ എനിക്കു വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിച്ചതു കൂടുതൽ ചർച്ചയുടെഫലമായി ഏറ്റവും നല്ലനിലയിലുള്ള ഒരു നിയമനിർമ്മാണമായി ഇതിനെ കൊണ്ടുവരാൻ സാധിക്കുമെന്നാണു്, സെലക്ട് കമ്മിറ്റിറിപ്പോർട്ടിനെക്കുറിച്ചു ഇവിടെ ചർച്ചചെയ്യുമ്പോൾ എനിക്കു് ഓർമ്മവരുന്നതു ഇവിടെ ആദ്യം ചെയ്ത രണ്ടു പ്രസംഗങ്ങളെ സംബന്ധിച്ചാണു്. മഹാത്മാഗാന്ധിയുടെ പഞ്ചായത്തുരാജിനെ സംബന്ധിച്ചു പറഞ്ഞതു്, ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യംകിട്ടുന്നതിനു മുൻപു് പറഞ്ഞതു്, ഇൻഡ്യയുടെ തലസ്ഥാനം ഡൽഹിയിലും കൽക്കട്ടയിലും ബോംബെയിലും മദ്രാസിലുമല്ല വില്ലേജുകളിലേക്കുകൂടി പകർന്നു കൊടുക്കണമെന്നാണു്. യഥാർത്ഥസ്വാതന്ത്ര്യം വില്ലേജുകളിലായിരിക്കണം. ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യം കിട്ടി 22 കൊല്ലമായിട്ടും, അതു നടപ്പിൽവരുത്താൻ ബാദ്ധ്യസ്ഥരായ അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഇതുവരെയായി അതു നടപ്പിൽ വരുത്താത്തതിനെ സംബന്ധിച്ചു് വളരെയധികം ആവേശം കാണിക്കുന്നതു കാണുമ്പോൾ വാസ്തവത്തിൽ സഹതാപം തോന്നുകയാണു്. ഇൻഡ്യയിലെ 12 സംസ്ഥാനങ്ങളിൽ പഞ്ചായത്തുരാജു് നിയമം ഉണ്ടാക്കിയിട്ടുണ്ടു്. പക്ഷേ ഇന്നും ആ നിയമം വെളിച്ചംകാണാത്ത

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളുണ്ട്. ചില സംസ്ഥാനങ്ങളിൽ ജില്ലാതലത്തിൽമാത്രം നടപ്പിൽ വരുത്തുകയും ചില സ്ഥലങ്ങളിൽ ബ്ലോക്ക്‌ലെവലിൽമാത്രം നടപ്പിൽവരുത്തുകയും ചെയ്തിട്ടുണ്ട്. ഇവിടെ അതിൽ നിന്നെല്ലാം വ്യത്യസ്തമായി പൂർണ്ണമായ അധികാരം ജില്ലാകൗൺസിലുകൾക്കും പഞ്ചായത്തുകൾക്കും നൽകികൊണ്ടുള്ള ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. വിദഗ്ദ്ധരായ മെമ്പറന്മാരടങ്ങിയ സെക്രട്ടറിക്കമ്മിറ്റി ഇൻഡ്യയിലെ നാനാഭാഗങ്ങളിലും, പഞ്ചായത്തീരാജ് രൂപം നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനങ്ങളിലും എല്ലാംപോയി കാര്യങ്ങൾ മനസ്സിലാക്കിയശേഷം ചർച്ചചെയ്തു തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ട് അസംബ്ലിയിൽ അവതരിപ്പിച്ചിരിക്കുകയാണ്. സെലക്ട്കമ്മിറ്റിമെമ്പറന്മാർ തന്നെ ഈ റിപ്പോർട്ടിനെതിരായിട്ടുള്ള അഭിപ്രായങ്ങൾ ഇവിടെ പ്രകടിപ്പിച്ചതായി കേട്ടു. അങ്ങനെ വരുമ്പോൾ സെലക്ട്കമ്മിറ്റിയിലില്ലാത്ത മെമ്പറന്മാർ ഈ ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോൾ അതു മൗലികമായ തത്വത്തിനെതിരാകാൻ ഇടയില്ലെന്ന ആക്ഷേപം മനസ്സിലാക്കാൻ സാധിക്കുന്നു. ഞാൻ ഏതായാലും അത്തരം വാദപ്രതിവാദങ്ങളിലേക്ക് പോയി സമയം കളയുന്നതിനു ആഗ്രഹിക്കുന്നില്ല.

എനിക്ക് പ്രത്യേകമായി ഒരുകാര്യം മാത്രമാണ് പറയാനുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെന്നു പറയുമ്പോൾ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കാർപ്പറേഷനുകളുമെല്ലാം അതിൽപെടും. ഈ കാർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും എല്ലാം വേറിട്ടു നിൽക്കണമെന്നു പറയുന്നതു് അവരുടെ സവർണ്ണാവർണ്ണബോധം കൊണ്ടാണെന്ന വാദഗതി ഉണ്ടാകാം. പക്ഷേ ഒരു പരമാർത്ഥം ഈ രാജ്യത്തിൽ നിലനിൽക്കുന്നുണ്ടെന്നുള്ളതു് മനസ്സിലാക്കുമ്പോൾ ആ വാദഗതിക്ക് അർത്ഥം ഉണ്ടെന്നു കാണാൻ സാധിക്കും. മുനിസിപ്പാലിറ്റികളും കാർപ്പറേഷനുകളുമെല്ലാം സ്ഥിതിചെയ്യുന്നതു് പ്രധാനമായി ജില്ലാതാലൂക്കുതലസ്ഥാനങ്ങളിലും അതുപോലുള്ള പ്രധാനപ്പെട്ട പട്ടണങ്ങളിലുമാണ്. ഗ്രാമദേശങ്ങളിലുള്ള പഞ്ചായത്തുകൾ സ്ഥിതിചെയ്യുന്നതു് ഇന്നും രണ്ടു പഞ്ചായത്തുകളെ തമ്മിൽ യോജിപ്പിക്കാൻ സാധിക്കാത്ത ഗതാഗതസൗകര്യമില്ലാത്ത ചെറിയ ചെറിയ ഏരിയാകളിലാണ്. പതിനായിരംരൂപ വരുമാനവും, അയ്യായിരംരൂപ വരുമാനമുള്ള പഞ്ചായത്തുകളുമുണ്ട്. പഞ്ചായത്തുകളെ അഭിവൃദ്ധിപ്പെടുത്തുന്നതു് അത്യാവശ്യമാണ്. മുനിസിപ്പാലിറ്റികൾക്കു് ഇന്നു വളരെയധികം മൂലധനവും നിവ്വഹിക്കാനുണ്ട്. പ്രത്യേകിച്ചു്, ശുചീകരണം, ഗതാഗതസൗകര്യം, വെള്ളം, വെളിച്ചം തുടങ്ങിയ സൗകര്യം, ഉദ്യോഗസ്ഥന്മാരുടെ താമസസൗകര്യം ഇത്തരം കാര്യങ്ങളിൽ വളരെയധികം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ മുനിസിപ്പാലിറ്റികൾക്കും കാർപ്പറേഷനുകൾക്കും വളരെയേറെ മൂലധനവും നിവ്വഹിക്കേണ്ടതായി വരുന്നുണ്ട്.

മി. സ്പീക്കർ: ആർഡർ, ആർഡർ. ഇനി പ്രസംഗം നാളെ തുടരാം.

We will now adjourn and meet again tomorrow at 8 a. m.

The Assembly adjourned at 1 p. m. to meet again at 8 a. m. on Friday. the 8th August, 1969.

LIBRARY ARCHIVES Kerala Legislative Assembly